
10


ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ



LAKKIDI - PERUR GRAMA PANCHAYATH






മണിപോയാലതുമുണ്ടാക്കീടാം.
തുണിപോയാലതുമുണ്ടാക്കീടാം
പ്രാണൻപോയാൽഉണ്ണികളെ-
പുനരുണ്ടാവില്ലെന്നമ്മപറഞ്ഞു.

മക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ഭരണ സമിതി



ശ്രീ. എ. പി. പ്രദീപ്
പ്രസിഡന്റ്



കെ. സി. നാരായണിക്കുട്ടിടീച്ചർ
വൈ. പ്രസിഡന്റ്



പി. രാധാകൃഷ്ണൻ
സ്ഥിരംസമിതി ചെയർമാൻ

മെമ്പർമാർ

പി. യു. റഹിമാൻ ഷരീഫ്

ത്തു

ഡി. രമണി ടീച്ചർ

വി. കെ. എം. മൊയ്തീൻ

ശ്രീ. ഗോപാലകൃഷ്ണൻ സി.

കെ. പി. ബാലകൃഷ്ണൻ

ആർ. നാരായണൻ

ശ്രീമതി രമണൻ

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ:

എം. രേവകികുട്ടി ടീച്ചർ

(ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)

ഐ. മുരളീധരൻ മാസ്റ്റർ

(ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)

ജില്ലാപഞ്ചായത്ത് അംഗം:

കെ. എസ്. വിശാലാക്ഷി ടീച്ചർ

വി. അറുമുഖൻ

(പഞ്ചായത്ത് സെക്രട്ടറി)

ജനകീയാസൂത്രണം ജില്ലാ പരിശീലകർ

1. വി. രാജൻമാസ്റ്റർ
   വൈക്കരപാടം
   കണ്ടവംപാടം
   കടമ്പഴിപ്പുറം

2. മണികണ്ഠൻ ടി.
   മാധവി നിലയം
   പേരൂർ

3. കെ. ഉണ്ണികൃഷ്ണൻ
   കൊടക്കാട്ടിൽ വീട്
   മുളഞ്ഞൂർ

4. ഗോവിന്ദൻകുട്ടിമാസ്റ്റർ
   കോളേരി
   ലക്കിടി

5. ശോഭന പ്രസാദ്
   ഗാന്ധിസേവാ സദനം
   പേരൂർ

6. സായിജ
   പ്രേമാലയം
   മുളഞ്ഞൂർ

1. ആമുഖം

2. പഞ്ചായത്ത് പൊതുവിവരം

3. സാമൂഹിക-സാംസ്ക്കാരിക ചരിത്രം

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

5. സാമൂഹിക-സാമ്പത്തിക മേഖലകളും

5-1 കൃഷിയും ജലസേചനവും

5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

5-3 വ്യവസായം

5-4 വിദ്യാഭ്യാസം

5-5 കുടിവെള്ളവും പൊതുജന ആരോഗ്യവും

5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും

5-8 സംസ്ക്കാരം

5-9 വനിത

5-10 സഹകരണം


5-11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

5-12 വിഭവസമാഹരണം

5-13 ടൂറിസം

6. ഉപസംഹാരം

ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത്



ആമുഖം

ഇന്ത്യയുടെ സ്വാതന്ത്ര്യസുദിനമായ 1947 ആഗസ്റ്റ് 15നു ശേഷം 49 വർഷം കടന്നുപോയി. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രി ആയിരിക്കുമ്പോഴാണ് ആദ്യമായി പ്ലാനിങ്ങ് ബോർഡ് നിലവിൽവന്നത്. 1951 മുതൽ ഇതുപരെ 8 പഞ്ചവത്സര പദ്ധതികൾ പൂർത്തിയാകുന്നു. ഇതിൽ വൻകിട ജലസേചനം, വ്യവസായം മുതലായവക്ക് പുരോഗതി ഉണ്ടായെങ്കിലും, പുരോഗതി എല്ലാ തലങ്ങളിലും പ്രത്യേകിച്ച് ഗ്രാമീണമേഖലയിൽ ഒതിന്റെ വളർച്ച തുലോം പിന്നിലായിരുന്നു.

കേരളത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ആരോഗ്യം, വിദ്യാഭ്യാസം മുതലായ സേവന മേഖലകളിൽ നാം വളരെ മുന്നിലാണ്. എന്നാൽ ഈ മേഖല നിലവാര തകർച്ചയെ അഭിമുഖീകരിക്കുകയാണ്. ഈ മേഖലയിൽ ഇന്ന് കൂടുതൽ മുതൽമുടക്ക് ആവശ്യമുണ്ട്. അതുപോലെ ഉൽപാദന രംഗത്തും മുരടിപ്പാണ്. ഇതിനെ മറികടക്കാനാണ് ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ രൂപീകരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ എന്ന നിലക്ക് കേരള സർക്കാരും, പ്ലാനിങ്ങ് ബോർഡും ചേർന്ന് നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം.

ആസൂത്രണത്തിനും, വികസനത്തിനും തുല്യ പങ്കാളിത്തം ജാതിമതാടി രഹിത രാഷ്ട്രീയ ദിന്നത കാംക്ഷതീതമായി ഉറപ്പുവരുത്താൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന് ഉറപ്പാണ്. ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കയാണ്. ഇത് കേരള വികസന ചരിത്രത്തിന്റെ ഒരു നാഴികക്കല്ലാണ്. അധികാരവും, സമ്പത്തും പദ്ധതി വിഹിതം 40% ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനാധിപത്യം സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതി വിശേഷം വളർന്നുവരുന്നുണ്ട്. അതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ 11 വാർഡിലും സംഘാടക സമിതി നിലവിൽ വന്നിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ വിവിധ സ്ഥലങ്ങളിൽ സെമിനാറുകളും കലാജാഥകളും നടത്തിയിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി എന്തു പ്രവർത്തനവും ഏറ്റെടുക്കുവാൻ സൻമനസ്സുള്ള ഒരു നല്ല കർമ്മസേന രാപ്പകൽ പണിയെടുക്കുവാൻ സന്നദ്ധരായി പഞ്ചായത്തിൽ ഉണ്ട്. അതുകൊണ്ട് ഈ പ്രസ്ഥാനത്തെ വളരെവധികം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന ആത്മവിശ്വാസം ഞങ്ങൾക്കുണ്ട്.

|| ഗ്രാമസഭകളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളും, സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച സ്ഥിതിവിവര കണക്കുകളും, നാട്ടറിവുകളും, കേട്ടറിവുകളും ക്രോഡീകരിച്ച് ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ഞങ്ങളിവിടെ അവതരിപ്പിക്കുന്നു.

ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനരേഖ നാളെയുടെ ചരിത്രത്തിന്റെ ഭാഗമാക്കാനുള്ള ഈ പ്രക്രിയയിൽ ഇന്നുതന്നെ പങ്കുചേരാനുള്ള പ്രതിജ്ഞ ദൃഢനിശ്ചയത്തോടെ നമുക്ക് ഉരുക്കൊള്ളാം.

2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേരു്	:	ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തു്
ഉൾപ്പെടുന്ന വില്ലേജുകൾ	:	ലക്കിടി-പേരൂർ I ലക്കിടി-പേരൂർ-II
ബ്ലോക്കു് പഞ്ചായത്തു്	:	ഒറ്റപ്പാലം
താലൂക്കു്	:	ഒറ്റപ്പാലം
അസംബ്ലിമണ്ഡലം	:	ഒറ്റപ്പാലം
വിസ്തീർണ്ണം	:	30.379 ചതുരശ്ര കി. മീ
അതിരുകൾ	:	
വടക്കു്	:	അമ്പലപ്പാറ പഞ്ചായത്തും, മണ്ണൂർ പഞ്ചായത്തും
തെക്കു്	:	ഭാരതപ്പുഴ
കിഴക്കു്	:	മങ്കര പഞ്ചായത്തും മണ്ണൂർ പഞ്ചായത്തും
പടിഞ്ഞാറു്	:	ഒറ്റപ്പാലം മുനിസിപ്പാലിറ്റിയും, അമ്പലപ്പാറ പഞ്ചായത്തും
ജനസംഖ്യ	:	26571
പുരുഷൻ	:	12580
സ്ത്രീകൾ	:	13991
ജനസാന്ദ്രത	:	863/1 ച. കി. മീ.
അക്ഷരാഭ്യാസമുള്ളവർ	:	19884
പുരുഷൻമാർ	:	9793
സ്ത്രീകൾ	:	10091
വാർഡുകൾ	:	11
പ്രസിഡണ്ടിന്റെ പേരു്	:	അഡ്വ: എ. പി. പ്രതീപ്
വൈസ് പ്രസിഡണ്ടിന്റെ പേരു്	:	കെ. സി. നാരായണികുട്ടി ടീച്ചർ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	:	പി. രാധാകൃഷ്ണൻ

ചരിത്രം 3

ഗ്രാമശ്രീയുടെ പച്ച പട്ടിനു് കസവിട്ടു് ഒഴുകുന്ന ഭാരത രാജ്യത്തിന്റെ പേരു് ഉരുക്കൊള്ളുന്ന തീരം. ആയിരങ്ങളുടെ ആത്മബലികൊണ്ടു് ജനങ്ങളം ഒത്തുകൂടുന്ന ഭാരതഖണ്ഡം. തുള്ളൽ പ്രസ്ഥാനത്തിന്റെ ജനയിതാവിനു് ജന്മം കൊടുത്ത കിള്ളിക്കുറുശ്ശി മംഗലം ഭാരതത്തിനുപുറത്തും ചാക്യാർകൂത്തിന്റെയും കൂടിയാട്ടത്തിന്റെയും പെരുമ എത്തിച്ച ശ്രീ. മാണിമാധവചാക്യാർ ജീവിച്ചതുടു്. മഹാകവി പി. കുഞ്ഞിരാമൻനായരുടെ കാലടിപ്പാടുകളം പതിഞ്ഞ സ്ഥലം. കേളികേട്ട ചിനക്കത്തൂർ പൂരത്തിന്റെ ആകർഷകങ്ങളിലൊന്നായ ആദ്യകാല രാജാക്കന്മാരുടെ പേരിൽ കെട്ടി എഴുന്നെള്ളിക്കുന്ന കുതിരകളുടെ പ്രദേശം. ഈ പൂരോത്സവത്തിന്റെ പ്രധാന തന്ത്രിയുടെ തറവാടും മറ്റു് പ്രധാന ചടങ്ങുകളുടെ കർമ്മിയുടെ മുല്ലക്കൽ തറവാടും ഈ ഗ്രാമത്തിലാണു്. ദ്രാവിഡ ഭരണത്തിന്റെ അടിസ്ഥാനഘടകമായിരുന്ന ഊരുകൂടം. തമിഴ്നാടിനോടു് അടുത്തു കിടക്കുന്ന പ്രദേശമായതുകൊണ്ടായിരിക്കാം ഈ ഗ്രാമത്തിന്റെ പല പ്രദേശങ്ങളും ഊരുകളായി മാറിയതു്. അകലൂർ, മുളഞ്ഞൂർ, പേരൂർ, പുത്തൂർ തുടങ്ങിയവ വിദേശഭരണത്തിനെതിരെ പടപൊരുതിയ ഹൈദ്രോലി, ടിപ്പുസുൽത്താൻ തുടങ്ങിയവർ പടയോട്ടം നടത്തിയ പ്രദേശം. ലക്കിടിയെന്ന സ്ഥലനാമത്തിന്റെ പിറവി ടിപ്പുവിന്റെ പടയോട്ടവുമായി ബന്ധവുമുണ്ടു്. ടിപ്പുവിന്റെ വൻസൈന്യത്തിനു് വേണ്ട വിറകു് ശേഖരിച്ചതു് ലക്കിടി ഭാഗത്തുന്നിന്നാണു്. ലകുടി എന്ന പദത്തിനു് വിറകു് എന്നാണു് അർത്ഥം. ലകുടി ശേഖരിച്ച സ്ഥലം പിന്നീടു് ലക്കിടി ആയി മാറി. ഇന്നും ഈ പ്രദേശത്തു് മരവ്യവസായങ്ങളും മരപ്പേട്ടകളും ധാരാളം ഉണ്ടു്. ലക്കിടി റെയിൽവെ സ്റ്റേഷൻ വന്നതുതന്നെ വിറകു് ശേഖരിച്ചുകൊണ്ടുപോകാനാണു്. ടിപ്പുസുൽത്താന്റെ വിശ്രമ താവളമായിരുന്ന ബംഗ്ലാകുന്നു് ഇവിടെ ചരിത്ര സ്മാരകമായി ഈ പ്രദേശത്തു് നിലനില്ക്കുന്നു. ഈ പ്രദേശം കാടായിരുന്നുവെന്നതിന്റെ തെളിവായി ഇവിടങ്ങളിൽ അത്തിക്കാടു്, കോട്ടക്കാടു്, പണ്ടാരക്കാടു് പറങ്കിക്കാടു് എന്നീ സ്ഥലനാമങ്ങളിൽ അറിയപ്പെടുന്നു.

മംഗലം-മുരിക്കുംപുറം റോഡു് ടിപ്പുസുൽത്താൻ റോഡു് എന്നറിയപ്പെടുവാനുള്ള കാരണംതന്നെ ടിപ്പുസുൽത്താൻ ഈ പ്രദേശത്തുകൂടി പടയോട്ടം നടത്തിയതുകൊണ്ടാണു്. രണ്ടാംലോകമഹായുദ്ധ കാലത്തു് ഈ പ്രദേശത്തു് പട്ടാളകേന്ദ്രങ്ങളം ഉണ്ടായിരുന്നു. മങ്കര മുതൽ പാലപ്പുറംവരെയുള്ള കേന്ദ്രങ്ങളിൽ വെള്ളമെത്തിക്കുന്നതിനുവേണ്ടി ഭാരതപുഴയിൽ ഭൂതത്താൻകെട്ടു് എന്ന പേരിൽ ഒരു വലിയ തടയണ കെട്ടിയിട്ടുണ്ടു്. പൈപ്പ്ലൈൻ തടയണകെട്ടുകളം എന്നിവ ഇന്നും സ്മാരകങ്ങളായി നിലനിൽക്കുന്നു

ലക്കിടി-പേരൂർ പഞ്ചായത്തു് പണ്ടു് രണ്ടു് ഭരണവ്യവസ്ഥയിലായിരുന്നു. തെക്കുംമംഗലം കൊച്ചിശ്രീമയിലും മറ്റു ഭാഗങ്ങളം വള്ളുവകോനാതിരിയുടെ അധികാരത്തിലും. തെക്കുംമംഗലത്തെ നായർ സമുദായത്തിന്റെ പല ആചാരങ്ങളിലും കൊച്ചിയുടെ മുഖച്ഛായ കാണാം കൂടാതെ മറ്റു് പല ആചാരാനുഷ്ഠാനങ്ങളിലും അതു് പ്രകടമായി കാണാം. കൊച്ചിശ്രീമയിൽ 16 ദിവസവും മലബാറിൽ 15 ദിവസവുമാണു് പുലകുളി. തെക്കുംമംഗലവും വടക്കുംമംഗലവും ഈ വ്യത്യസ്ത രീതിയാണു് തുടർന്നു വരുന്നതു്. സദ്യക്കു് എരിശ്ശേരിക്കു് കറുപ്പു നിറമുള്ളതുതന്നെ ഒരു പ്രത്യേകത ഉണ്ടു്. എല്ലാവരും ചതുരത്തിൽ നുറുക്കുമ്പോൾ കൊച്ചിശ്ശീമയിൽ കായ ചെരിച്ചു് നുറുക്കുന്നു. കേരളത്തിൽ പൊതുവായമാർക്കു് വാദ്യത്തിനുമാത്രമെ അവകാശമുള്ള (പാണികൊട്ടൽ) എന്നാൽ കിള്ളിക്കുറുശ്ശി മംഗലത്തുള്ള കോപ്പാട്ട പൊതുവായമാക്കു് മാലകെട്ടാനും അവകാശം ഉണ്ടു് മറ്റു് പൊതുവായമാർക്കു് മാലകെട്ടാനുള്ള അവകാശമില്ല. നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളം ഈ പ്രദേശത്തു് നടന്നിട്ടുണ്ടു് സാമൂഹികമാറ്റത്തിനു് ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങളും ഹരിജൻ നവോത്ഥാന പ്രസ്ഥാനങ്ങളും പഞ്ചായത്തിന്റെ വിവിധ പ്രദേശത്തു് പ്രവർത്തിച്ചിരുന്നു. ഇശ്വരൻമാസ്റ്റർ, മുളഞ്ഞൂർ ചാമി തുടങ്ങിയവരായിരുന്നു ഹരിജൻ നവോത്ഥാന പ്രസ്ഥാനത്തിന്റെ ആദ്യകാല നേതക്കാം. വിദ്യാഭ്യാസപരമാ

യി വളരെ പിന്നണിയിലായിരുന്ന നമ്പൂതിരി സ്ത്രീകൾക്ക് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകാനായി മംഗലത്തു് മനയ്ക്കൽ വച്ച് പാർവ്വതി നെന്മിനി മംഗലം സ്മാരകതൊഴിൽ പരിശീലനകേന്ദ്രം തുടങ്ങി നമ്പൂതിരി യോഗക്ഷേമ സഭയാണ്. ഇതിനു് നേതൃത്വം കൊടുത്തതു്. എസ്, എൻ. ഡി. പി. യുടെ നേതൃത്വത്തിൽ ഈ പഞ്ചായത്തിൽ ക്ഷേത്രപ്രവേശനസമരം നടക്കുകയുണ്ടായി.

സ്വതന്ത്ര സമര പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇവിടെയും പ്രവർത്തനം സജീവമായിരുന്നു. ശ്രീ സദനം കുമാരൻനായർ, ശ്രീ പി. എം. കുമാരൻനായർ, ശ്രീ. എൽ. കെ. ശേഷു അയ്യർ ശ്രീ. ചോറൂർ ശേഖരൻ നായർ തുടങ്ങിയവരായിരുന്നു നേതൃത്വനിരയിൽ ഉണ്ടായിരുന്നതു്. ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടിയുള്ള ബോധം ജനമനസ്സുകളിലേക്ക് വേരു് ഊന്നിതുടങ്ങുകയും ഇന്ത്യയിൽ ആകമാനം സ്വാതന്ത്ര്യസമരം ശക്തമാവുകയും ചെയ്തു. ഇതിനെ തുടർന്നു് ഇന്ത്യ സ്വതന്ത്രയായി. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി കോൺഗ്രസ്സു് സംഘടന ഈ പഞ്ചായത്തിൽ 1932ൽ രൂപം കൊണ്ടു. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തോടനുബന്ധിച്ചു് പേരൂർ നൂൽനൂൽപു കേന്ദ്രം, വള്ളുവനാടു് ഡവലപ്പ്മെന്റ് ബോർഡിന്റെ സബ്ബു് സെന്റർ ശാന്തിനിലയം എന്ന പേരിൽ ഈ പഞ്ചായത്തിൽ തുടങ്ങി ഇന്നും അവനിലനിൽക്കുന്നു. സ്വാതന്ത്ര്യ സമ്പാദത്തിനു ശേഷം കമ്മ്യൂണിസ്റ്റു് പാർട്ടി, മുസ്ലിം ലീഗു്, സോഷ്യലിസ്റ്റു് പാർട്ടി തുടങ്ങിയ സംഘടനകളും സജീവ പ്രവർത്തനം ആരംഭിച്ചു. ആദ്യം നടന്ന ലോകസഭാ തിരഞ്ഞെടുപ്പിൽ ഈ പ്രദേശത്തുകാരനായ ശ്രീ. പി. കുഞ്ഞൻ തിരഞ്ഞെടുക്കപ്പെട്ട എന്നതു് അഭിമാനകരമാണു്. പിന്നീടു് ഈ പ്രദേശം സംഭാവന ചെയ്ത എം. പി. മാരാണു്. ശ്രീ. എസ്. ശിവരാമനും ഇപ്പോഴത്തെ ഒറ്റപ്പാലം എം. പി. ശ്രീ. എസ്. അജയകുമാറും.

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണു്. ഈ പഞ്ചായത്തിൽ ബഹുജന പ്രസ്ഥാനങ്ങളുടെ പ്രവർത്തനം തുടങ്ങിയതു്. തുടർന്നു് ബീഡിതൊഴിലാളി യൂണിയനുകളും ഉണ്ടായി. ശ്രീ. മെയ്തീൻ സാഹിബ്ബു്, പി. കെ. അബ്ബുഖാദർ, (അമ്മാണിക്ക) യു. മൊയ്തു എന്നിവരായിരുന്നു ഇതിനു നേതൃത്വം നൽകിയിരുന്നതു്. ജന്മിത്വത്തിനെതിരായി കർഷകർ സംഘടിക്കുകയും വിവിധ ഭാഗങ്ങളിൽ കർഷക സംഘത്തിന്റെ യൂണിറ്റുകൾ രൂപീകരിക്കുകയും ചെയ്തു. അകലൂർ, പുക്കാട്ടുകുന്നു്, നെല്ലിക്കുശ്ശി, മുളഞ്ഞൂർ, ലെക്കിടി എന്നീ ഭാഗങ്ങളിൽ കേന്ദ്രീകരിച്ചായിരുന്നു കർഷകസംഘം പ്രവർത്തിച്ചിരുന്നതു്. സാമൂഹ്യമാറ്റത്തിനു് കർഷക പ്രസ്ഥാനം സജീവവും നേതൃത്വപരവുമായ പങ്കു് വഹിച്ചു. മംഗലം കുട്ടൻനായർ, അകലൂർ പ്രഭാകരൻനായർ, എടത്തൊടിയിൽ ചെല്ലൻ, നന്നംകോട്ടിൽ കുമാരൻ എന്നിവർ നേതൃത്വനിരയിൽ ഉണ്ടായിരുന്നു. 1957ൽ നിലവിൽ വന്ന ആദ്യ കേരള മന്ത്രിസഭയാണു് ഒഴിപ്പിക്കൽ നിർത്തലാക്കൽ ഓർഡിനൻസു് കൊണ്ടുവന്നതു് അതു് കർഷകർക്കു് വളരെ ആശ്വാസം പകർന്ന ഒരു നടപടിയായിരുന്നു. തുടർന്നു് തുടങ്ങിയ നിയമനിർമ്മാണം 1970 ഓടുകൂടി എല്ലാകർഷകരെയും ഭൂമിയുടെ അവകാശികളാക്കി മാറ്റി ഇതിന്റെ ഫലമായി പഞ്ചായത്തിലെ കർഷകർ ജന്മിത്വത്തിൽ നിന്നു് മോചിതരാവുകയും. പഞ്ചായത്തിന്റെ കാർഷിക രംഗം മെച്ചപ്പെടുകയും ചെയ്തു കൃഷികാരുടെ സമരങ്ങളോടു് ഒപ്പം നിന്നിരുന്ന ദുർബല വിഭാഗത്തിൽപ്പെട്ട കർഷക തൊഴിലാളികളുടെ ജീവിത നിലവാരം വളരെ ശോചനീയമായിരുന്നു ഭൂമി സ്വന്തമായി കിട്ടിയ കൃഷിക്കാരിൽ നിന്നും കർഷക തൊഴിലാളിക്കു് യാതൊരു ആശ്വാസവും ലഭിച്ചില്ല. തുടർന്നു് കൂലി വർദ്ധനവിനും സാമൂഹ്യ നീതിക്കും വേണ്ടി കർഷക തൊഴിലാളികളും സംഘടിച്ചു തുടങ്ങി കർഷകരും കർഷക തൊഴിലാളികളും തമ്മിലുള്ള ബന്ധത്തിനു് ഉലച്ചിൽ സംഭവിച്ചു. വിവിധ പ്രദേശങ്ങളിൽ കർഷക

തൊഴിലാളി യൂണിയന്റെ ആഭിമുഖ്യത്തിൽ സമരം പൊട്ടിപ്പുറപ്പെട്ട നെല്ലികുഴി, പൂക്കാട്ടുകുന്ന്, തെക്കേം ചോറോട്, അതുക്കാട് എന്നീ പ്രദേശങ്ങളിലാണ് ഈ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചത്. മുളഞ്ഞൂർ എം രാമചന്ദ്രൻ എൻ. സി. വേലായുധൻ കൊടക്കാട്ടിൽ ഗോപാലൻ, പി. എസ്. ഗോപി, ഏന്തിൻകുട്ടി പി. കെ, എ. പി. വീരൻ എന്നിവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നത്. ഇതിൽ പൂക്കാട്ടുകുന്ന് സമരം, ലക്കിടിസമരം എന്നിവ പ്രധാനപ്പെട്ടതാണ്. സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് രൂപംകൊണ്ട അദ്ധ്യാപക പ്രസ്ഥാനം ഗ്രന്ഥശാലാപ്രസ്ഥാനം എന്നിവ ഈ പ്രദേശത്തും ഉണ്ടായിരുന്നു. പേരൂർ പി. രാജഗോപാൽ, മാധവൻ മാസ്റ്റർ, രാജൻമാസ്റ്റർ പി. ശിവദാസ് എന്നിവരായിരുന്നു ഇതിനു നേതൃത്വം കൊടുത്തിരുന്നത്. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ഭാഗമായി 5 ഗ്രന്ഥശാലകളും നിലവിൽ വരുകയുണ്ടായി.

പഞ്ചായത്ത്

1964ൽ ലക്കിടി-പേരൂർ പഞ്ചായത്ത് രൂപം കൊണ്ടു. അതിനുമുമ്പ് ഇതു രണ്ട് പഞ്ചായത്തുകളിൽ ആയി കിടന്നിരുന്ന പ്രദേശമായിരുന്നു. 1937-ൽ പേരൂർ പഞ്ചായത്തു് രൂപംകൊണ്ട ആദ്യ പഞ്ചായത്തു് പ്രസിഡൻറ് മുളഞ്ഞൂർ മുത്താട്ടനായർ വീട്ടിൽ കണ്ണനുണ്ണി നായരായിരുന്നു. ഇദ്ദേഹം സ്ഥാപിച്ച വിദ്യാലയമാണ് പേരൂർ എസ്. ബി. സ്കൂൾ അകലൂർ, പഴയലക്കിടി പത്തിരിപ്പാല, പൂക്കാട്ടുകുന്ന്, അതുക്കാട് എന്നീ ഭാഗങ്ങൾ കൂടിയതായിരുന്ന ഈ പഞ്ചായത്ത് 1957ൽ ലക്കിടി പഞ്ചായത്ത് രൂപം കൊണ്ടു. മാണിക്കത്ത് കൊച്ചുപ്പ മേനോനായിരുന്ന ആദ്യ പ്രസിഡൻറ് പുത്തൂർ, തെക്കുംമംഗലം, വടക്കുംമംഗലം എന്നീ പ്രദേശങ്ങൾ ഉൾകൊണ്ടതാണ് ഈ പഞ്ചായത്തു്. 1937ൽ രൂപം കൊണ്ട പേരൂർ പഞ്ചായത്തും 1957ൽ രൂപം കൊണ്ട ലക്കിടി പഞ്ചായത്തും സംയോജിച്ചുകൊണ്ട 1964ൽ പേരിൽ പോലും മതമൈത്രിയുടെ സന്ദേശമുൾക്കൊള്ളുന്ന ലക്കിടി-പേരൂർ (ലക്കിടി എന്നാൽ ടിപ്പുസുൽത്താനോടബന്ധപ്പെട്ടും, പേരൂർ പേരിയവന്റെ ഊരും) പഞ്ചായത്തു് രൂപംകൊണ്ടു 7 വാർഡുകളും ആയിരുന്നു അന്ന് ഉണ്ടായിരുന്നതു്. 3 മെമ്പർമാർ ഉണ്ടായിരുന്ന കൂടാതെ ശ്രീമതി എം. കെ. സരോജിനിയെ വനിതാ മെമ്പറായി നോമിനേറ്റ് ചെയ്യുകയും ഉണ്ടായിട്ടുണ്ടു്. മുളഞ്ഞൂർ അന്നു് ദ്വയാംഗമണ്ഡലമായിരുന്നു. ശ്രീ. കെ. കുമാരൻ ആയിരുന്നു ആദ്യത്തെ പഞ്ചായത്തു് പ്രസിഡൻറ് കിള്ളികുറുശ്ശി മംഗലത്തായിരുന്ന ആദ്യപഞ്ചായത്തു് ബോഡ് കൂടിയിരുന്നതു്. പഞ്ചായത്തു് മെമ്പറായിരുന്ന ശ്രീ. എൻ. കെ. ശേഷുഅയ്യർ സംഭാവന നൽകിയ സ്ഥലത്താണ് പിന്നീടു് പഞ്ചായത്തിനു് സ്വന്തം കെട്ടിടം ഉണ്ടായതു്. ശ്രീ കുമാരനു് ശേഷം ശ്രീ. പി. കെ, മൊയ്തീൻ സാഹിബു് പ്രസിഡൻറായി. 1979ൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നു. വാർഡുകളുടെ എണ്ണം 9 ആയിമാറി തുടർന്നു് ശ്രീ. പി. കെ. ഏന്തിൻകുട്ടി പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിനുശേഷം ശ്രീ. പ്രകാശ് പ്രസിഡൻറായി 1988ൽ നടന്ന പഞ്ചായത്തു് തിരഞ്ഞെടുപ്പിൽ ഐ. മുരളീധരൻ മാസ്റ്റർ പഞ്ചായത്തു് പ്രസിഡൻറായി. തുടർന്നു് 1995ൽ പഞ്ചായത്ത് രാജ് നിയമ പ്രകാരമുള്ള പഞ്ചായത്തു് തിരഞ്ഞെടുപ്പ് നടന്നു, ശ്രീ. എ. പി. പ്രദീപ് പ്രസിഡൻറായുള്ള ഭരണസമിതിയാണ് ഇപ്പോൾ നിലവിൽ ഉള്ളതു്.

പേരൂർ പഞ്ചായത്ത് 1937-ലെ ഭരണ സമിതി അംഗങ്ങൾ

1.	ശ്രീ. കണ്ണനുണ്ണിമൂപ്പിൽ നായർ	:	പ്രസിഡൻറ്
2.	,, ഗോപാലൻ നമ്പ്യാർ	;	വൈസ് പ്രസിഡൻറ്
3.	,, ശങ്കരൻ	;	മെമ്പർ
4.	,, ചക്രപാണി എന്ന കുഞ്ഞുണ്ണി യജമാൻ	;	,,
5.	,, കരുണാകരൻ നായർ	:	,,
6.	,, നാണു ഇളയത്	:	,,
7.	,, മക്കസാഹിബ്ബ്	:	,,
8.	,, കാളപ്പത്തു് നാണുനായർ	:	,,

ലക്കിടി പഞ്ചായത്ത്—1957 ലെ ഭരണസമിതി അംഗങ്ങൾ

1.	കൊച്ചുപ്പമേനോൻ	—	പ്രസിഡൻറ്
2.	വി. സെയ്തുമുഹമ്മദ്	—	വൈസ് പ്രസിഡൻറ്
3.	ശേഷുഅയ്യർ	—	മെമ്പർ
4.	പി. കെ. കുഞ്ഞാലി	—	,,
5.	ശങ്കുണ്ണി (സംവരണം)	—	,,
6.	ടി. കെ. ഗോവിന്ദനെഴുത്തശ്ശൻ	—	,,

ലക്കിടി-പേരൂർ പഞ്ചായത്ത്
1964 ലെ ഭരണ സമിതി അംഗങ്ങൾ

1.	ശ്രീ. കെ. കുമാരൻ	;	പ്രസിഡൻറ്
2.	,, ബാവ ഹാജി	:	
3.	,, പി. കെ. കഞ്ഞാലിസാഹിബ്ബ്	:	
4.	,, പി. കെ. മൊയ്തീൻ സാഹിബ്ബ്	:	
5.	,, സെയ്തുമുഹമ്മദ്	:	
6.	,, ശേഷു അയ്യർ	:	
7.	,, ബാലകൃഷ്ണമേനോൻ	:	
8.	,, എം. രാമചന്ദ്രൻ (സംവരണം)	:	
9.	ശ്രീമതി എം. കെ. സരോജിനി (നോമിനേറ്റഡ്)		

ശ്രീ. കെ. കുമാരൻ പ്രസിഡൻറ് സ്ഥാനം രാജിവെച്ചതിനെ തുടർന്ന് ശ്രീ. പി. കെ. മൊയ്തീൻ സാഹിബ്ബ് പ്രസിഡൻറും, ശ്രീ. ശേഷു അയ്യർ വൈസ് പ്രസിഡൻറായും തിരഞ്ഞെടുക്കപ്പെട്ടു.

ലക്കിടി-പേരൂർ പഞ്ചായത്ത്
1979ലെ ഭരണസമിതി അംഗങ്ങൾ

1.	ശ്രീ. പി. കെ. ഏന്തീൻകുട്ടി	:	പ്രസിഡൻറ്
2.	,, വാസുദേവൻനായർ കെ.	:	വൈസ് പ്രസിഡൻറ്
3.	,, ആറുമുഖൻ എൻ.	:	മെമ്പർ
4.	ശ്രീമതി പത്മാവതി അമ്മ യു.	:	,,
5.	ശ്രീ. ഗോവിന്ദൻകുട്ടി എൻ.	:	,,
6.	,, കെ. ശ്രീ പ്രകാശ്	:	,,
7.	,, പി. ശിവദാസൻ മാസ്റ്റർ	:	,,
8.	,, കെ. വിശ്വനാഥൻ	:	,,
9.	,, പി. യു. റഹ്മാൻ ഷരീഫ്	:	,,

ശ്രീ. പി. കെ. ഏന്തീൻകുട്ടി (പ്രസിഡൻറ്) യുടെ മരണത്തെ തുടർന്ന്, ശ്രീ. കെ. ശ്രീ പ്രകാശ് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു.

ലക്കിടി-പേരൂർ പഞ്ചായത്ത്—1988 ഫിബ്രവരി മുതൽ 1995 ഒക്ടോബർ വരെയുള്ള ഭരണസമിതി അംഗങ്ങൾ

1.	ശ്രീ. ഐ. മുരളീധരൻ	—	പ്രസിഡൻറ്
2.	,, കെ. ഉമ്മർ	—	വൈസ് പ്രസിഡൻറ്
3.	,, പി. യു. റഹ്മാൻ ഷരീഫ്	—	മെമ്പർ
4.	,, പി. എസ്. ഗോപി	—	,,
5.	ശ്രീമതി യു വി. പങ്കജകുമാരി	—	,,
6.	ശ്രീ. കെ. വിശ്വനാഥൻ	—	,,
7.	,, എം. ടി. അപ്പു	—	,,
8.	ശ്രീമതി എം. വിജയലക്ഷ്മിടീച്ചർ	—	,,
9.	ശ്രീ. ശിവദാസൻ മാസ്റ്റർ	—	,,
10.	,, പി. കൃഷ്ണൻകുട്ടി	—	,,

ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് 1995 ഒക്ടോബർ മുതലുള്ള ഭരണസമിതി അംഗങ്ങൾ

1.	അഡ്വക്കേറ്റ് എ. പി. പ്രദീപ്	:	പ്രസിഡൻറ്
2.	ശ്രീമതി കെ. സി. നാരായണിക്കുട്ടി	:	വൈസ് പ്രസിഡൻറ്
3.	ശ്രീ. പി. രാധാകൃഷ്ണൻ	:	സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ
4.	പി. യു. റഹ്മാൻ ഷരീഫ്	:	മെമ്പർ
5.	ശ്രീമതി തത്ത	:	,,
6.	,, ഡി. രമണി	:	,,
7.	ശ്രീ. വി. കെ. എം. മൊയ്തീൻ	:	,,
8.	,, സി. ഗോപാലകൃഷ്ണൻ	:	,,
9.	,, കെ. പി. ബാലകൃഷ്ണൻ	:	,,
10.	,, ആർ. നാരായണൻ	:	,,
11.	ശ്രീമതി റുഖിയ	:	,,

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി 4

ഭൂപ്രകൃതി

ലക്കിടി പേരൂർ പഞ്ചായത്ത് കിഴക്കേ പടിഞ്ഞാറായി സ്ഥിതിചെയ്യുന്നു. ഇത് വടക്കുനിന്ന് തെക്കോട്ടേയ്ക്ക് ചരിഞ്ഞുകിടക്കുന്നു. ഇതിന്റെ അതിരുകൾ കിഴക്ക് മങ്കരയും, പടിഞ്ഞാറ് ഒറ്റപ്പാലം മുനിസിപ്പാലിറ്റിയും, അമ്പലപ്പാറ പഞ്ചായത്തും, വടക്ക് അമ്പലപ്പാറ പഞ്ചായത്തും, മണ്ണൂർ പഞ്ചായത്തും, തെക്ക് ഭാരതപുഴയും ആണ്. ഭൂപ്രകൃതി അനുസരിച്ച് ലക്കിടി പേരൂർ പഞ്ചായത്തിനെ 4 ആയിതിരിക്കാം. ഉയർന്നപ്രദേശം, കുന്നിൻ ചരിവ്, സമതലപ്രദേശം, താഴ്ന്ന പ്രദേശം എന്നിങ്ങനെയാണ്. കേരളത്തെ 13 കാർഷിക മേഖലകളാക്കി തിരിച്ചതിൽ ലക്കിടി–പേരൂർ പഞ്ചായത്ത് മദ്ധ്യസമതലത്തിൽ ഉൾപ്പെടുന്നു.

ലക്കിടി–പേരൂർ പഞ്ചായത്തിന്റെ മിക്കവാറും എല്ലാഭാഗവും ലാറ്ററേറ്റ് മണ്ണ് ആണ്. ഇവിടത്തെ പ്രധാനപ്പെട്ട വിളകൾ നെല്ല്, തെങ്ങ്, വാഴ, ഇഞ്ചി, റബ്ബർ, മരച്ചീനി എന്നിവയാണ്. ചില സ്ഥലങ്ങളിൽ ചേന, ചേമ്പ്, മധുരക്കിഴങ്ങ്, കാച്ചിൽ(കാവത്ത്) എന്നിവയും ചെറിയതോതിൽ കൃഷിചെയ്യുന്നുണ്ട്.

ജനപ്രകൃതി

1991–ൽ സെൻസസ് കണക്കുപ്രകാരം ലക്കിടി പേരൂർ പഞ്ചായത്തിലെ ജനസംഖ്യ 26.571 ആണ് ഇതിൽ 12.580 പുരുഷന്മാരും, 13.991 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 1.411 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 4766 ആണ്. ശരാശരി വീട് ഒന്നിന് 5.58 ആളുകൾ വീതമുണ്ട്. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 3917 ആണ്. ഇതിൽ 1949 ആൺകുട്ടികളും 1968 പെൺകുട്ടികളുമാണ്. പട്ടികജാതി ജനസംഖ്യ 3768ആണ് ഇതിൽ പുരുഷന്മാർ 1949ഉം സ്ത്രീകൾ 1725ഉം ആണ്. പട്ടികവർഗ്ഗ ജനസംഖ്യ 28 ആണ്. ഇതിൽ 13 പുരുഷന്മാരും, 15 സ്ത്രീകളുമാണ്. സാക്ഷരത പ്രസ്ഥാനത്തിന്റെ പ്രവർത്തന ഫലമായി 75% പേരെ സാക്ഷരരാക്കാൻ കഴിഞ്ഞു. വിദ്യാഭ്യാസരംഗത്ത് ഒറ്റപ്പാലം ബ്ലോക്കിൽ മുന്നോക്കം നില്ക്കുന്ന ഒരു പഞ്ചായത്താണ് ലക്കിടി–പേരൂർ പ്രാഥമിക വിദ്യാലയങ്ങൾ ആവശ്യത്തിനുണ്ടെങ്കിലും ഹൈസ്കൂൾ വിഭാഗത്തിൽ ഒരു വിദ്യാലയം മാത്രമേ ഈ പഞ്ചായത്തിൽ ഉള്ളൂ എങ്കിലും വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെട്ടതാണെന്ന് പറയാനേ നിർവ്വാഹമുള്ളൂ.

കാലാവസ്ഥ

മിക്കവാറും എല്ലാതരം കാലാവസ്ഥയും ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഇവിടെ മഴകൂടുതലായി ലഭിക്കുന്നത്. തെക്കുപടിഞ്ഞാറൻ കാലവർഷവും, തുലാവർഷവും ഇവിടെ അനുഭവപ്പെടുന്നുണ്ട്. എങ്കിലും കൂടുതൽ മഴ ലഭിക്കുന്നത് തെക്കുപടിഞ്ഞാറൻ കാലവർഷത്തിലാണ്. മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിൽ അനിഭേദകരമായ ചൂട് അനുഭവപ്പെടുന്നു. ഡിസംബർ, ജനുവരി എന്നീ മാസങ്ങളിൽ മിതമായ തോതിൽ തണുപ്പ് അനുഭവപ്പെടുന്നു. വർഷകാലങ്ങൾക്കിടയ്ക്ക് ഇടമഴകൾ സാമാന്യം നല്ല നിലയിൽ കിട്ടാറുണ്ട്. വർഷത്തെ ശരാശരി മഴ 1709 മില്ലിമീറ്റർ ആണ്.

ജലപ്രകൃതി

1709 മില്ലീമീറ്റർ മഴ ലഭിക്കുന്നുണ്ട്-എങ്കിലും ജലലഭ്യതയുടെ കാര്യത്തിൽ പഞ്ചായത്ത് പുറകിലാണ്. തെക്കേ അതിർത്തി ഭാരതപുഴയാണെങ്കിലും ജലവിനിയോഗ ഉപാധികൾ മോശമായതുകാരണം വേനൽകാലങ്ങളിൽ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. പഞ്ചായത്തിൽ പലതരം ജലസ്രോതസ്സുകളും ഉണ്ടെങ്കിലും അവ വേണ്ടവിധം വിനിയോഗിക്ക

ന്നില്ല. 24 കുളങ്ങളും, 10 ചെറിയ തോടുകളും, ഒരു വലിയ തോടും ഈ പഞ്ചായത്തിലുണ്ട്. തോടുകളും ഏകദേശം 25 കി. മീറ്റർ നീളത്തിൽ സ്ഥിതി ചെയ്യുന്നു. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. വേനൽകാലത്തും മഴക്കാലത്തും ഒരുപോലെ ജലക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ്. 11-ാം വാർഡിലെ ഈങ്ങോറ കുടാതെ 11 വാർഡുകളിലും ഉയരംകൂടിയ പ്രദേശങ്ങളിൽ ജലക്ഷാമം വളരെ രൂക്ഷമാണ്.

ഈ പഞ്ചായത്തിലെ പ്രധാന കുളങ്ങളുടെ വിവരം.

കുളം	വാർഡ്
അത്തിക്കുളം	1
പേരക്കുളം	2
അടങ്ങൽകുളം	4
നട്ടക്കുളം	7
സത്രക്കുളം	7
മൂക്കോലക്കുളം	7
വലിയകുളം	8
കിള്ളിക്കറിശ്ശി അമ്പലകുളം	8
കുരുടൻകുളം	9
പറവൻകുളം	9
വാഴാലികുളം	10
മുളഞ്ഞൂർ ദേവസ്വകുളം	11
മുളഞ്ഞൂർ അമ്പലകുളം	11

പഞ്ചായത്തിലെ ഏകദേശം ച. കി. മീറ്റർ പ്രദേശത്തു് ശുദ്ധജലം ലഭിക്കുന്നുണ്ടു്.

സാമൂഹ്യ സാമ്പത്തിക മേഖലകൾ

കൃഷിയും അനുബന്ധ മേഖലകളും 9

ഒരു പ്രദേശത്തെ വികസനം കാർഷിക വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ലക്കിടി-പേരൂർ പഞ്ചായത്തിലെ 45% ഭൂമിയും കൃഷിക്ക് ഉപയോഗിക്കുന്നു. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ പഞ്ചായത്തിൽ പരമ്പരാഗത രീതിയിലധിഷ്ഠിതമായ നെൽകൃഷിയായിരുന്നു കൂടുതലുണ്ടായിരുന്നത്. ഇതുകൂടാതെ വൻതോതിൽ ചാമ, കോറ, എള്ള്, മുതിര, ഉഴുന്ന് എന്നിവയും കൃഷിചെയ്തിരുന്നു. പുഴയുടെ തീരങ്ങളിലും, തോടുകളുടെ തീരങ്ങളിലും ഉള്ള വയലുകളിൽ കൊയ്ത്ത് കഴിഞ്ഞകാലത്ത് ധാരാളമായി പച്ചക്കറി കൃഷി ചെയ്തിരുന്നു. വേനൽകാലങ്ങളിൽ തോടുകളിൽ ചെറിയ അണകെട്ടി ജലസേചനം നടത്തി മൂന്നാം പൂവൽ അല്ലെങ്കിൽ പുഞ്ചകൃഷി ചെയ്തിരുന്നു.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലങ്ങളിൽ വന്ന സാമൂഹ്യ മാറ്റത്തിന്റെ ഫലമായി ഈ മേഖലയിൽ കൃഷി സമ്പ്രദായങ്ങളിലും, വിളകളുടെ കാര്യത്തിലും, കൃഷി ഉടമ സമ്പ്രദായത്തിലും മാറ്റങ്ങൾ സംഭവിച്ചു. തുടർച്ചയായ എട്ടു പഞ്ചവത്സര പദ്ധതികളുടെ ഫലമായി ഇന്നത്തെ രീതിയിലുള്ള കൃഷി രീതികളും, കൃഷിഭവനുകളും, നിലവിൽവന്നു. അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളും, രാസവള പ്രയോഗവും, യന്ത്ര സഹായത്തോടെയുള്ള കൃഷിപ്പണികളും ശാസ്ത്രീയ കൃഷിരീതകൾക്ക് തുടക്കം കുറിച്ചു.

ഇങ്ങനെയൊക്കെയാണെങ്കിലും കാർഷികമേഖലയിൽ ഉത്പാദനരംഗത്ത് മാന്ദ്യത അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

ലക്കിടി-പേരൂർ പഞ്ചായത്തിൽ 3078.57 ഹെക്ടർ സ്ഥലമാണുള്ളത്. ഇവിടുത്തെ മണ്ണ് ലാറ്ററേറ്റ് മണ്ണാണ്.

സ്ഥലങ്ങളുടെ പൊതുവിതരണം ഈ രീതിയിലാണ്

സ്ഥലത്തിന്റെ സ്വഭാവം	വിസ്തൃതി	ശതമാനം
പറമ്പ്	1966 ഹെക്ടർ	61%
നെൽപ്പാടം	868 ,,	28%
തരിശുഭൂമി	68 ,,	2%
പുറമ്പോക്ക്	10 ,,	0.32%
കുളങ്ങൾ തോടുകൾ എന്നിവ	116.57 ,,	8.68%

നെൽകൃഷി

850 ഹെക്ടർ സ്ഥലത്ത് നെല്ലാണ് കൃഷി ചെയ്യുന്നത്. ഈ പഞ്ചായത്തിൽ 15 പാടശേഖരകമ്മിറ്റികൾ ഉണ്ട്. ഇവയുടെ പ്രവർത്തന പരിധിയിലാണ് മിക്കവാറും കൃഷിസ്ഥലങ്ങൾ.

ചെങ്കഴമ, ചമ്പാൻ, ആര്യൻ ചാണി തുടങ്ങിയ പഴയവിത്തുകളും പവിഴം, പി. ടി. 12, കുഞ്ഞുകഞ്ഞ് ആതിര, അന്നപൂർണ്ണ തുടങ്ങിയ പുതിയ വിത്തുകളും ഇവിടെ കൃഷിചെയ്യാൻ ഉപയോഗിക്കുന്നു. ഇവിടുത്തെ നെൽകൃഷിയിൽനിന്നുള്ള ശരാശരി ഉൽപാദനം ഹെക്ടറിന് 200 Kg. ആണ്. നിലമുഴുന്നതിന് കൂടുതൽ സ്ഥലങ്ങളിലും ട്രാക്ടറുകളും, ടില്ലറുകളും ഉപയോഗിക്കുന്നു. ഇവ ഉപയോഗിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ കാലികളെ ഉപയോഗിച്ചും നിലമുഴുന്നുണ്ട്. ജൈവവളങ്ങളുടെ ഉപയോഗം കുറഞ്ഞുവരികയും രാസവളങ്ങളുടെ ഉപയോഗം വ്യാപകമായ തോതിൽ കൂടിവരികയും ചെയ്യുന്നു.

മലമ്പുഴ കനാൽ, പള്ളം തുരുത്ത് ലിഫ്റ്റ് ഇറിഗേഷൻ, പല്ലാർമംഗലം ലിഫ്റ്റ് ഇറിഗേഷൻ, മുളഞ്ഞൂർ തോട്ടിലെ രണ്ട് ക്രോസ്ബാറുകൾ എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന ജലസേചന സൗകര്യങ്ങൾ. ഇതിൽ മലമ്പുഴ കനാൽ മുഖേന ഏകദേശം 500 ഹെക്ടർ പ്രദേശം ജലസേചനം ചെയ്യപ്പെടുന്നു. ചെറുകിട ജലസേചന പദ്ധതികളായ പള്ളം തുരുത്ത് ലിഫ്റ്റ് ഇറിഗേഷൻ 217.8 ഹെക്ടർ സ്ഥലവും, പല്ലാർമംഗലം പദ്ധതി 20.05 ഹെക്ടർ പ്രദേശവും ജലസേചനത്തിന് ഉപകരിക്കുന്നു. ഇതിൽ പല്ലാർമംഗലം പദ്ധതി ഇന്ന് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. മുളഞ്ഞൂരിലെ ക്രോസ് ബാറുകൾ മുളഞ്ഞൂർ പ്രദേശത്തെ ജലസേചനത്തിന് ഉപകരിക്കുന്നു.

സ്ഥാപനങ്ങൾ

കാർഷിക മേഖലകളുടെ വികസനത്തിനായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കൃഷിഭവൻ, VEO, CADA എന്നിവ. ഇവയുടെ പ്രർത്തനം ഒരു പരിധിവരെ കൃഷിയുടെ വികസനത്തെ സഹായിച്ചിട്ടുണ്ട്. രാസവിള വിതരണരംഗത്ത് സഹകരണമേഖലയിൽ അമ്പലപ്പാറ, പേരൂർ, പാലപ്പുറം എന്നീ സഹകരണ സംഘങ്ങളും സ്വകാര്യമേഖലയിൽ രണ്ടു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. കൃഷികളുടെ വിന്യാസംതാഴെ കാണുന്ന വിധമാണ്.

കൃഷിയുടെ തരം	സ്ഥലം
നെല്ല്	850 ഹെക്ടർ
റബ്ബർ	50 ,,
തെങ്ങ്	268 ,,
നേന്ത്രവാഴ	22 ,,
കപ്പ	25 ,,
മറ്റുവിളകൾ	125 ,,

പ്രശ്നങ്ങൾ

നെൽകൃഷിയോടു കർഷകനു ആഭിമുഖ്യമില്ലായ്മയാണു ഈ മേഖലയിലെ പ്രധാന പ്രശ്നം. തൊഴിലാളികളുടെ കൂലി വർദ്ധനവു കർഷകതൊഴിലാളികളുടെ കുറവു, ട്രാക്ടർ തുടങ്ങിയ യന്ത്രോപകരണങ്ങളുടെ വാടക വർദ്ധനവു, എല്ലാ പാടങ്ങളിലേക്കും ട്രാക്ടർ എത്തിപ്പെടാൻ പറ്റാത്ത അവസ്ഥ, ജൈവ വളങ്ങളുടെ പോരായ്മ, രാസവളങ്ങളുടെ അമിത വിലവർദ്ധനവു, ജലസേചന പദ്ധതികളുടെ നിലവാരമില്ലായ്മ, സംഭരണ വിപണന കേന്ദ്രങ്ങളുടെ അഭാവം, അമിത രാസവള പ്രയോഗംമൂലമുണ്ടാകുന്ന ഫലപുഷ്ടിക്കുറവു, കൃഷി ഉദ്യോഗസ്ഥൻമാരും, കൃഷിക്കാരും തമ്മിലുണ്ടാകേണ്ട കൂട്ടായ പ്രവർത്തനങ്ങളുടെ അഭാവം ഇവ കൃഷിയുടെ ഇന്നത്തെ അവസ്ഥക്കു കാരണമാണു.

സാദ്ധ്യതകൾ

ഉള്ള കർഷകത്തൊഴിലാളികളെ പാടശേഖര കമ്മിറ്റി കളുടെ നേതൃത്വത്തിൽ വിതരണം നടത്തണം. പാടശേഖര സമിതികൾക്കു സ്വന്തമായി ട്രാക്ടറും, ടില്ലറും അവയുടെ ഇന്ധനവും ലഭ്യമാക്കണം. ഇന്ധനം സബ്സിഡി നിരക്കിൽ ലഭ്യമാക്കണം. അങ്ങനെയായാൽ വാടകനിരക്കു കുറയ്ക്കാനും അതനുസരിച്ചു ഉത്പാദനചിലവു കുറയ്ക്കാനും കഴിയും. കൂടാതെ ട്രാക്ടറുകൾ പാടത്തേക്കു ഇറക്കാനുള്ള സംവിധാനം ചെയ്യണം. പള്ളം തുരുത്തു പോലുള്ള സ്ഥലങ്ങളിലേക്കു ട്രാക്ടറുകൾ എത്തിക്കുന്നതിനു റയിൽവെപാത ക്രോസ് ചെയ്യണം. അതിനുവേണ്ട നിയമനടപടികൾ സ്വീകരിച്ചു പള്ളം തുരുത്തിലേക്കു ട്രാക്ടർ ഗതാഗതം സാദ്ധ്യമാക്കണം. ട്രാക്ടറുകൾ പാടശേഖരക്കമ്മിറ്റികൾ വഴി ഉപയോഗത്തിനു നൽകണം. ഇതുമൂലം പാടശേഖരങ്ങളിലെ പണി യഥാസമയം പൂർത്തീകരിക്കാൻ കഴിയും.

ജൈവവളങ്ങളുടെ പ്രയോഗം പ്രോത്സാഹിപ്പിക്കണം അതുമൂലം മണ്ണിന്റെ ഫലപുഷ്ടി സ്ഥിരമായി നിലനിർത്താൻ കഴിയും. പാടശേഖരങ്ങളുടെ നേതൃത്വത്തിൽ കമ്പോസ്റ്റ് വളമുണ്ടാക്കാൻ കഴിയും. ഇതിനു കാലിവളം, മനുഷ്യവിസർജ്ജ്യങ്ങൾ, മറ്റു ജൈവവളങ്ങൾ എന്നിവ ഉപയോഗിക്കാം. കൂടാതെ ശീമക്കൊന്ന പോലുള്ള പച്ചിലച്ചെടികൾ വച്ചുപിടിപ്പിക്കാൻ പ്രോത്സാഹനം നൽകണം. ജൈവവളങ്ങളുടെ പ്രധാന്യത്തെപ്പറ്റി കർഷകരെ ബോധവത്ക്കരിക്കുകയും വേണം. രാസവളങ്ങളുടെ അമിതവില നിയന്ത്രിക്കണം. ഇവ സബ്സിഡി നിരക്കിൽ പാടശേഖരങ്ങൾ വഴി വിതരണം ചെയ്താൽമതി. കാർഷിക ഉദ്യോഗസ്ഥൻമാരുടെ ഇടപെടൽ ഈ മേഖലയിൽ വേണ്ട സമയത്തു വേണ്ടരീതിയിൽ ഉണ്ടാകണം.

ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ടു മലമ്പുഴ കനാൽ ഉപദേശകസമിതിയിൽ പഞ്ചായത്തിനു വ്യക്തമായ പ്രാതിനിധ്യം ഉണ്ടാകണം. കർഷക പ്രതിനിധിക്കും പ്രാതിനിധ്യം നൽകണം. ഇതുമൂലം ജലസേചനം യഥാസമയം ഉറപ്പുവരുത്താം. മലമ്പുഴ കനാൽ വെള്ളം കിട്ടാത്ത പ്രദേശങ്ങളായ മുളഞ്ഞൂർ, നെല്ലികുറുശ്ശി എന്നീ ഭാഗങ്ങളിലേക്കു ജലസേചനത്തിനായി ഇപ്പോഴത്തെ പഞ്ചായത്തിന്റെ കൈവശമുള്ള 10-ാം വാർഡിലെ നമ്പൂതിരിക്കെട്ടിലും, 11-ാം വാർഡിലെ വടുകൻകടവിലും, ചക്രായം ബണ്ടിലും, ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തി ജലസേചനം നടപ്പിലാക്കണം. പള്ളം തുരുത്തു, പല്ലാർമംഗലം ലിഫ്റ്റ് ഇറിഗേഷനുകളും അറ്റകുറ്റപണികളും നടത്തി കാര്യക്ഷമമാക്കണം. മൂത്തത്താൻകെട്ടു പുനർനിർമ്മാണം നടത്തി ജലസേചനത്തിനു ഉപയോഗിക്കാം. Water Shed പദ്ധതി പഞ്ചായത്തിൽ എല്ലായിടത്തും നടപ്പിലാക്കണം. ഓരോ പാടശേഖരത്തിന്റെയും തലക്കെട്ടിലുള്ള കുളങ്ങളും, ചോലകളും, മറ്റു പൊതുകുളങ്ങളും പഞ്ചായത്തു ഏറ്റെടുത്തു സംരക്ഷിക്കണം. പേരൂരിലെ 1-ാം വാർഡു പ്രദേശത്തെ പ്രാദേശിക ജലസേചനത്തിനുതകുന്ന എരുമത്തോടു കെട്ടിനിർത്തി ജലസേചനത്തിനുപയോഗിക്കാം.

പഞ്ചായത്തിലെ രണ്ടോ, മൂന്നോ പാടശേഖരസമിതികൾ കൂട്ടായിച്ചേർന്നു സഹകരണാടിസ്ഥാനത്തിൽ കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങൾ, കീടനാശിനികൾ, രാസവളം എന്നിവ സംഭരിക്കാനും വിതരണം ചെയ്യാനുമുള്ള സംവിധാനംവേണം. കാർഷികോത്പന്ന സംഭരണ വിപണനകേന്ദ്രങ്ങളും വേണം. കാർഷിക വായ്പകൾ വേണ്ടത്ര വേണ്ടസമയത്തു നൽകാനുള്ള സാമ്പത്തിക സ്ഥാപനങ്ങൾ ഉണ്ടാകണം. രാസവളങ്ങളുടെ അമിത ഉപയോഗം

തടയുന്നതിന് ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കണം, കാർഷികവിളകൾക്ക് താങ്ങുവില നിശ്ചയിക്കണം.

പച്ചക്കറികൃഷി

പഞ്ചായത്തിലെ സാധാരണ കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ പച്ചക്കറികൃഷിയെ പ്രോത്സാഹിപ്പിക്കണം. ഇതുമൂലം സ്ത്രീകൾക്കും ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കും കുറഞ്ഞ മുതൽമുടക്കിൽ സ്വയംതൊഴിൽ കണ്ടെത്താം. കൂടാതെ അന്യനാട്ടിലേക്ക് പച്ചക്കറിയുടെ പേരിൽ ഒഴുകികൊണ്ടിരിക്കുന്ന സമ്പത്ത് നമ്മുടെ പഞ്ചായത്തിൽതന്നെ ഉപയോഗിക്കാൻ കഴിയും. ഭാരതപ്പുഴയുടെ തീരങ്ങളിലും, പള്ള, തുരുത്തും മുളഞ്ഞൂർതോടിന്റെ ഇരുവശങ്ങളും, വൻകുളങ്ങളുടെ സമീപമുള്ള വയലുകളും എന്നിവയിൽ പച്ചക്കറികൃഷി ലാഭകരമായി നടത്താവുന്നതാണ്. ഇത്തരം പ്രദേശങ്ങളിലെ കർഷകർക്കു വിത്ത്, വള, ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യണം. സ്വന്തം ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന ഉൽപ്പന്നങ്ങൾ സംഭരിക്കാനും, വിപണനം ചെയ്യാനും കേന്ദ്രങ്ങൾ വേണം. ഇതിനായി പത്തിരിപ്പാല, പഴയലക്കിടി, ലക്കിടി കൂട്ടുപാത, മുളഞ്ഞൂർ, നെല്ലികുറുശ്ശി എന്നീ സ്ഥലങ്ങളിൽ സ്വയംതൊഴിൽ ആഗ്രഹിക്കുന്ന യുവാക്കൾക്കായി ചെറിയ പച്ചക്കറി സ്റ്റാളുകൾ നിർമ്മിക്കണം. ഇതുമൂലം കുറച്ച് തൊഴിൽ സാദ്ധ്യത ഉണ്ടാവുകയും, കൃഷി പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യും. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രത്തിൽ ഒരു പൊതു ചന്ത സ്ഥാപിക്കണം. പഴം, പച്ചക്കറി, എന്നിവ സംസ്കരിക്കാനായി ചെറിയ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കണം. തിരഞ്ഞെടുക്കപ്പെട്ട വീടുകളിലും, സ്കൂളുകളിലും പച്ചക്കറി വിത്തുകളും, വളങ്ങളും വിതരണം ചെയ്യണം.

കൂൺകൃഷി

എല്ലാതരം പോഷകഘടകങ്ങളും, പ്രത്യേകിച്ച് മാംസ്യം ധാരാളം അടങ്ങിയ ആഹാര പദാർത്ഥമാണ് കൂൺ. ഈ കൃഷിക്ക് വൈക്കോൽ ആവശ്യമാണ്. അതുകൊണ്ട് എല്ലാ നെൽകൃഷികാർക്കും ചെയ്യാവുന്ന കൃഷിയാണ് കൂൺ ഇന്ന് വളരെ പ്രചാരമുള്ളതും, സാമ്പത്തികലാഭവുമുള്ള ഒരു കൃഷിയാണ് കൂൺകൃഷി. അതിനാൽ കർഷകർക്ക് സാങ്കേതിക ഉപദേശങ്ങളും, ഉപകരണങ്ങളും ലഭ്യമാക്കി ഈ കൃഷിയെ പ്രോത്സാഹിപ്പിക്കണം.

വാഴകൃഷി

വീടിനുചുറ്റുമുള്ള പറമ്പുകളിലും തരിശുഭൂമികളിലും ചെയ്യാവുന്ന ചിലവുകുറഞ്ഞ കൃഷിയാണ് വാഴ. ഇന്ന് പഞ്ചായത്തിൽ വൻതോതിൽ നേന്ത്രവാഴ കൃഷി ചെയ്യുന്നുണ്ട്. ഇവ കൂടാതെ മറ്റിനം വാഴകളും കൃഷി ചെയ്യാനുള്ള പ്രചോദനം കർഷകന് നൽകണം. മറ്റു കൃഷികളെ അപേക്ഷിച്ച് ഉത്പാദനച്ചെലവ് കുറവാണ്.

കൈതച്ചക്ക

ഈ പഞ്ചായത്തിൽ സാദ്ധ്യതയുള്ള മറ്റൊരു കൃഷിയാണ് കൈതച്ചക്ക. ധാരാളം വിപണന സാദ്ധ്യതകളുള്ള ഒരു കാർഷിക വിഭവമാണ് ഇത്. അതിനാൽ ഈ കൃഷിയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

കൃഷിയോട് ഇന്നത്തെ തലമുറക്കുള്ള അകൽച്ച കുറയ്ക്കുകയും, കർഷകനും, കർഷകത്തൊഴിലാളിയേയും ഒരേ ധാരയിലേക്ക് എത്തിക്കുവാനും കഴിഞ്ഞാൽ കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

പാടശേഖരസമിതികളും: വിളക്രമങ്ങളും

	പാടശേഖര സമിതികൾ	വിസ്തൃതി ഹെക്ടറിൽ	ഒന്നാം വിള	രണ്ടാം വിള
1	മറുവപ്പാടം	43.06	നെല്ല്	നെല്ല്
2	പൂതിരിപ്പാടം	23.724	നെല്ല്	നെല്ല്
3	അടിയമ്പാടം	25.720	നെല്ല്, വാഴ	നെല്ല്, വാഴ
4	പല്ലാർമംഗലം	18.332	നെല്ല്	നെല്ല്, വാഴ
5	കൈപ്പയിൽപാടം	33.324	നെല്ല്	നെല്ല്
6	അവുഞ്ഞിയിൽപാടം	32.992	നെല്ല്	നെല്ല്
7	പേരപ്പാടം	32.084	നെല്ല്	നെല്ല്
8	തെക്കുംചെറോട് പാടം	49.72	നെല്ല്, വാഴ	നെല്ല്, വാഴ
9	ലക്കിടി പടിഞ്ഞാറെ പാടം	24.956	നെല്ല്, വാഴ	നെല്ല്, വാഴ
10	തെക്കീട്ടിൽ പാടം	36.256	നെല്ല്, വാഴ	നെല്ല്, വാഴ
11	മുളഞ്ഞൂർ പാടം	64.524	നെല്ല്	നെല്ല്
12	കുണ്ടിൽപാടം	45.940	നെല്ല്, വാഴ	നെല്ല്, വാഴ
13	പള്ളം തുരുത്ത് പാടം	69.824	നെല്ല്, വാഴ	നെല്ല്, വാഴ, പച്ചക്കറി
14	മംഗലം പാടം	73.084	നെല്ല്	നെല്ല
15	പുത്തൂർ പാടം	84.992	നെല്ല്, വാഴ	നെല്ല്, വാഴ

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

പ്രധാനകുളം	തോട്	പുഴ	വിസ്തീർണ്ണം	തടയണ
സത്രകുളം			1.09 ഏ	
നടുകുളം			1.35 ഏ	
വാഴാലികുളം			0.60 ഏ	
മുക്കാലകുളം			0.52 ഏ	
പേരകുളം			0.88 ഏ	
	മുളഞ്ഞൂർ തോട്			ചക്രായം ഭാഗം വെള്ളികുളങ്ങര ഭാഗം
		ഭാരതപ്പുഴ	152 ഏ	
		ഭാരതപ്പുഴ		
കുരുടൻകുളം			0.60 ഏ	

മൃഗസംരക്ഷണവും മത്സ്യബന്ധനവും

5-2

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. ചെറിയതോതിൽ ഉഴവുപോത്തുകളും കാളകളും, എരുമകളും വളർത്തപ്പെടുന്നുണ്ട്. വളർത്തുപ്പക്ഷികളിൽ പ്രധാനം കോഴിയാണ്. ഇപ്പോൾ പഞ്ചായത്തിൽ 317 കാളകളും പശുക്കളും സങ്കര ഇനവും നാടനും കൂടി 2418 എണ്ണം ഉണ്ട്. എരുമ 53, പോത്ത് 132, ആട് 1628, കോഴി 6053 എന്നിങ്ങനെയാണ് 1996-ലെ സെൻസസ് പ്രകാരം നിലവിൽ ഉള്ളത്. ഭൂരിപക്ഷം വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. കാർഷികരംഗത്ത് യന്ത്രവൽക്കരണം വന്നത് വളർത്തു മൃഗങ്ങളുടെ എണ്ണം കുറയുന്നതിനു കാരണമായിട്ടുണ്ട്. നിരന്തരമായി ഉണ്ടാകുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവുവരുത്തിയിട്ടുണ്ട്. റോഡുകളുടേയും വാഹനങ്ങളുടേയും വർദ്ധനവ് വണ്ടിക്കാളകളുടേയും എണ്ണത്തിൽ കുറവ് വരുത്തുകയുണ്ടായി.

1995-ൽ അകലൂർ, പൂക്കാട്ടുകുന്ന് എന്നീ സ്ഥലങ്ങളിൽ 2 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ സ്ഥാപിച്ചെങ്കിലും ഉൽപ്പാദനം കാര്യക്ഷമമാക്കുന്നതിനോ വിപുലപ്പെടുത്തുന്നതിനോ കഴിഞ്ഞിട്ടില്ല. അകലൂർ ക്ഷീരോൽപാദക സഹകരണ സംഘത്തിൽ 150 ലിറ്ററും പൂക്കാട്ടുകുന്ന് സംഘത്തിൽ 175 ലിറ്ററും മാത്രമെ ഉൽപാദിപ്പിക്കപ്പെടുന്നുള്ളു. ഉൽപാദനകുറവിനുള്ള പ്രധാന കാരണം കാലിത്തീറ്റയുടെ വിലവർദ്ധനവ്, വൈക്കോൽ, പുല്ല് എന്നിവയുടെ ലഭ്യതക്കുറവുമാണ്. മറ്റൊരു പ്രധാനകാരണം ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തയുമാണ്.

പഞ്ചായത്തിലെ ഒരു മൃഗാശുപത്രിയുള്ളത് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ആണ് സ്ഥിതിചെയ്യുന്നത്. ഇതിന്റെ സൗകര്യങ്ങൾ മറ്റ് പ്രദേശങ്ങൾക്ക് വേണ്ടത്ര യഥാസമയം ലഭിക്കുന്നില്ല കാലികളിൽ പൊതുവായി കാണുന്ന പ്രധാന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി എന്നിവയാണ്. രോഗപ്രതിരോധ നടപടികളെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും കാലിവളർത്തുന്ന കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിൽ ചികിൽസിച്ചുമാറുന്നതിന് തടസ്സമാകുന്നു.

പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ടെങ്കിലും പലതും പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാദ്ധ്യത ഉണ്ടെങ്കിലും കർഷകരിലെ ഇത് സംബന്ധിച്ച് നിലനിൽക്കുന്ന അജ്ഞതയാണ് ഇത് വിപുലപ്പെടുത്തുന്നതിനുള്ള പ്രധാന തടസ്സം. വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരുഭാഗം ഗോബർഗ്യാസ് പ്ലാന്റ് മുഖാന്തിരം ഉണ്ടാക്കുന്നതിന് കഴിയും. മുൻകാലങ്ങളിൽ മിക്ക വീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് മറ്റ് പ്രദേശങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നു. കോഴി വളർത്തലിന് വൻ സാദ്ധ്യത ഉണ്ടെന്നാണ് ഇതിൽനിന്ന് മനസിലാകുന്നത്.

സാദ്ധ്യതകൾ

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്തിലെ 11 വാർഡുകളിലും ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കണം. ഉൽപ്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കുകയും വിതരണത്തിനു ശേഷം മിച്ചം വരുന്ന പാൽ, തൈര്, നെയ്യ് എന്നിവയാക്കി മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ക്ഷീരോത്പാദക സഹകരണസംഘങ്ങൾ മുഖേന കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുകയും തീറ്റപുൽ കൃഷിക്ക് വിത്തും വളവും സൗജന്യമായി വിതരണം ചെയ്യുക. മൃഗചികിൽസാ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് പൂക്കാട്ടുകുന്ന്, അകലൂർ, മുളഞ്ഞൂർ എന്നീ സ്ഥലങ്ങളിൽ വെറ്റിനറി സബ് സെന്റർ സ്ഥാപിക്കുക. കോഴി വളർത്തൽ കാര്യക്ഷമമാക്കുന്നതിന് ഒരു കോഴികുഞ്ഞ് ഉൽപാദന കേന്ദ്രം സ്ഥാപിക്കുകയും കുറഞ്ഞ വിലക്ക് കോഴിത്തീറ്റ ലഭ്യമാക്കുകയും ചെയ്യുക. അത്യുൽപാദനശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവൽക്കരണത്തിനാവശ്യ സംവിധാനവും ഏർപ്പെടുത്തുക. വളർത്തു നായക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും, ലൈസൻസ് ഇല്ലാത്ത മുഴുവൻ നായ

ക്കളെയും പിടിച്ചുകൊല്ലാനുള്ള നടപടികളും സ്വീകരിക്കുകയും വേണം.

മത്സ്യ കൃഷിക്ക് ലക്കിടി–പേരൂർ ഗ്രാമപഞ്ചായത്തിൽ പരിമിതികളും ഉണ്ടെങ്കിലും അതിലുപരിയായി ഒട്ടേറെ സാധ്യതകളും ഉണ്ട്. പഞ്ചായത്തിന്റെ തെക്കുഭാഗം മുഴുവൻ ഭാരതപ്പുഴയാണ്. അതുപോലെ 5, 8, 10, 11 വാർഡുകളിൽകൂടി കടന്നുപോകുന്ന മുളഞ്ഞൂർ തോടുണ്ട്. ഇതിനുപുറമെ പഞ്ചായത്തിന്റെ അധീനതയിലുള്ള 1.09 സെന്റ് വിസ്തീർണ്ണമുള്ള സത്രക്കുളം 1.35 സെന്റ് വിസ്തീർണ്ണമുള്ള നട്ടകുളം 52 സെന്റ് വിസ്തീർണ്ണമുള്ള മുക്കോലകുളം, 60 സെന്റ് വിസ്തീർണ്ണമുള്ള വാഴാലികുളം 88 സെന്റ വിസ്തീർണ്ണമുള്ള പെരകുളം 60 സെന്റ് വിസ്തീർണ്ണമുള്ള കുരുടംകുളം 40 സെന്റ് വിസ്തീർണ്ണമുള്ള പറവൻകുളം എന്നിവ മത്സ്യകൃഷിക്ക് വേണ്ടി പ്രയോജനപ്പെടുവാൻ വളരെ യേറെ സാധ്യതയുള്ളതാകുന്നു. അതോടൊപ്പം ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്വകാര്യ കുളങ്ങളും മത്സ്യ കൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്ത് കുളങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ മത്സ്യ കൃഷിക്കുള്ള സൗകര്യം ഏർപ്പെടുത്തുക. സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്തുവാനുള്ള സാമ്പത്തിക സഹായവും പ്രോൽസാഹനവും നൽകുക. മത്സ്യ കൃഷിയെ സംബന്ധിക്കുന്ന ആധുനിക സാങ്കേതിക വിദ്യയെപറ്റി പരിശീലന ക്ലാസുകളും സംഘടിപ്പിക്കുക മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തുക. മത്സ്യങ്ങൾക്ക് വരുന്ന രോഗങ്ങളും തടയുവാനുള്ള രോഗ പ്രതിരോധ നടപടികളും സ്വീകരിക്കുക. മത്സ്യ മാർക്കറ്റുകളും ഉണ്ടാക്കുക. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നാടൻ മത്സ്യങ്ങളെ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിക്കുക. മത്സ്യ കൃഷിക്ക് ഇൻഷ്വറൻസ് പദ്ധതികളും ഏർപ്പെടുത്തുക. നിലവിൽ ഉള്ള പദ്ധതികളും വിപലീകരിക്കേണ്ടത് അത്യാവശ്യമാണ്.

ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തു് വളർത്തുമൃഗങ്ങളുടെ പട്ടിക

കാള	പശു	എരുമ	പോത്തു്	ആടു്	പട്ടി	കോഴി	താറാവു്	ആന
317	2418	53	132	1628	852	6053	13	—

വ്യവസായം

5–3

അവലോകനം

സ്വാതന്ത്ര്യ സ്വാദത്തിനുശേഷം ഭാരതത്തിൽ പല വൻകിട വ്യവസായങ്ങളും, ചെറുകിട വ്യവസായങ്ങളും വളർന്നു വന്നു. കേരളത്തിൽ പൊതുവെ വ്യവസായ സ്ഥാപനങ്ങൾക്കുള്ള മുതൽ മുടക്ക് കുറവാണ്. പ്രത്യേകിച്ച് ഗ്രാമീണ മേഖലകളിൽ ചെറുകിട വ്യവസായങ്ങൾ വേണ്ടത്ര വളർന്നു വന്നിട്ടില്ല ഉണ്ടായിരുന്ന കുടിൽ വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും തകർച്ചയെ നേരിട്ടു കൊണ്ടിരിക്കുന്നു. ഈ പഞ്ചായത്തിലും സ്ഥിതി വ്യത്യസ്തമല്ല.

ടിപ്പുസുൽത്താന്റെ കാലത്ത് ആരംഭിച്ച മര വ്യവസായം ടിപ്പു സുൽത്താന്റെ കോട്ടയിലേക്ക് ഇവിടെ നിന്ന് വിറകുശേഖരിച്ചു എന്നാണ് ഐതിഹ്യം. ഐതിഹ്യമാണെങ്കിലും ഇന്നും ഈ വ്യവസായത്തിൽ മരപ്പേട്ടകളും വിറകുപേട്ടകളും ധാരാളമുണ്ട് പഴയലെക്കിടി, ലക്കിടി, മംഗലം മുതലായ സ്ഥലങ്ങളിൽ മരവ്യവസായ കേന്ദ്രങ്ങൾ നിലനിൽക്കുന്നു

പാരമ്പര്യവ്യവസായങ്ങൾ

മുളഞ്ഞൂർ, പത്തിരിപ്പാല, അകലൂർ, മംഗലം പഴക്കാട്ടപാമ്പ് എന്നിവിടങ്ങളിൽ ഹരിജൻകോളനിയോടനുബന്ധിച്ച് മുളകൊണ്ടുള്ള പുട്ടുകുറ്റി, കൊട്ട മുതലായ കാർഷിക ആവശ്യമുള്ള സാധനങ്ങൾ നിർമ്മിക്കുന്നു.

കളിമൺപാത്ര വ്യവസായം:– ലെക്കിടി, കൊട്ടേക്കാട്, അതിക്കാട് എന്നിവിടങ്ങളിൽപ്രവർത്തിക്കുന്നു.

തീപ്പെട്ടി:– ലെക്കിടി, മുളഞ്ഞൂർ, പഴയലെക്കിടി തുടങ്ങിയ സ്ഥലങ്ങളിൽ തീപ്പെട്ടി നിർമ്മാണ യൂണിറ്റുകളും ഉണ്ട്.

ഇഷ്ടികകളച്ചൂള:– ലെക്കിടി, മുളഞ്ഞൂർ, നെല്ലികുഴശ്ശി എന്നീ സ്ഥലങ്ങളും

വാരിയർ ഹെർബൽ കേന്ദ്രത്തിന്റെ ആയുർവ്വേദ മരുന്നുള്ള ഒരു യൂണിറ്റ് മുളഞ്ഞൂർ ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ലെക്കിടി, പത്തിരിപ്പാല മുതലായ സ്ഥലങ്ങളിൽ ചെറുകിട പ്രിൻറിംങ്ങ് പ്രസ്സുകളും. ഇരുമ്പു കൊണ്ടുള്ള വിവിധ സാമഗ്രികളും ഉണ്ടാക്കുന്ന 2 യൂണിറ്റുകളും ലെക്കിടിലുണ്ട്. ഈ മേഖലകളിൽ എല്ലാം കൂടി ഏകദേശം 300 തൊഴിലാളികളും പണിയെടുക്കുന്നുണ്ട്.

പ്രശ്നങ്ങൾ:–

വൻകിട വ്യവസായമായ ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസിന്റെ ഒരു യൂണിറ്റ് ലെക്കിടി കൂട്ടുപാതയിൽ പ്രവർത്തിച്ചിരുന്നു. അതു് അനേക വർഷങ്ങളായി പൂട്ടികിടക്കുകയാണ്. ഈ പഞ്ചായത്തിലെ നിരവധി തൊഴിലാളികളുടെ വരുമാനമാർഗ്ഗമായിരുന്നു ഇതു്. B P L ഇന്ത്യ എന്ന വൻകിട ഫാക്ടറിയുടെ തറക്കല്ലും Boardഉം മംഗലത്ത് സ്ഥിതി ചെയ്യുന്നു. പാരമ്പര്യത്തൊഴിലുകാരുടെ സ്ഥിതി ദയനീയമാണ്. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യമാണ് പ്രധാനപ്രശ്നം. പ്രത്യേകിച്ച് കളിമൺ പോലും കിട്ടാത്ത അവസ്ഥ. ഉല്പന്നങ്ങൾ വിൽക്കുന്നതിനുള്ള വിലക്കുറവ്, സാങ്കേതിക വിവരമില്ലായ്മ, അദ്ധ്വാനത്തിനുള്ള വേതനം. തീപ്പെട്ടി വ്യവസായത്തിനു് കുലികുറവ്, അതിലേക്ക് ആളുകളെ ആകർഷിക്കുന്നില്ല. വ്യവസായ സ്ഥാപനങ്ങൾക്ക് വേണ്ടത്ര ധനസഹായം കിട്ടാനുള്ള സാങ്കേതിക തടസ്സങ്ങൾ വളരെയധികം ഉണ്ട്.

പരിഹാരങ്ങൾ:–

പൂട്ടികിടക്കുന്ന മെറ്റൽ ഇൻഡസ്ട്രീസ് ഉടനെ തുറന്നു പ്രവർത്തിക്കുക. B P L ഇന്ത്യയുടെ യൂണിറ്റ് ഇവിടെ പ്രവർത്തിക്കാൻ മാനേജ്മെൻറിനോട് സമ്മർദ്ദം ചെലുത്തുക.

കരകൗശല യൂണിറ്റിനു വേണ്ട സാങ്കേതിക, സാമ്പത്തിക, വിപണനത്തിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുക. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ആട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ സ്ഥാപിക്കുക ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക. വനിത സോപ്പ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക. ഖാദിയുടെ ഇപ്പോഴുള്ള നൂൽനൂല്പ് കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുക

ഭാരതപ്പുഴയുടെ തീരദേശങ്ങളിൽ വൻകിട വ്യവസായങ്ങൾക്ക് അനുയോജ്യമാണ് എന്ന് മുൻകാല സർവ്വേ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. റബ്ബർ അധിഷ്ഠിതമായി ഒരു വൻകിടവ്യവസായം അവിടെ ഉണ്ടാകേണ്ടതാണ്.

വിദ്യാഭ്യാസം

5-4

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം 1914-ൽ ചോറൂർ ശങ്കരൻനായർ സ്ഥാപിച്ച മുളഞ്ഞൂർ ഹിന്ദു എലിമെൻററി സ്കൂൾ ആണ്. 1916-ൽ പഴേടത്ത് മനസ്സിൽ ശങ്കരൻ നമ്പൂതിരിപാടിനാൽ സ്ഥാപിതമായ ബാലക്കൊല്ലാസിനി സംസ്കൃത പാഠശാല എന്ന ഇന്നത്തെ ശ്രീ ശങ്കരാഓറിയൻറൽ ഹൈസ്ക്കൂളും പിന്നീട് പലപ്പോഴായി രൂപം കൊണ്ട പുത്തൂർ, അകലൂർ, തെക്കുമംഗലം, വടക്കുമംഗലം, പേരൂർ തുടങ്ങിയ വിദ്യാലയങ്ങളും വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്തിൻെറ സംഭാവനകളാണ്. ലെക്കിടി ആദിദ്രാവിഡ സ്കൂൾ (K M S B S) മുളഞ്ഞൂർ-പറയൻസ്കൂൾ എന്നിവ ഹരിജനങ്ങൾക്കായും, മുസ്ലീം ന്യൂനപക്ഷങ്ങൾക്കുവേണ്ടി ലെക്കിടി, പത്തിരിപ്പാല നെല്ലിക്കുശ്ശി, പഴയലെക്കിടി എന്നിവിടങ്ങളിലും സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. സാമൂഹിക അസമത്വങ്ങളും, തൊട്ടുകൂടായ്മയും, തീണ്ടികൂടായ്മയും, മറ്റു സാമൂഹ്യാനാചാരങ്ങളും നിലനിന്നിരുന്ന കാലത്ത് സാമൂഹിക മാറ്റത്തിൽ ഈ വിദ്യാലയങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഹരിജനങ്ങൾക്കും, ന്യൂനപക്ഷ വിഭാഗങ്ങൾക്കും സാമൂഹ്യനീതികൈവരുത്തുവാൻ വലിയ പങ്കുവഹിച്ച ഈ വിദ്യാലയങ്ങളുടെ സ്ഥാപകരെയും, അദ്ധ്യാപകരെയും ഇത്തരുണത്തിൽ സ്മരിക്കാതെ വയ്യ. ശ്രീ. കൃഷ്ണൻമാസ്റ്റർ, ശ്രീ. പി ഗോപാലൻമാസ്റ്റർ, ശ്രീ മുളഞ്ഞൂർ ഈച്ചരൻമാസ്റ്റർ തുടങ്ങിയവരാണ് ഈ സാമൂഹ്യമാറ്റത്തിനു നേതൃത്വം കൊടുത്തത്.

ഈ പഞ്ചായത്തിൽ ഒരു സംസ്കൃത ഹൈസ്കൂളും 6 യു. പി. സ്കൂളും, 5 L. P. സ്കൂളും, ഒരു അദ്ധ്യാപക പരിശീലന കേന്ദ്രവും പൊതു വിദ്യാഭ്യാസധാരയിൽ പ്രവർത്തിക്കുന്നു. സാമ്പത്തികമായും, സാമൂഹ്യമായും, പിന്നോക്കാവസ്ഥ നിലനിൽക്കുന്നതു് വിദ്യാഭ്യാസ നിലവാര തകർച്ചക്ക കാരണമാകുന്നു. വിദ്യാഭ്യാസ നിലവാര തകർച്ചക്ക് നിദാനമായ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും താഴെ ചേർക്കുന്നു.

1. സാമൂഹ്യ പിന്നോക്കാവസ്ഥ രക്ഷാകർത്താക്കളുടെ നിരക്ഷത, സാമ്പത്തിക പരാധീനത.
2. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.
3. സംസ്കാരിക മൂല്യച്യുതി.
4. അശാസ്ത്രീയമായ സിലബസ്.

പരിഹാരമാർഗ്ഗം

1. ഈ പഞ്ചായത്തിൽ ഒരു മലയാളം മാധ്യമത്തിലുള്ള ഹൈസ്കൂൾ ഇല്ല നെല്ലിക്കുശ്ശി U. P. സ്കൂളിനെ ഹൈസ്കൂളാക്കി മാറ്റുവാനുള്ള ഭൗതിക സാഹചര്യമുണ്ട്.
2. L. P. സ്കൂളിനോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ പ്രൈമറികൾ നടപ്പിലാക്കുക.
3. അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ ആരംഭിക്കുക.
4. വിദ്യാർത്ഥികൾക്ക് കലാകായിക മത്സരങ്ങൾ നടത്തുക.
5. സ്കൂളുകളിൽ ടെസ്റ്റ്ബുക്കുകൾ കൃത്യമായി എത്തിക്കുക.
6. ഉച്ചകഞ്ഞിവിതരണം കാര്യക്ഷമമാക്കുക
7. സ്കൂളുകളുടെ അറ്റകുറ്റപണികൾ നടത്തുക.
8. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.
9. P. T A. കളും മാതൃസംഗമങ്ങളും സജീവമാക്കുവാൻ യത്നിക്കുക
10. ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം നിർമ്മിക്കുക.
11. ചിലവ് കുറഞ്ഞ പഠനോപകരണങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങുവാനുള്ള ശ്രമം നടത്തുക.
12. പഴയലെക്കിടി സ്കൂളിൻെറ ബ്രാഞ്ച് ആയി പ്രവർത്തിക്കുന്ന നെല്ലിക്കുശ്ശിസ്കൂളിനു വേറെയും ഹെഡ്മാസ്റ്ററെ നിയമിക്കണം.

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം

1	സീനിയർ ബേസിക് സ്ക്കൂൾ, പത്തിരിപ്പാല
2	എ. എസ്. ബി. സ്ക്കൂൾ, പേരൂർ
3	ജി. എസ്. ബി. സ്ക്കൂൾ, അകലൂർ
4	ജി. എസ്. ബി. സ്ക്കൂൾ, പഴയലക്കിടി
5	എസ്. ആർ. വി. ജെ. ബി. സ്ക്കൂൾ, മംഗലം
6	ഡി. വി. ജെ. ബി. സ്ക്കൂൾ, വടക്കുംമംഗലം
7	ജെ. ബി. സ്ക്കൂൾ, തെക്കുംമംഗലം
8	ജെ. ബി. സ്ക്കൂൾ, ലക്കിടി
9	ശ്രീ. ശങ്കര ഓറിയൻറൽ ഹൈസ്ക്കൂൾ, ലക്കിടി
10	കെ. എം. എസ്. ബി. സ്ക്കൂൾ, ലക്കിടി
11	എസ്. പി. എം. എൽ. പി. സ്ക്കൂൾ, മുളഞ്ഞൂർ
12	ജി. എസ്. ബി. സ്ക്കൂൾ, നെല്ലിക്കുറുശ്ശി
13	ഗാന്ധി സേവാസദൻ ടിച്ചേഴ്സ് ട്രെയിനിങ്ങ് സ്ക്കൂൾ. പേരൂർ
14	ഗാന്ധി സേവാസദൻ സെൻട്രൽ സ്ക്കൂൾ, പേരൂർ
	ആകെ അദ്ധ്യാപകർ — 146 പേർ
	ആകെ വിദ്യാർത്ഥികൾ — 4498 പേർ

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

വാർഡ്	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST
1	338	97	37	21
2	111	30	11	8
3	185	43	19	9
4	251	42	41	24
5	173	57	13	8
6	200	66	19	6
7	169	64	50	2
8	168	17	10	7
9	175	29	27	1
10	152	28	45	3
11	115	14	27	1

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

മൊത്തം കെട്ടിടങ്ങളുടെ എണ്ണം

വർഷം	1991—92	1992—93	1993—94	1994—95	1995—96
എണ്ണം	5936	6033	6413	6526	6713

ആരോഗ്യം

5-5

തെക്കുഭാഗം സ്വച്ഛമായൊഴുകുന്ന നിളാനദിയും വടക്കുഭാഗം പ്രധാനമായും മുളഞ്ഞൂർ തോട്ടം അതിർരേഖകളായൊഴുകുന്ന ഈ പഞ്ചായത്ത് പ്രദേശം. വേപ്പ്, പുന്ന, പൂവ്വ, മുതലായ ഔഷധ വൃക്ഷങ്ങളും അടങ്ങുന്ന ഹരിതാഭവും ആരോഗ്യകരവുമായ അന്തരീക്ഷമുള്ള ചെറിയ ഒരു ഗ്രാമപ്രദേശമാണ്. പാരമ്പര്യ വൈദ്യൻമാരും അവരുടെ ആത്മാർത്ഥമായ ചികിത്സയുമായിരുന്നു പ്രധാനമായും നിലനിന്നിരുന്ന സമ്പ്രദായം. വിഷവൈദ്യൻമാരും ഗ്രാമത്തിലുണ്ടായിരുന്നു. ഉളുക്ക്, ഒടിവ് മുതലായവ സംഭവിച്ചാൽ ഉഴിച്ചിൽ നടത്തി ശരിയാക്കുന്നവരും ഉണ്ടായിരുന്നു. മന്ത്രിച്ച് ഊതുന്ന മൊല്ലാക്കമാരും, ചരട് ജപിച്ച കെട്ടുന്ന പൂജാരിമാരും, അന്ധവിശ്വാസങ്ങളും നിലനിന്നിരുന്ന ഗ്രാമീണജനതയെ മുതലെടുക്കുന്നതിനും ധാരാളം ഉണ്ടായിരുന്നു എന്തെങ്കിലും കടുത്ത അസുഖമുണ്ടെന്ന് ബോധ്യപ്പെട്ടാൽ ഒറ്റപ്പാലത്തുനിന്നും ഡോക്ടറെ കൊണ്ടുവരാൻ ശ്രമിക്കും. ഡോക്ടറെ വിളിക്കാനായി ആളുകൾ പോയി എന്നറിഞ്ഞാൽ രോഗിയുടെ നില അതീവ ഗുരുതരമാണ് എന്ന് ധരിച്ചിരുന്ന ഒരു കാലഘട്ടം നിലനിന്നിരുന്നു.

ആരോഗ്യമേഖലയിൽ ഇവിടെ ആദ്യം പ്രവർത്തിച്ചുതുടങ്ങിയതു് 'സ്ലിപ്പോ'വിന്റെ നേതൃത്വത്തിലായിരുന്നു. പിന്നീടത് പ്രവർത്തനരഹിതമായി. സർക്കാർ മേഖലയിൽ ആദ്യമായി പ്രവർത്തിച്ചുതുടങ്ങിയ ആരോഗ്യസ്ഥാപനം മുളഞ്ഞൂരിലുള്ള ആയുർവ്വേദ ഡിസ്പൻസറിയാണ്. 29-12-1961ൽ ഒരു ഡോക്ടറടക്കം 5 ജീവനക്കാരാണ് ഈ സ്ഥാപനത്തിൽ ഉണ്ടായിരുന്നത്. ഓരോ ഗ്രാമീണ മേഖലകളിലും ആരോഗ്യസംബന്ധമായ കാര്യങ്ങളും ശ്രദ്ധിക്കാൻ വകുപ്പിന്റെ കീഴിൽ ഫീൽഡ് വർക്കേഴ്സ് പ്രവർത്തിച്ചിരുന്നു. പിന്നീട് രണ്ട് സബ് സെന്ററുകളും തുറന്നു. ഈ മേഖലയിൽ എല്ലാ പഞ്ചായത്തിലും ഒരു പ്രൈമറി ഹെൽത്ത് സെന്റർ(അലോപ്പതി) ഉണ്ടായിരിക്കണം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ സ്ഥാപിച്ച ആദ്യത്തെ പ്രൈമറി ഹെൽത്ത് സെന്റർ ഗാന്ധിസേവാസദൻ പേരൂരിലെ കേളപ്പൻ മെമ്മോറിയൽ പ്രൈമറി ഹെൽത്ത് സെന്റർ ആണ്. 18 ജീവനക്കാർ ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇന്ന് ഈ സ്ഥാപനത്തിന്റെ നില പരിതാപകരമാണ്. സ്ഥിരമായി ഒരു ഡോക്ടർ ഈ സ്ഥാപനത്തിലില്ല അതുകൊണ്ട് സാധാരണക്കാരെ സംബന്ധിച്ച് ഉപകാരമില്ലാത്ത സ്ഥാപനമായിരിക്കുന്നു ഇത്.

ഇവിടെത്തന്നെ മറ്റൊരു പ്രധാനപ്പെട്ട ആരോഗ്യസ്ഥാപനമാണ് നാരായണൻനായർ സ്മാരക ആശുപത്രി. വ്യവസായ പരിഷ്കർത്താവായ ശ്രീ. ഇ. പി. മാധവൻനായർ അദ്ദേഹത്തിന്റെ പിതാവിന്റെ സ്മരണക്കായി നിർമ്മിച്ച് സർക്കാരിനു് ഏല്പിച്ചുകൊടുത്തതാണ് ഈ സ്ഥാപനം. ഒരു ഡോക്ടറടക്കം 21 പേർ ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ട്. വെള്ളവും വെളിച്ചവും ഇല്ലാത്തതുകൊണ്ട് ഈ സ്ഥാപനം വളരെ ശോചനീയമായ നിലയിലാണ് ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു വാഹനം ഉണ്ടെങ്കിലും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത മൂലം ഉപയോഗശൂന്യമായി തീർന്നിരിക്കുന്നു. ഇക്കാരണത്താൽ പകർച്ചവ്യാധികളും ഉണ്ടാകുന്ന പ്രദേശങ്ങളും സന്ദർശിക്കാൻ പോലും പറ്റാത്ത അവസ്ഥയാണിന്ന്. ഈ പഞ്ചായത്തിൽ 54 I P P സെന്ററുകളും ഉണ്ട്.

ഈ മേഖലയിൽ പിന്നീടുവന്ന പ്രധാന ആരോഗ്യസ്ഥാപനമാണ് ഗവ: ഹോമിയോ ഡിസ്പെൻസറി. ഇത് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ തന്നെ പ്രവർത്തിക്കുന്നു. 1973 മാർച്ച് 12നു് ആണ് ഇത് സ്ഥാപിച്ചത്. ഒരു ഡോക്ടർ അടക്കം 3 പേർ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നു. വെള്ളത്തിന്റെയും വെളിച്ചത്തിന്റെയും അഭാവം മൂലം ഈ സ്ഥാപനത്തിന്റെ പ്രവർത്തനം പരിതാപകരമാണ്.

ഈ സ്ഥാപനങ്ങൾക്കു പുറമെ സ്വകാര്യ മേഖലയിൽ അലോപ്പതിയിൽ ഏഴും, ഹോമിയോപ്പതിയിൽ മൂന്നും, ആയുർവ്വേദത്തിൽ എട്ടും സ്ഥാപനങ്ങളും നല്ല രീതിയിൽ ജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുന്നു.

3078.57 ഹെക്ടർ പ്രദേശത്ത് വിന്യസിച്ചു കിടക്കുന്ന 26571 ജനങ്ങൾക്ക് ഇപ്പോഴത്തെ ചുറ്റുപാടുകൾ സരിച്ച് ആരോഗ്യകാര്യങ്ങൾ സംരക്ഷിച്ചു പോരാൻ തീരെ അപര്യാപ്തമായ സംവിധാനമാണ് ഇന്നുള്ളത്. ഈ പഞ്ചായത്തിലെ ആബാലവൃദ്ധം ജനങ്ങളുടെയും ശുചിത്വവും, ആരോഗ്യപൂർണ്ണവുമായ ജീവിതമാണ് ഈ പഞ്ചായത്തിന്റെ ഉദ്ദേശം.

പകർച്ചവ്യാധികൾ

ജലം വഴി പകരുന്ന രോഗമായ കോളറ എല്ലായിടത്തും താണ്ഡവമാടിയപ്പോഴും ലെക്കിടി-പേരൂർ പഞ്ചായത്ത് പ്രദേശത്ത് ഈ രോഗം നിയന്ത്രണാധീനമായിത്തീർന്ന പഞ്ചായത്തിൽ ഈ രോഗത്തിന്റെ സൂചന ലഭിച്ചപ്പോഴും തന്നെ ആരോഗ്യ വകുപ്പും പഞ്ചായത്ത് സമിതിയും ചേർന്ന് പ്രതിരോധ നടപടികളും ബോധവത്കരണ പരിപാടികളും ഊർജിതമായി ആസൂത്രണം ചെയ്യുകയും പ്രാവർത്തികമാക്കുകയും ചെയ്തു. മറ്റു തരം പകർച്ചവ്യാധികളൊന്നും തന്നെ പഞ്ചായത്തിൽ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

കക്കൂസ്

ആരോഗ്യം എന്നു കേൾക്കുമ്പോൾ ആദ്യമായി ഓർമ്മയിൽ വരേണ്ടത് കക്കൂസാണ്. പൊതുവെ ഒറ്റപ്പെട്ട വീടുകളിലായി താമസിക്കുന്ന ഗ്രാമപ്രദേശങ്ങളിലായി താമസിക്കുന്ന ഗ്രാമപ്രദേശമായതുകൊണ്ട് പകർച്ചവ്യാധികളുടെ കടന്നുകയറ്റം കുറവാണ്. എങ്കിലും ശ്രദ്ധേയമായ മുൻകരുതലുകൾ ഉണ്ടായില്ലെങ്കിൽ പല പകർച്ച വ്യാധികളും പടർന്നു പിടിക്കാവുന്നതാണ്. അതുകൊണ്ടുതന്നെ കക്കൂസുകളുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിൽ 65% പേർക്ക് ആരോഗ്യപരമായ കക്കൂസ് സംവിധാനം ഇല്ല എന്നത് വസ്തുതയാണ്.

പരിസര ശുചിത്വം

ലെക്കിടി–പേരൂർ പഞ്ചായത്തിൽ വൻകിടവ്യവസായങ്ങൾ വളരെ കുറവായതുകൊണ്ട് പരിസര മലിനീകരണം ഇല്ല എന്നുതന്നെ പറയാം. എങ്കിലും സാമൂഹ്യബോധത്തിന്റെ അഭാവം മൂലം ചില പ്രദേശങ്ങളിൽ ചെറിയ തോതിൽ പരിസരമലിനീകരണം നടക്കുന്നുണ്ട്. ഈ വിധമുള്ള പ്രവണതകൾ തടയാനായി. പൊതുജനാരോഗ്യപ്രവർത്തകരുടെയും സന്നദ്ധപ്രവർത്തകരുടെയും കൂട്ടായ്മ വളർത്തികൊണ്ടുവരണം.

പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ നിന്നും കിട്ടിയ വിവരങ്ങളനുസരിച്ച് ഈ പഞ്ചായത്ത് പരിധിക്കുള്ളിലെ ഗവ: ആശുപത്രികളിൽ ഡോക്ടർമാർ ഇല്ല. ഈ ആശുപത്രികളിൽ ജലവിതരണവും വൈദ്യുതി വിതരണവും തീരെ ഇല്ല എന്നു തന്നെ പറയാം. ആശുപത്രിയിലെ വൈദ്യോപകരണങ്ങളുടെ അപര്യാപ്തതയും ഈ മേഖലയിൽ പ്രത്യക്ഷമാണ്. വാഹനങ്ങളും ഉണ്ടെങ്കിലും അവ കൈകാര്യം ചെയ്യുന്നതിന് വേണ്ട സൗകര്യവും ഫണ്ടും ഇല്ല.

സാമ്പത്തിക പരാധീനതയും സ്ഥല പരിമിതികളും ആവശ്യകതയെ സംബന്ധിച്ച വ്യക്തമായ ബോധമില്ലായ്മയും കക്കൂസുകൾ നിർമ്മിക്കുന്നതിന് തടസ്സങ്ങളായി നിലകൊള്ളുന്നു.

സ്വന്തം വീട്ടും പൊതുസ്ഥലവും അടിച്ചുവൃത്തിയാക്കുമ്പോൾ ഉണ്ടാകുന്ന ചപ്പു ചവറുകൾ ജനങ്ങൾ പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നതുകൊണ്ട് പരിസരം മലീമസമാകുന്നു. പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നതുകൊണ്ടും, മൃഗങ്ങളുടെ മാംസാവശിഷ്ടങ്ങളും, മത്സ്യാവശിഷ്ടങ്ങളും, മനുഷ്യരുടെ ആഹാരാവശിഷ്ടങ്ങളും പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതും പരിസരം മലിനമാകുന്നതിന് കാരണമാകുന്നു.

സാധ്യതകൾ

ഈ പഞ്ചായത്തിലെ പ്രധാന ആരോഗ്യകേന്ദ്രങ്ങളായ കേളപ്പജി മെമ്മോറിയൽ പ്രാഥമിക ആരോഗ്യകേന്ദ്രം, നാണുനായർ സ്മാരക ആശുപത്രി എന്നിവയിൽ സ്ഥിരം ഡോക്ടർമാരെ നിയമിക്കാൻ ഉള്ള നടപടി ഉണ്ടാകണം. നാണുനായർ സ്മാരക ആശുപത്രിയിലെ വാഹനം റിപ്പയർ ചെയ്ത് ഉപയോഗ യോഗ്യമാക്കണം. കേളപ്പൻ മെമ്മോറിയൽ

ആശുപത്രിയിലെ വാഹനം സൂക്ഷിക്കുന്ന ഷെഡിന് വാതിൽപടിപ്പിച്ച് സുരക്ഷിതമാക്കണം ഇവിടത്തെ കെട്ടിടങ്ങളിലെ ചോർച്ച നിത്താനുള്ള സംവിധാനം വേണം. ഈ രണ്ട ആശുപത്രികളിലും വെള്ളം വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കണം.

ഈ പഞ്ചായത്തിലെ ഏക ഗവ: ആയുർവ്വേദ ആശുപത്രിയാണ് മുളഞ്ഞൂർ ആയുർവ്വേദ ഡിസ്പൻസറി. ഈ ആശുപത്രിയിൽ വെള്ളം വെളിച്ചം എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തണം കൂടാതെ ആശുപത്രി കെട്ടിടം ചോർന്നൊലിക്കുന്നതിനാൽ അറ്റകുറ്റപണി നടത്തി സുരക്ഷിതമാക്കണം. ആവശ്യമായ ഫർണിച്ചറുകളും മറ്റുപകരണങ്ങളും ലഭ്യമാക്കണം.

പഞ്ചായത്തിലെ ഏക ഗവൺമെൻറ് ഹോമിയോ ഡിസ്പൻസറി പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്നു. ഈ കെട്ടിടത്തിലേക്ക് സ്വന്തമായി വഴി ഇല്ല. മൃഗാശുപത്രിയുടെ വഴിയിലൂടെ വേണം ഹോമിയോ ആശുപത്രിയിലേക്ക് പോകാൻ ഇവിടം മൃഗങ്ങളും മൃഗങ്ങളുടെ വിസർജ്യങ്ങളുംകൊണ്ട് നിറഞ്ഞിരിക്കും അതിനാൽ ഈ ഹോമിയോ ആശുപത്രി കെട്ടിടത്തിലേക്ക് സ്വന്തമായി ഒരുവഴി അടിയന്തിരമായി നിർമ്മിക്കണം. കൂടാതെ വെള്ളവും വെളിച്ചവും എത്തിക്കാനുള്ള സംവിധാനവും ഉണ്ടാകണം ഇവിടത്തെ ജീവനക്കാരുടെ എണ്ണം അപര്യാപ്തവുമാണ്.

ഈ പഞ്ചായത്തിലെ I P P സെൻറുകളായ പൂക്കാട്ടുകുന്ന്സെൻറർ, അകലൂർസെൻറർ, ലെക്കിടി സെൻറർ, മുളഞ്ഞൂർ സെൻറർ എന്നിവകളുടെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കാൻ വേണ്ട നടപടികളും സ്വീകരിക്കണം. ഇതിനായി വൈദ്യുതി വയറിംഗുകളുടെ ക്ഷമത പരിശോധിച്ച് അറ്റകുറ്റപണി നടത്താനുള്ള സംവിധാനം ഉണ്ടാക്കണം ഉപകരണങ്ങളും, മരുന്നുകളും യഥാസമയത്ത് എത്തിക്കാൻസഹായിക്കുന്ന പ്രവത്തനം ഉണ്ടാകണം കൂടാതെ ഈ സെൻറുകളിലെ സാനിട്ടറി സംവിധാനങ്ങളും കാര്യക്ഷമം ആക്കണം.

പാവപ്പെട്ടവർക്കും, ദുർബ്ബലവിഭാഗക്കാർക്കും, ഹരിജനങ്ങൾക്കും എണ്ണം പരിമിതപ്പെടുത്താതെ കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകണം മേലിൽ നിർമ്മിക്കുന്ന വീടുകൾക്ക് കക്കൂസ് നിർബന്ധമാണ് എന്ന നിബന്ധന ഉണ്ടാകണം. സർവ്വേ നടത്തി ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ പൊതു കക്കൂസുകളും സ്ഥാപിക്കണം പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ പത്തിരിപ്പാല, പഴയലെക്കിടി, മംഗലം, ലെക്കിടി കൂട്ടുപാത, ലെക്കിടി റെയിൽവെസ്റ്റേഷൻ എന്നിവിടങ്ങളിൽ കംഫർട്ട് സ്റ്റേഷനുകളും സ്ഥാപിക്കണം. പത്തിരിപ്പാല, മംഗലം, പഴയലെക്കിടി, ലെക്കിടി കൂട്ടുപാതഎന്നിവിടങ്ങളിലെ അഴുക്കുചാലുകളും വൃത്തിയാക്കണം. അറവുശാലകളിൽ നിന്നും മീൻ ചന്തകളിൽനിന്നും ഉണ്ടാകുന്ന അവശിഷ്ടങ്ങളും സംഭരിച്ച് നശിപ്പിക്കാൻ സംവിധാനം കണ്ടെത്തണം. പഞ്ചായത്തിന് സ്വന്തമായി ഒരു സാനിട്ടറി സംവിധാനം സ്ഥിരമായി ഉണ്ടാകണം. വ്യാപാര സ്ഥാപനങ്ങളിലെ ചപ്പുചവറുകളും നിക്ഷേപിക്കാനായി കുപ്പത്തൊട്ടികളും സ്ഥാപിക്കുക, പഞ്ചായത്തിൽ സ്വന്തമായി ഒരു അറവുശാല സ്ഥാപിക്കണം. ഇതുമൂലം പരിസര മലിനീകരണം ഒരു പരിധിവരെ തടയാം.

ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി പഞ്ചായത്തിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ

പഞ്ചായത്തിന്റെ സാംസ്കാരികകേന്ദ്രത്തോട് അനുബന്ധിച്ച് ഒരു യോഗാഭ്യാസ കേന്ദ്രം സ്ഥാപിച്ചുകൊണ്ട് പഞ്ചായത്തിലെ ജനങ്ങളുടെ കായികവും മാനസികവും ആയ ആരോഗ്യം മെച്ചപ്പെടുത്താം.

ഈ പഞ്ചായത്തിലെ പൊതുശ്മശാനങ്ങളായ അകലൂർ, പല്ലാർമംഗലം, മുളഞ്ഞൂർ എന്നീ ശ്മശാനങ്ങളും സംരക്ഷിക്കുക. മുളഞ്ഞൂർ ശ്മശാനത്തിലേക്കുള്ള വഴിയുടെ പ്രശ്നം പരിഹരിക്കുക.

ആരോഗ്യപ്രവർത്തകരേയും സന്നദ്ധ പ്രവത്തകരേയും ഉൾകൊള്ളിച്ച് ഒരു സന്നദ്ധ സംഘടന

രൂപീകരിച്ച് ഹെൽത്ത് കാർഡ് സംവിധാനം പഞ്ചായത്തിൽ ഉണ്ടാക്കണം. ഇതു മുഖേന പഞ്ചായത്തിന്റെ മൊത്തം ആരോഗ്യനിലവാരം അറിയുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും കഴിയും.

ആയുർവ്വേദം, ഹോമിയോ എന്നീ ചികിത്സാ സമ്പ്രദായങ്ങൾക്ക് കൂടുതൽ പ്രചാരം നൽകണം. ഇതു കൂടാതെ പരമ്പരാഗതവൈദ്യത്തെ പ്രോത്സാഹിപ്പിക്കണം. ആയുർവ്വേദ രംഗത്തെ രൂക്ഷമായപ്രശ്നം ഔഷധസസ്യങ്ങളുടെ ദൗർലഭ്യമാണ്. ഇത് പരിഹരിക്കാനായി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഭാരതപ്പുഴയുടെ തീരപ്രദേശങ്ങളിലെ പള്ളങ്ങളിലും പുറമ്പോക്കുസ്ഥലങ്ങളിലും, തരിശായി കിടക്കുന്ന പ്രദേശങ്ങളിലും ഔഷധസസ്യത്തോട്ടങ്ങൾ നിർമ്മിക്കണം. ഈ പഞ്ചായത്തിലെ പാരമ്പര്യ വിഷചികിത്സാവിദഗ്ധരെ ഉപയോഗിച്ച് വിഷചികിത്സാ കേന്ദ്രങ്ങളും, പാനകേന്ദ്രവും സ്ഥാപിക്കണം.

മദ്യപാനം, പുകവലി, പുകയില ഉപയോഗിച്ചുമുണ്ടാകുന്ന രോഗങ്ങൾ എന്നിവ പ്രചാരണ ബോധവത്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണ വിധേയമാക്കണം. രക്തദാനം, നേത്രദാനം എന്നിവയുടെ മഹത്വത്തെക്കുറിച്ച് ബോധവത്കരിക്കുകയും രക്തദാന സന്നദ്ധസേന രൂപീകരിക്കുകയും വേണം. ഈ പഞ്ചായത്തിന്റെ പ്രധാന കേന്ദ്രത്തിൽ ജനകീയ മെഡിക്കൽസ്റ്റോർ സഹകരണമേഖലയിൽ തുടങ്ങണം. പൊതുജനങ്ങളുടെയും ആരോഗ്യസ്ഥാപനങ്ങളുടെയും സഹകരണമുണ്ടെങ്കിൽ ഈ പഞ്ചായത്ത് ആരോഗ്യത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ എത്തുന്ന സുദിനം അതിവിദൂരത്തല്ല, അതിനുവേണ്ടി കൂട്ടായി യത്നിക്കാം.

പരിസരം ശുചിയായി സൂക്ഷിക്കുക.

ആരോഗ്യം പട്ടിക-1

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

രോഗികളെ സംബന്ധിച്ച വിവരം

വർഷം	ഇൻപേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	രോഗങ്ങളെ സംബന്ധിച്ച വിവരം			പ്രതിവിഷചികിത്സ	മറ്റുള്ള രോഗങ്ങളെ	ആകെ
			തൊക്ക് രോഗം	വാതരോഗം	പകർച്ച വ്യാധികളെ			
പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ-2								
1992—93	210	44 429	4,779	8,962	30,72	—	27,757	44570
1993—94	159	23,540	2,497	3 248	1,485	—	16,438	23669
1994—95	30	23,553	2,078	5,061	1,465	—	14,950	23554
1995—96	10	13,633	1,252	1,762	543	—	10,081	13538
ഗവൺമെന്റ് ആയുർവ്വേദ ഡിസ്പൻസറി-1								
1992—93	—	21634	4288	8247	2933	40	5126	21634
1993—94	—	21410	8531	9324	1265	50	2240	21410
1994—95	—	22179	6350	8260	1836	40	5693	22179
1995—96	—	22011	5350	8450	1571	40	6596	22011
ഗവൺമെന്റ് ഹോമിയോ ഡിസ്പൻസറി-1								
1992—93	—	38389	2360	3629	1220	—	30684	38389
1993—94	—	29010	2058	3350	1727	—	21875	29010
1994—95	—	26141	2048	2985	1544	—	18868	26142
1995—96	—	23032	2050	2018	1709	—	17221	23032

പട്ടിക - 2

പഞ്ചായത്തിലെ സഹകാര്യ ആരോഗ്യകേന്ദ്രങ്ങൾ

രോഗികളെ സംബന്ധിച്ച വിവരം

വർഷം	ഇൻപേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	രോഗങ്ങളെ സംബന്ധിച്ച വിവരം			വിഷചികിത്സ	മറ്റുള്ള രോഗങ്ങൾ	ആകെ
			ത്വക്ക് രോഗം	വാതരോഗം	പകർച്ച വ്യാധികൾ			
1992 – 93	—	3070	820	510	360	20	1360	3070
1993 — 94	—	3180	1088	605	410	18	2131	3164
1994 — 95	—	4770	1200	824	710	22	2181	3737
1995 — 96	—	4839	10 2	810	625	19	2228	3682

കുടിവെള്ളം

മനുഷ്യന് ജീവിക്കാൻ വായു, വെള്ളം പാർപ്പിടം എന്നിവ കൂടിയേ തീരൂ. കുടിവെള്ളത്തിനായി ജനങ്ങളും കൂടുതലായി കിണറുകളെയാണ് ആശ്രയിക്കുന്നത്. വേനൽക്കാലങ്ങളിൽ രൂക്ഷമായ ജലക്ഷാമം ഇവിടെ അനുഭവപ്പെടുന്നു. രണ്ടുകിലോമീറ്റർ ദൂരം വരെ കുടിവെള്ളത്തിനായി സഞ്ചരിക്കേണ്ടി വരുന്ന അവസ്ഥ ഇവിടെ വേനൽക്കാലത്തുണ്ട്.

ഭാരതപ്പുഴയിലെ ലെക്കിടി പമ്പ്ഹൗസും, അകലൂർ വയലിലെ കഴൽകിണറിലെ പമ്പ്ഹൗസും, മുളഞ്ഞൂരിലെ പമ്പ്ഹൗസും പഴക്കാട്ടപറമ്പിലെ പമ്പ്ഹൗസും ആണ് ഇവിടത്തെ പ്രധാനശുദ്ധജല പദ്ധതികൾ. ഈ പഞ്ചായത്തിൽ ഒട്ടാകെ 187 പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. വേണ്ടത്ര വെള്ളം ലഭ്യമാകാത്തതിനാൽ ഗാർഹിക കണക്ഷൻ നല്കിയിട്ടില്ല.

ഈ പഞ്ചായത്തിലെ കിണറുകളുടെ വിവരം താഴെ കാണും പ്രകാരമാണ്.

	തുറന്ന കിണറുകൾ			
	പൊതുകിണർ	സഹകാര്യകിണർ	കഴൽകിണർ	ആകെകിണർ
	25	2109	24	2158
വേനലിൽ വറ്റുന്നത്	14	780	—	794
ഉപയോഗശൂന്യം	4	—	3	7

രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

പത്തിരിപ്പാല	കുണ്ടുകാട് പറമ്പ്
അതിർക്കാട്	ലെക്കിടിക്കുട്ടപാത
പൂക്കാട്ടുകുന്ന്	കുരുടൻകുളം
പാറപ്പള്ളം	നമ്പ്യാർതൊടി കോളനി
കോട്ടക്കാട്	കോളഞ്ചേരിപ്പടി
നെല്ലുകുത്താംപാറ	തെക്കുമംഗലം
വടക്കുംപുറം	പല്ലാർമംഗലം
പഴയലെക്കിടി	ആനപ്പള്ളിയാൽ
തെക്കുചെറോട്	പന്തലംപറമ്പ
ആലുംപാറച്ചോട്	തെക്കേപ്പാട്ടുപടി
ആശാരിത്തറ	ഈങ്ങോറ
നബിടിക്കുന്ന്	പഞ്ഞാംകോട്
പുത്തൂർ	

കുഴൽ കിണറുകളോട് അമിതമായ ആഭിമുഖ്യം പ്രകടിപ്പിക്കുന്ന ജനസമൂഹമാണ് ഇന്നുള്ളത്. ഈ കിണറുകൾ ഉപയോഗിക്കുന്നത് ഭൂഗർഭജലസ്രോതസ്സുകളെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്ന് കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ തുറന്ന കിണറുകളെ പ്രോത്സാഹിപ്പിക്കുകയും കുഴൽ കിണറുകളെ നിരുത്സാഹപ്പെടുത്തുകയും വേണം.

ജല ദൗർലഭ്യം അനുഭവപ്പെടുന്ന ഈ സമയത്തുപോലും ആവശ്യമില്ലാത്ത ജലം പാഴാക്കിക്കളയുകയും ടാപ്പുകൾ നശിപ്പിക്കുകയും ചെയ്യുന്ന പ്രവണത കൂടികൂടി വരികയാണ്. ഇതിനെതിരായി ബോധവത്കരണം ജനങ്ങളിൽ നടത്തുകയും ജനപങ്കാളിത്തത്തോടെ ഇവ സംരക്ഷിക്കുകയും വേണം.

മഴപെയ്യുന്ന സമയത്ത് ആ വെള്ളം ഒഴുകിപ്പോകാനനുവദിക്കാതെ ഭൂമിയിലേക്ക് തന്നെ ആഴ്ന്നിറങ്ങാൻ കുഴികളും, ചാലുകളും നിർമ്മിക്കണം. ഇക്കാര്യത്തിൽ ഓരോവീട്ടുകാരും പ്രത്യേകം ശ്രദ്ധചെലുത്തണം.

മഴക്കാലത്ത് കൈത്തോടുകളിലൂടെ ഒഴുകിപ്പോകുന്ന ജലം താൽക്കാലിക അണകെട്ടി അവിടെത്തന്നെ താഴാൻ അനുവദിക്കണം.

ജലം അമൂല്യമാണ്. ശുദ്ധജലസ്രോതസ്സുകൾ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക.

പ്രകൃതിയെ സംരക്ഷിക്കൂ
ഭാവി സുരക്ഷിതമാക്കൂ

ഈ പഞ്ചായത്തിലെ ശുദ്ധജല വിതരണത്തിന് ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു.

പാലക്കുഴി പമ്പ്	ഒന്നാംവാർഡ്	കുഴൽകിണർ
ഭാരതപ്പുഴ-തടയണ	ഒമ്പതാം വാർഡ്	പമ്പ് ഹൗസ്
ഭ്രതത്താൻ കെട്ട്	ഏഴാം വാർഡ്	തടയണ പമ്പ്ഹൗസ്
ചക്രായം മുളഞ്ഞൂർ	പതിനൊന്നാം വാർഡ്	പമ്പ്ഹൗസ്

മേൽകാണിച്ച പദ്ധതികളിൽനിന്ന് കുടിവെള്ളത്തിന് ക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്ക് വെള്ളം എത്തിക്കാൻ കഴിയും. വെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പത്തിരിപ്പാലയിലെ ടാങ്കിൽ വെള്ളം അടിച്ചുകയറ്റിയാൽ അവിടത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. വെള്ളം അടിച്ചുകയറ്റാനും വിതരണം ചെയ്യാനും ഇപ്പോൾ ഒരു പൈപ്പ് ലൈൻ മാത്രമെ ഉള്ളൂ. ഇത് മാറ്റി അടിച്ചു കയറ്റാനും വിതരണം ചെയ്യാനും വെവ്വേറെ പൈപ്പു ലൈനുകൾ സ്ഥാപിക്കണം. പാറപള്ളം, അതിർക്കാട്, പൂക്കാട്ടുകുന്ന് എന്നീപ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പാലക്കുഴിപമ്പ് പദ്ധതികൊണ്ട് കഴിയും. ഈ പദ്ധതി എത്രയും പെട്ടെന്ന പൂർത്തീകരിക്കണം. കായൽപള്ള പ്രദേശത്തെ വെള്ളക്ഷാമം പരിഹരിക്കാൻ അകലൂർ പാടത്തെ കുഴൽകിണർ പദ്ധതി കാര്യക്ഷമമാക്കിയാൽ മതി. കൂടാതെ ഇപ്പോൾ പേരൂർ പ്രദേശത്തേക്ക് വെള്ളം എത്തിക്കുന്നത് അകലൂർ കുഴൽ കിണറിൽ നിന്നാണ്. പാലക്കുഴി പമ്പ് പദ്ധതി നിലവിൽ വരികയാണെങ്കിൽ പേരൂരിലെ ജലക്ഷാമം ഈ പദ്ധതി മുഖേന പരിഹരിക്കപ്പെടും. ഇപ്പോൾ പേരൂരിലേക്ക് നല്കുന്ന വെള്ളം കായൽപള്ളയിലേക്ക് നൽകാൻ കഴിയും. കൂടാതെ കളത്തെ ജലക്ഷാമം പരിഹരിക്കാൻ ഭാരതപ്പുഴ തടയണയിലെ വെള്ളം പമ്പ് ചെയ്യൽ സാധിക്കും. ഇതിനായി ലെക്കിടി കൂട്ടുപാതയിൽ ഒരു ടാങ്ക് നിർമ്മിക്കണം. ഭാരതപ്പുഴ തടയണ പദ്ധതി പ്രാവർത്തികമാക്കിയാൽ ലെക്കിടി–പേരൂർ, അമ്പലപ്പാറ, മണ്ണൂർ എന്നീ പഞ്ചായത്തുകൾക്കും, ഒറപ്പാലം മുൻസിപ്പാലിറ്റിക്കും വേണ്ട ജലം ലഭിക്കും.

ഈങ്ങോറ പഞ്ഞാംകോട് എന്നീ പ്രദേശങ്ങളിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ മുളഞ്ഞൂർ തോടിലെ ചക്രായം ബണ്ടിനോടനുബന്ധിച്ച് ഒരു പമ്പ്ഹൗസ് സ്ഥാപിക്കണം. ഈ പമ്പ്ഹൗസിൽനിന്നും പൈപ്പ്ലൈൻ ആനപള്ളിയാൽ, തെക്കേപ്പുട്ടുപടി, പന്തലംപറമ്പ് ഭാഗങ്ങളിലേക്ക് നീട്ടിക്കൊണ്ട് നെല്ലിക്കുഴി ഭാഗത്തെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

ഊർജ്ജം

5-6

പൈക്കിടി- പേരൂർ ഗ്രാമപഞ്ചായത്തിലേക്ക് ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി കടന്നു വന്നിട്ട് ദശാബ്ദങ്ങൾ കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവനായി വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിന്റെ ഭൂപ്രദേശത്ത് ഒരു മേജർ സെക്ഷൻ വേണ്ടതിലേറെ ഉപഭോക്താക്കൾ ഉണ്ടായിട്ടും വൈദ്യുതിബോഡിന്റെ ഓഫീസുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്നതും ഈ ഗ്രാമപഞ്ചായത്തിന്റെ പോരായ്മകളിൽ ഒന്നാണ്.

പാലക്കാട് ജില്ലയിലെ എടത്തറ, പാലപ്പുറം എന്നീ സബ്ബ് സ്റ്റേഷനുകളിൽ നിന്നാണ് ഈ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾ വൈദ്യുതി ബിൽ അടക്കുന്നതിനുവേണ്ടി 8ഉം 10ഉം കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ടതുണ്ട് ഉപഭോക്താക്കളിൽഭൂരിഭാഗവും ഗാർഹികഉപഭോക്താക്കളാണ് കാർഷികവ്യവസായിക ഉപഭോക്താക്കളുടെ എണ്ണം കുറവാണ്. ഗാർഹിക ഉപഭോക്താക്കളിൽഭൂരിഭാഗവും വോൾട്ടേജ് ക്ഷാമത്തെകുറിച്ച് പരാതി ഉള്ളവരാണ്. അതുകൊണ്ടു തന്നെ മിക്ക ഗ്രാമസഭകളിലും പുതിയ ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. നിലവിലുള്ള വൈദ്യുതി മീറ്ററുകൾ ഭൂരിഭാഗവും പ്രവർത്തനക്ഷമമല്ല.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ എല്ലാ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2 പ്രേഷണ വിതരണ രംഗങ്ങളിലെ വൈദ്യുതി ബോർഡിന്റെ ശ്രദ്ധപുറവ്–പ്രത്യേകിച്ച് മരകൊമ്പുകൾ മുറിക്കാതിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നം

3 പഞ്ചായത്തിൽ 11 ഹരിജൻ കോളനികൾ വൈദ്യുതീകരിക്കുവാൻ ബാക്കിയുണ്ട്.

4 സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ സ്റ്റെപ് അപ് ഉപയോഗിക്കുന്നത് മറ്റുള്ളവർക്ക് ദോഷകരമായി മാറുന്നു.

സാധ്യതകൾ

•പ്രേഷണവിതരണ രംഗങ്ങളിൽ വരുന്നതകരാറുകളും, മരകൊമ്പുകളും മറ്റും വൈദ്യുത കമ്പികളിൽ തട്ടിയുണ്ടാകുന്ന തടസങ്ങളും വൈദ്യുതി വിതരണ രംഗത്തെ സ്ഥിരം പ്രശ്നങ്ങളാണ് ഈ കാര്യങ്ങൾ ശ്രദ്ധിക്കുവാനും പ്രത്യേക സംവിധാനം പ്രാദേശിക തലങ്ങളിൽ ഉണ്ടാകേണ്ടതാണ്. മിക്ക ഗ്രാമസഭകളും തെരുവുവിളക്കുകൾക്ക് വേണ്ടിയുള്ള നീണ്ടനടപടി കൾ തന്നെ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള സാമ്പത്തിക പരിമിതി കണക്കിലെടുത്ത് ഗ്രാമസഭകൾ തന്നെ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടിയിരിക്കുന്നു. വൈദ്യുതി ബോർഡ് ജീവനക്കാരെ സംബന്ധിച്ച് പലഗ്രാമസഭകളിൽ നിന്നും വിവിധ തരത്തിലുള്ള പരാതികൾ ഉയർന്നുവരികയുണ്ടായി. വൈദ്യുതി ബോഡിന്റെ പ്രവർത്തനം ജനകീയപരിശോധനക്ക് വിധേയമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക. തദ്ദേശ സ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലയിൽ അതാത് തലങ്ങളിൽ നിയന്ത്രണം ഉണ്ടായിരിക്കുക.

നിർദ്ദേശങ്ങൾ

1 പുകയില്ലാത്ത അടുപ്പിന്റെ പ്രചാരണവും, ഉപയോഗവും കാര്യക്ഷമമാക്കുക.

2 ഫ്ളറസെന്റ് വിളക്കുകൾ വ്യാപകമായ പ്രചരണവും അവ ലഭ്യമാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

3 ബയോഗ്യാസ്, സൗരോർജ്ജം എന്നിവ ഉപയോഗിച്ചുള്ള അടുപ്പുകൾ സ്ഥാപിക്കുക.

4 വിറകിന്റെ ആവശ്യത്തിന് വനവൽക്കരണം നടത്തുക.

5 വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനും വീടുകളിലെ ദുരുപയോഗം തടയാനും അപകടങ്ങൾ ഇല്ലാതാക്കാനും വൈദ്യുതി ബോഡിന്റെ സഹകരണത്തോടെ ബോധവൽക്കരണം പരിപാടികൾ സംഘടിപ്പിക്കണം.

6 ഇപ്പോഴത്തെ പഴയലൈൻസംവിധാനംപുതുക്കിപണിയണം.

7 തെരുവു വിളക്കുകൾ കാര്യക്ഷമമാക്കുകയും എല്ലാ പ്രദേശത്തും ഇവ എത്തിക്കുകയും ചെയ്യുക.

8 വൈദ്യുതി എല്ലാപ്രദേശത്തും എത്തിക്കുകയും വൈദ്യുതീകരിക്കാത്ത ഹരിജൻ കോളനികളും വൈദ്യുതീകരിക്കുകയും ചെയ്യുന്നു.

9 പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ട്രാൻസ് ഫോമറുകളും സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

10 അലങ്കാരത്തിന് വൈദ്യുതി ഉപയോഗിക്കുന്നത് കർശനമായി തടയണം.

മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിലെ കാർഷിക ഉൽപ്പന്നങ്ങളുടെയും പരമ്പരാഗത വ്യവസായോൽപ്പന്നങ്ങളുടെയും വിപണന കേന്ദ്രമായിരുന്ന പത്തിരിപ്പാലയിലെ ചന്ത അടുത്തകാലം വരെ നിലനിന്നിരുന്ന നമ്മുടെ പഞ്ചായത്തിന്റെ ഗ്രാമീണസ്വഭാവംപോലും പൊയ്പ്പോണ്ടിരിക്കുന്നു എന്ന ദുഃഖസത്യം ഇതിലൂടെ നാമറിയുന്നു. ഒരു ഗ്രാമീണ ചന്ത സംസ്കാരം വളർത്തിയെടുത്ത് നമ്മുടെ കാർഷിക വ്യവസായിക ഉല്പന്നങ്ങളുടെ പൊതുവിപണിയായി പ്രസ്തുത ചന്തയെ വളർത്തിയെടുക്കുന്നതിലൂടെ സ്വാശ്രയത്വ പ്രസ്ഥാനത്തിന് ഊർജ്ജം പകരാൻ നമുക്ക് കഴിയും.

നെല്ല്, നാളികേരം, നേന്ത്രവാഴ, കശുവണ്ടി, റബ്ബർ, ഇഞ്ചി, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയാണ് പ്രധാന കാർഷിക വിളകൾ. പഞ്ചായത്തിന്റെ വിപണനകേന്ദ്രം ഇല്ലാത്തതാണ് പ്രധാന പ്രശ്നം.

പ്രശ്നങ്ങൾ പരിഹാരനിർദ്ദേശങ്ങൾ

1 പൊതുമാർക്കറ്റോ, ആഴ്ചച്ചന്തയോ ഇല്ല മാർക്കറ്റ് ഉണ്ടാവണം സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കണം.

2 കാർഷികോല്പന്നങ്ങളുപയോഗിച്ച് ഉണ്ടാക്കുന്ന വിഭവങ്ങളുടെ നിർമിതിക്കും വിപണനത്തിനും സഹകരണമേഖലയിൽ സംഘങ്ങൾ രൂപീകരിക്കണം ഇത്തരം ഒരു ശൃംഗലതന്നെ വളർത്തിയെടുക്കണം ഇത്തരം ഒരു വിപണനസമ്പ്രദായം ശക്തിപ്പെടുത്തുന്നതോടുകൂടി സ്വാശ്രയഗ്രാമത്തിലേക്കുള്ള ഒന്നാമത്തെ കാൽവെപ്പായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.

ഗതാഗതം

പഞ്ചായത്ത് രൂപീകൃതമായപ്പോൾ പാലക്കാട് പൊന്നാനി റോഡ് മാത്രമേ ഉണ്ടായിരുന്നുള്ളൂ തുടന്നുണ്ടായ ലെക്കിടി റെയിൽവെസ്റ്റേഷൻ റോഡ്, നെല്ലിക്കുശ്ശി ടിപ്പുസുൽത്താൻ റോഡ്, ഗാന്ധി സേവാസദനം റോഡ്, കൃപലാനിറോഡ്, മുളഞ്ഞൂർ പുലാപറശേരി റോഡ്, കാടികായൽപള്ളറോഡ് പല്ലാർ മംഗലംറോഡ് ഒതക്കുംപെറോട്, കുഞ്ചൻ റോഡ് തുടങ്ങിയവ ടാർചെയ്ത റോഡുകളും ഈ പഞ്ചായത്തിന്റെ വികസനം തുടക്കം കുറിച്ചു. വികസനമെന്നാൽ റോഡ് നിർമ്മാണം മാത്രമാണ് എന്ന വികലധാരണയാൽ റോഡ് നിർമ്മാണത്തിനു വേണ്ടി പൊതുഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്ന പ്രവണത റോഡ് ശൃംഖലയുടെ വ്യാപനത്തിന് ആക്കംകൂട്ടി. റെയിൽപാത കടന്നുപോകുന്ന കേരളത്തിലെ ചുരുക്കം പഞ്ചായത്തിലെ ഒന്നാണ് ലെക്കിടി-പേരൂർ. ഇന്ത്യയുടെ എല്ലാഭാഗത്തേക്കുമുള്ള റെയിൽപാത ഈ പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടി കടന്നുപോകുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് സ്ഥാപിതമായ റെയിൽവെസ്റ്റേഷൻ ഇപ്പോഴുണ്ട് പഞ്ചായത്തിൽ വാഹനഗതാഗത യോഗ്യമായആകെ റോഡ് 84 046 കി. മീറ്റർ ആണ്. ആകെ ടാർ ചെയ്ത റോഡ് 22.02 ആണ് ഉള്ളത് ഈ പഞ്ചായത്തിലെ പത്തിരിപ്പാല പഴയ ലെക്കിടി. മംഗലം ലെക്കിടി കൂട്ടുപാത എന്നീ സ്ഥലത്ത് ഓട്ടോ-ടാക്സി സ്റ്റാൻറുകളും, ഓട്ടോറിക്ഷ ജീപ്പ് കാർ തുടങ്ങിയവയും സർവ്വീസ് നടത്തുന്നു. റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയാനസ്ഥയിലാണ് അറ്റകുറ്റപണികളും യഥാസമയം നടക്കുന്നില്ല വഷ്ക്കാലത്ത് നീർക്കെട്ട് അനുഭവപ്പെടുന്നു ഇതിനുള്ള പ്രധാനകാരണം ഓവുചാലുകളുടെ അഭാവമാണ് ആവശ്യത്തിന് ഫണ്ട് ഇല്ലായ്മ എല്ലാ വികസന പ്രവർത്തനത്തിനും വിലങ്ങുതടിയാകുന്നു. റോഡുകളുടെ ഗുണനിലവാരമില്ലായ്മ, അപകടകരമായ വളവുകളും, റോഡിന്റെ വീതികുറവ്, പാർശ്വങ്ങളിലെ ചാലുകളുടെ അറ്റകുറ്റ പണികളും മുതലായവ പരിഗണിക്കപ്പെടേണ്ടതുണ്ട് റോഡ് പൊട്ടിപൊളിഞ്ഞും താറുമാറായി കിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റ പണി നടത്തുകയെന്നത് പ്രധാന പരാധിയാണ്.

മെറ്റൽ ചെയ്യാനും ടാർചെയ്യാനുമുള്ള നിരവധി നിർദ്ദേശങ്ങളും എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1 തൃശ്ശൂർ ജില്ലയെയും, മണ്ണാക്കാടിനെയും, എളപ്പത്തിൽ കൂട്ടിയിണക്കാവുന്ന മംഗലം-മുളഞ്ഞൂർ പുലാപ്പറശ്ശേരി, വേങ്ങശ്ശേരി, കടമ്പഴിപ്പുറം റോഡ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുക.

2 ഹരിജനങ്ങളും തിങ്ങിപാർക്കുന്നതും കാർഷിക മേഖലയുടെ പുരോഗതിക്ക് അത്യന്താപേക്ഷിതമായ പുത്തൂർ കതിർപറമ്പ് റോഡ് ടാർ ചെയ്യുക.

3 തെക്കുംചെറോട് റോഡ് മണ്ണൂർ പഞ്ചായത്തിലെ കൊട്ടുകുന്ന് റോഡുമായി ബന്ധിപ്പിച്ച് ടാർചെയ്യണം.

4 ഉണ്ണുത്തുമനപടി – കായൽ പള്ളറോഡ് ടാർ ചെയ്യുക.

5 പത്തിരിപ്പാല–വാണിയംപറമ്പ് റോഡ് ടാർ ചെയ്യണം.

6 അതിർക്കാട് റോഡ് ടാർചെയ്യണം.

7 കുപലാനി റോഡ് ടാർ ചെയ്യണം.

8 അകലൂർകാവ്–നെല്ലുകുത്താം പാറ റോഡ് ടാർ ചെയ്യണം.

9 പഴക്കാട്ടപറമ്പ് ഹരിജൻകോളനിടാർചെയ്യണം

മെറ്റൽ റോഡുകൾ

1 ഈങ്ങോറ ചക്രായം I H D P കോളനി മെറ്റൽ ചെയ്യണം.

2 രാമകൃഷ്ണപടി–അടിയംപാടം കോളനി റോഡ് മെറ്റൽ ചെയ്യണം.

3 മുളഞ്ഞൂർ–പഞ്ഞാം കോട് റോഡ് മെറ്റൽ ചെയ്യണം.

4 വാഴാലിക്കാവ്–കുറുപ്പുംപടി പന്തലംപറമ്പ റോഡ് മെറ്റൽ ചെയ്യണം.

5 മുളഞ്ഞൂർ–ചൂഴിക്കാട് റോഡ് മെറ്റൽചെയ്യണം

6 കൂട്ടുപാത–കുരുടംകുളം റോഡ്മെറ്റൽ ചെയ്യണം

മൺറോഡുകൾ

1 മഠത്തുംപടി–വടക്കുംപുറം റോഡ്

2 സദനം–ഗുരുതിയാം റോഡ്

3 മുളഞ്ഞൂർ അയ്യപ്പൻകാവ്–പൊട്ടം പള്ളം–ഭഗവതി കടവ് റോഡ്

4 മിത്രാനന്ദപുരം റോഡ്

5 രാമകൃഷ്ണപടി-ഇടക്കാട്ടപറമ്പ് റോഡ്

6 ഉണ്ണുത്തുംമനപടി-പുത്തൂർ ലിങ്കിങ്ങ് റോഡ് കതിർ പറമ്പ് കോളനി

7 മിത്രാനന്ദപുരം റോഡ്

8 മുളഞ്ഞൂർ സ്കൂൾ–തോട്ടത്തിൽ ചോലപടിറോഡ്

9 രാമകൃഷ്ണപടി–നാരായണ മംഗലത്ത് റോഡ്

10 മുളഞ്ഞൂർ ആപ്പയിൽപടി–നാലാംകുളങ്ങര പടികണ്ടിൽപാടം റോഡ്

11 രാമകൃഷ്ണപടി–കോളേരി റോഡ്

12 വെട്ടുകാട്–ചടയംപാറ റോഡ്

13 പഴയ ലൈക്കിടി–ചെറുമ്പാല റോഡ്

14 പഞ്ചായത്ത് കളിസ്ഥലം റോഡ്

15 കുഞ്ചൻസ്മാരകം–ടീപ്പാറ റോഡ്

16 റെയിൽവെ സ്റ്റേഷൻ–ചാത്തനാംകുണ്ട് റോഡ്

17 പള്ളംതുരുത്ത് ഫാം റോസ്

പാർപ്പിടവും - സാമൂഹ്യ ക്ഷേമവും 5-7

അവലോകനം

വിദ്യാഭ്യാസപരമായും, സാംസ്ക്കാരികമായും മുൻപന്തിയിൽ നിൽക്കുന്ന ഒരു പഞ്ചായത്താണ് ലക്കിടി-പേരൂർ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ 4766 കുടുംബങ്ങളിലായി 26,571 പേർ താമസിക്കുന്നു. ഇതിൽ 12,580 പുരുഷന്മാരും, 13,991 സ്ത്രീകളുമാണ്. ഇതിൽ 3678 പട്ടികജാതിക്കാരാണ് 1,582 വീടുകളും കുടിലുകളും ഓലപ്പുരകളാണ്. ബാക്കി ഇടത്തരം ഓടിട്ട വീടുകളാണ്. ഗവൺമെന്റ് പണത്തിന്റെ അതിപ്രസരം ഈ പഞ്ചായത്തിൽ ഇല്ലാതില്ല. അതെല്ലാം കെട്ടിടനിർമ്മാണത്തിൽ ഒതുങ്ങി നിൽക്കുകയല്ലാതെ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്കൊന്നും ഉപയോഗിക്കുന്നില്ല അതുകൊണ്ട് കുറെയൊക്കെ ടെറസ്സുവീടുകളും ഉണ്ട്. തറയിൽ മൊസൈക്കും, ടൈൽസും ഉപയോഗിച്ച വീടുകളും ഉണ്ട്. 4 ലക്ഷംവീട് കോളനികളും ഹരിജൻ കോളനികളും ഉണ്ട്. ഇവിടെ 487 പട്ടികജാതി കുടുംബങ്ങളും ഉണ്ട്. IRDP വിഭാഗത്തിൽപ്പെട്ട 298 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. അതിൽ 90 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. വിവിധ പദ്ധതികളിലായി ആകെ 219 വീടുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ 101 വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 118 വീടുകൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. ഇവിടെ ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം ഇല്ല. ഈ പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നുണ്ട് (കരിങ്കല്ല്, ഇഷ്ടിക) കെട്ടിടനിർമ്മാണ തൊഴിലാളികളും ഇവിടെ ഉണ്ട്. നിർമ്മാണ തൊഴിലാളികൾക്ക് 120ഉം, അല്ലാത്തവർക്ക് പുരുഷന് 80ഉം, സ്ത്രീകൾക്ക് 50ഉം രൂപ കൂലികൊടുക്കേണ്ടിവരുന്നുണ്ട്. വർദ്ധിച്ചുവരുന്ന കൂലിയും കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ഇന്ന് സാധാരണക്കാരനു വീട് ഒരു കീറാമുട്ടിയായി മാറിയിരിക്കയാണ്. 5 വർഷത്തിനുള്ളിൽ വീടുനിർമ്മാണ സാമഗ്രികളുടെ വിലയിലും തൊഴിലാളികൾക്കുള്ള കൂലിയിലും ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്.

ഈ പഞ്ചായത്തിൽ അധികവും കാർഷിക പ്രവൃത്തികളിലേർപ്പെട്ടിരിക്കുന്ന കർഷകതൊഴിലാളികളാണ്. ഇവിടെ മൊത്തം 417 പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ, 179 പേർക്ക് വിധവാ പെൻഷൻ, 102 പേർക്ക് വാർദ്ധക്യപെൻഷൻ, 138 വികലാംഗപെൻഷൻ, 5 അവശകലാകാരന്മാർക്കുള്ള പെൻഷൻ, 2 കാൻസർ രോഗികൾക്കുള്ള പെൻഷനും കൊടുക്കുന്നുണ്ട്. 3 വർഷമായി തൊഴിലില്ലായ്മവേതനം നൽകുന്നില്ല. ഈ പഞ്ചായത്തിൽ ആകെ 23 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട്. IRDP സർവ്വെ പ്രകാരം 154 ഗ്രാമീണ കൈതൊഴിലാളിയാണ് ഉള്ളത്. അതിൽ 26 പേർക്ക് മാത്രമേ സഹായധനം ലഭിച്ചിട്ടുള്ളൂ. 128 പേർ ഇനിയും ബാക്കിയാണ്.

ഇവിടെ 22 അംഗൻവാടികളും, മഹിളാ സമാജങ്ങളുമായി പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെയും, കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പത്തോ, അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ കൂടനിർമ്മാണം, പശുവളർത്തൽ, ആടുവളർത്തൽ, ഫുഡ് പ്രോസസ് മാച്ച് ഡിഷിങ്ങ് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. 18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ടൈസം. ഈ പദ്ധതിയിൽ കൂടനിർമ്മാണം, പ്ലംബിങ്ങ്, കാർപ്പന്ററി, ഫുഡ്പ്രോസസ്, മാച്ച്-ഡിഷിങ്ങ് എന്നീ ഇനങ്ങളിലായി 47 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

അപര്യാപ്തത

ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനും, റിപ്പയർ ചെയ്യുന്നതിനും വേണ്ട സാമ്പത്തിക സഹായം ആവശ്യാനുസരണം ലഭിക്കുന്നില്ല. കുറഞ്ഞ ചിലവിൽ വീട് നിർമ്മിച്ചുകൊടുക്കുന്നതിനു ഹൗസിംഗ് സൊസൈറ്റികളുടെ പ്രവ

ത്തനം ഇവിടെ ഇല്ല. വീടുവെയ്ക്കുന്നതിന് സ്വന്തമായി സ്ഥലം ഇല്ലാത്തവരും ഇവിടെ ധാരാളം ഉണ്ട്. അങ്ങിനെയുള്ളവർക്ക് സ്വന്തമായി സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിനുള്ള പദ്ധതികളൊന്നുംതന്നെ ഇല്ല വീടുനിർമ്മാണത്തിനുള്ള സാമഗ്രികളുടെ വിലക്കയറ്റവും, കൂലിവർദ്ധനയും വീടുനിർമ്മാണത്തെ ബാധിക്കുന്ന ഒരു ഘടകമാണ്. ലക്ഷംവീട് കോളനികളും റിപ്പയർ ചെയ്തുകൊടുക്കേണ്ടതാണ്. സക്കാറിൽനിന്നും വീട് വെയ്ക്കുന്നതിനും ആനുകൂല്യം ലഭിച്ചവർക്ക് വീട് റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതികളൊന്നുതന്നെ ഇല്ല. പെൻഷൻ ആനുകൂല്യം അർഹതപ്പെട്ട പലർക്കും കിട്ടുന്നില്ല. എല്ലാ അംഗൻവാടികളുടെയും, മഹിളാസമാജങ്ങളുടെയും സ്ഥിതി ശോചനീയമാണ്. കക്കൂസ്, വെള്ളത്തിനും സൗകര്യം മതിൽ ഇതൊന്നും അംഗൻവാടികളിൽ ഇല്ല. മഹിളാ സമാജങ്ങളും, അംഗൻവാടികളും എന്നിവിടങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും ഡോക്ടർ വന്ന് മുലയൂട്ടുന്ന അമ്മമാരെയും, കുട്ടികളെയും, ഗർഭിണികളെയും പരിശോധിച്ച് പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുവേണ്ട പരിപാടികളും നടത്തുകയോ ചെയ്യുന്നില്ല ഐ. ആർ. ഡി. പി. ലിസ്റ്റ് പരിശോധിച്ച് അർഹതയുള്ളവരെകണ്ടെത്തി സക്കാറിൽനിന്നും സഹായധനം ലഭിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അപാകതകളും പരിഹരിക്കണം, പല പദ്ധതികളും ജനങ്ങളുപയോഗപ്പെടുത്താതെ പാഴാക്കികളയുന്നുണ്ട്. സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം ധനസഹായം കൃത്യമായി കിട്ടുന്നില്ല.

സാദ്ധ്യതകൾ

വീടുകൾ വെയ്ക്കുന്നതിന് ആവശ്യമായ മിച്ചഭൂമിയിൽപ്പെട്ട സ്ഥലങ്ങളും ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉള്ളതിനാൽ ആ പ്രദേശത്ത് വീടുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്. ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് വീടുനിർമ്മിക്കുന്നതിനും, റിപ്പയർ ചെയ്യുന്നതിനുംവേണ്ട ധനസഹായം അനുവദിക്കണം. പഞ്ചായത്തിന് ഒരു ഭവന നിർമ്മാണ സഹകരണസംഘം ആവശ്യമാണ്. ചെലവു കുറഞ്ഞ നിർമ്മാണ രീതിയുടെ പ്രചരണം ആവശ്യമാണ്. നിർമ്മാണ തൊഴിലാളികൾക്കും, തൊഴിൽ രഹിതർക്കും പുതിയ രീതികളിൽ പരിശീലനം നൽകണം. ലക്ഷംവീടുകൾ റിപ്പയർ ചെയ്തുകൊടുക്കണം. എല്ലാ പട്ടികജാതിക്കാർക്കും വീടുവെയ്ക്കാനുള്ള സാമ്പത്തിക സഹായം അനുവദിക്കണം. ഈ പഞ്ചായത്തിൽ ഓലപ്പുരകൾ ധാരാളം ഉണ്ട്. ഓലമാറി ഓട് മേയാൻ സാദ്ധ്യതയുള്ള വീടുകൾക്ക് വേണ്ട ധനസഹായം അനുവദിക്കണം. എല്ലാ അംഗൻവാടികളുടെയും പ്രാഥമിക സൗകര്യം പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്. അംഗൻവാടിയോടനുബന്ധിച്ച് മഹിളാ സമാജങ്ങളും രൂപീകരിച്ച് ശിശുപരിപാലനം, പോഷകാഹാരം, പ്രതിരോധ ചികിത്സാ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തുതല പരിപാടി ആവശ്യമാണ്. അർഹതപ്പെട്ട എല്ലാവർക്കും പെൻഷനുകളും. ധനസഹായങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം ആവശ്യമാണ്.

തൊഴിലില്ലാത്തവർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള ചെറുകിട വ്യവസായങ്ങളും, കുടിൽ വ്യവസായങ്ങളും, എന്നിവ തുടങ്ങുന്നതിനുള്ള ധനസഹായങ്ങളും ചെയ്തുകൊടുക്കണം. ഈ പഞ്ചായത്തിൽ രണ്ട് ഡയറി ഫാം ഉണ്ട്. ഡയറി ഫാം തുടങ്ങാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഡയറി ഫാം ഉണ്ടാക്കണം. അതുമുഖേന പശുക്കളെ വാങ്ങാൻ ലോൺ കൊടുക്കണം. സ്ത്രീകൾക്ക് കോഴി, ആട്, കന്നുകാലി എന്നിവ വളർത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കണം. IRDP ലിസ്റ്റ് പരിശോധിച്ച് യഥാർത്ഥ അർഹതയുള്ളവരെ കണ്ടെത്തി അവർക്ക് സഹായം ലഭിക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. DWCRA, ടൈസം എന്നീ പദ്ധതികളിൽ കൂടുതൽപേരെ ഉൾപ്പെടുത്തണം. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടണം. (സിമന്റ്, കമ്പി മുതലായവ) സക്കാർ ലഭ്യമാക്കുന്ന വായ്പകളുള്ള സാങ്കേതികവും, സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കണം. കാലതാമസം ഒഴിവാക്കണം. സ്റ്റേജ് സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് നൽകണം. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണവായ്പകളുടെ സംഖ്യ വർദ്ധിക്കണം. ഈ പഞ്ചായത്തിൽ ഒന്നാം വാർഡിൽ പള്ളംതുരുത്ത് പ്രദേശത്തേക്ക് റെയിൽ ക്രോസിങ്ങ് സൗകര്യം ഏർപ്പെടുത്തിയാൽ ആ പ്രദേശത്ത് ഇഷ്ടിക നിർമ്മിക്കുന്നതിനും, കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ കോരുന്നതിനും സഹായകമാവും. ഇതുകൊണ്ട് 1, 2, 3, 4 വാർഡുകളിലെ ജനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുവേണ്ട ഇഷ്ടിക, മണൽ എന്നിവ ലഭിക്കുന്നതിനുള്ള സാമ്പത്തിക ലാഭം ഉണ്ടാക്കുകയും ചെയ്യും.

കലാ സാംസ്കാരികം 5-8

ലക്കിടി-പേരൂർ പഞ്ചായത്തിലെ സാംസ്കാരിക കേന്ദ്രമെന്ന് വിശേഷിപ്പിക്കാവുന്ന കിള്ളിക്കുറുശ്ശി മംഗലത്തെ കേന്ദ്രികരിച്ചാണ് ഈ പഞ്ചായത്തിന്റെ സാംസ്കാരിക വളർച്ച.

സാഹിത്യത്തിലും, കലകളിലും, പാണ്ഡിത്യത്തിലും ഒരുപോലെ പ്രഗത്ഭരായിരുന്ന ഒട്ടേറെ മനുഷ്യരുടെ ജൻമംകൊണ്ടും, കർമ്മംകൊണ്ടും ആനുഗ്രഹീതമാണ് ഈ ഗ്രാമം. ഹാസ്യ സാഹിത്യ സാമ്രാട്ടും ഒട്ടൻതുള്ളൽ കലയുടെ ഉപജ്ഞാതാവുമായ മഹാകവി കുഞ്ചൻ നമ്പ്യാരിൽ നിന്നും ആരംഭിച്ച് ഈയിടെ ദിവംഗതനായ കലക്കത്ത് ഗോവിന്ദൻ നമ്പ്യാരോളം നീണ്ടുകിടക്കുന്നുണ്ട് ഈ ശൃംഖല. സാഹിത്യത്തെ എങ്ങിനെ സാമൂഹ്യ വിമർശനത്തിനുള്ള ഉപകരണമാക്കാം എന്നതിന്റെ നിദർശനമാണ് തുള്ളലും, തുള്ളൽ കൃതികളും. കൂത്തു പറയുന്ന ചാക്യാരായിരുന്നു ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ വഴികാട്ടി. ഭരണകർത്താക്കളെയും, അവരുടെ ഉല്ലാളൻമാരെയും കൂർത്തുമൂർത്ത വാക്ശരങ്ങളാൽ കുത്തിമുറിവേൽപ്പിക്കുന്നതിന് അദ്ദേഹത്തിനൊട്ടും തടസ്സമായി തോന്നിയില്ല അന്നത്തെ സാമൂഹ്യ വ്യവസ്ഥിതി.

കലക്കത്ത് രാമപാണിപാദർ, ആറൂർ കൃഷ്ണപ്പിഷാരടി, കോപ്പാട്ട് അച്ചുതപൊതുവാൾ, പഴേടത്ത് മന ശങ്കരൻനമ്പൂതിരിപ്പാട്, കലക്കത്ത് ഗോവിന്ദൻനമ്പ്യാർ എന്നീ പ്രഗത്ഭമതികൾക്ക് ജൻമം നൽകിയ നാടാണ് കിള്ളിക്കുറുശ്ശിമംഗലം. 'പൂമുത്തേലെഴുന്നോറിരുന്ന ദയിതെ' എന്നു തുടങ്ങുന്ന ഒറ്റശ്ലോകം കൊണ്ടുതന്നെ പ്രശസ്തിനേടിയ പൂന്തോട്ടത്ത് നമ്പൂതിരി എന്നാനും തുള്ളൽ കവിതകളുടെ രചയിതാവ് കൂടിയാണ്. 'സുഭദ്രാഹരണം' ആട്ടക്കഥ രചിച്ചിട്ടുള്ള മന്ത്രേടത്ത് നമ്പൂതിരിപ്പാടിന്റെ നാമധേയം കഥകളി എന്ന കല നിലനിൽക്കുന്നേടത്തോളം വിസ്മരിക്കപ്പെടുകയില്ല.

പരിഹാരങ്ങൾ-നിർദ്ദേശങ്ങൾ

1 വായനശാലയില്ലാത്ത 3, 4, 5, 6, 7, 9 എന്നീ വാർഡുകളിൽ പുതിയതായി വായനശാലകൾ രൂപീകരിക്കണം. നിലവിലുള്ള വായനശാലകളുടെ പ്രവർത്തനം മികച്ചതാക്കാൻ ബോധപൂർവ്വമുള്ള പ്രവർത്തനം സംഘടിപ്പിക്കണം.

2 കലാ സാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരം സൃഷ്ടിക്കുക. പരിശീലനക്കളരികൾ ഏർപ്പെടുത്തുക.

3 നാടൻ കലാരൂപങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് പരിശീലനകളരികൾ ഏർപ്പെടുത്തുക.

സാമ്രാജ്യത്വാനുകൂല മാധ്യമങ്ങളുടെ കടന്നുകയറ്റം നമ്മുടെ ഗ്രാമവും, വിദേശ രാഷ്ട്രങ്ങളും തമ്മിലുള്ള അകലം കുറച്ചിരിക്കുന്നു. സംസ്കാരങ്ങളുടെ കൊടുക്കൽ വാങ്ങൽ പ്രക്രിയക്ക് പകരം നമ്മുടെ സാംസ്കാരിക പൈതൃകം കീഴ്പ്പെടുത്തപ്പെട്ടുകൊണ്ടിരിക്കുന്നു. പ്രതിരോധിക്കാനാവാതെ നാം കാഴ്ചക്കാരാവുകയാണ്. എല്ലാ രംഗങ്ങളിലും മൂലശോഷണം സംഭവിക്കുന്ന ഭീതിജനകമായ അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. സാംസ്കാരിക ഉയർത്തെഴുന്നേൽപ്പിലൂടെ മാത്രമേ ജീവിതത്തിൽ നാനാമേഖലകളിലേയും ഗുണപരമായ മാറ്റം കൊണ്ടുവരാൻ നമുക്ക് കഴിയുകയുള്ളു. ജാഗരൂകരാവുകയും പ്രതിരോധനിര പടുത്തുയർത്തി പ്രതിലോമ ശക്തികളെ ചൊരുത്തുതോൽപ്പിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ചരിത്രപരമായ അടിയന്തിര കർത്തവ്യം.

കൂടിയാട്ട കലാരംഗത്ത് അതികായനായിരുന്ന മാണി മാധവ ചാക്യാർ കഥകളി അധ്യാപകനായിരുന്ന കോപ്പാട്ട് അപ്പുണ്ണി പൊതുവാൾ, ഗുരു കേളുനായർ, ശി.വശങ്കരൻ നായർ, മങ്കിളി ശിവരാമൻനായർ, പാണ്ടത്ത് ശങ്കരൻനായർ വേങ്ങേരി നമ്പൂതിരി കഥകളി വാദ്യരംഗത്ത് പ്രശസ്തരായിരുന്ന എരേച്ചൻനായർ, അച്ചുതപിഷാരടി മുതലായവരും കലാരംഗത്ത് പേരെടുത്തവരായിരുന്നു. ക്ഷേത്ര വാദ്യകലകളിൽ പ്രാവീണനായ പാണ്ടത്തെ ഗോവിന്ദൻ നായർ അടുത്തകാലത്താണ് നിര്യാതനായത്.

ആധുനിക കാലഘട്ടത്തിലേക്ക് കടന്നാൽ സ്ഥിതി ആകെ മാറി. സാഹിത്യരംഗത്തും, കലാരംഗത്തും പുത്തൻ നാമ്പുകളുണ്ടാകുന്നുണ്ടെങ്കിലും അവർക്കു വേണ്ടപോലെ വളരാനുള്ള വളക്കൂറും, വെളിച്ചവും ലഭിക്കാത്തതു കൊണ്ട് ഇളം നാമ്പുകൾ മുളയിലെ വാടിക്കരിയുകയാണ്. ആ പ്രതിഭകൾക്ക് വളരാനുള്ള സാഹചര്യം ഉണ്ടാക്കികൊടുക്കേണ്ടത് പഞ്ചായത്തിന്റെ അടിയന്തിര ബാദ്ധ്യതയായി കാണേണ്ടതാണ്.

പേരൂർ ഗാന്ധിസേവാസദനം, പഞ്ചായത്തിൽ നല്ല നിലയിൽ വളർന്നുവന്ന 5 ഗ്രന്ഥശാലകളും ഏതാണ്ട് അത്രതന്നെ കലാസമിതികളും എന്നിവ സാംസ്കാരിക വളർച്ചക്ക് അവരുടേതായ പങ്ക് വഹിക്കുന്നുണ്ട്. ഈ സംഘടനകളുടെ വളർച്ചക്ക് പഞ്ചായത്ത് പ്രോത്സാഹനം നൽകേണ്ടതുണ്ട്.

മുകളിൽപറഞ്ഞ ക്ഷേത്രകലകളെപ്പോലെയോ അതിൽ കൂടുതലോ ജനസമ്മിതി നേടിയ നാടൻ കലാരൂപങ്ങളും ഇന്നാട്ടിൽ ഒട്ടേറെ പ്രചാരത്തിലുണ്ട്. ക്ഷേത്രങ്ങളിലെ പൂരാഘോഷത്തോടനുബന്ധിച്ച് 'തുകിലുണർത്തലു മായി വീടുവീടാന്തരം കയറിഇറങ്ങുന്ന പൂതൻ. തിറ, വെള്ളാട്ട്, തെക്കൻ-തെക്കി, നായടി, കുമ്മാട്ടി. ആണ്ടി തുടങ്ങിയവയും ചില പ്രത്യേക സമുദായക്കാരുടെ വിവാഹം തുടങ്ങിയ ആചാരങ്ങളോടനുബന്ധിച്ച് നടത്തിവരുന്ന പരിചമുട്ടുകളി: കേൽക്കളി തുടങ്ങിയവയും കർഷക നൃത്തമെന്ന് വിശേഷിപ്പിക്കാവുന്ന ചവിട്ടുകളി മുതലായവയും ദഫ്മുട്ട്, അറവനമുട്ട് തുടങ്ങിയവയും ഈ ഗ്രാമത്തിന്റെ സാംസ്കാരിക കലവറയിലെ ഈടുവെപ്പുകളാണ്. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഈ കലകളെ പുനഃരുദ്ധരിക്കുന്നതിന് പഞ്ചായത്തിന്റെ സത്വര ശ്രദ്ധ പതിയേണ്ടതാണ്. നമ്പൂതിരിഭാരുടെ ഇടയിൽ ഒരുകാലത്ത് പ്രചാരത്തിലിരുന്ന പാനെങ്കളി അല്ലെങ്കിൽ സംഘകളി (ചാത്തിരാങ്കം) എന്ന കലാരൂപം ഈ നാടിന്റെ കുത്തകയായിരുന്ന ആ പാരമ്പര്യം അസ്തമിച്ചുകഴിഞ്ഞു.

മോഹിനിയാട്ട രംഗത്ത് പ്രഗത്ഭമതികളായിരുന്ന മങ്കിളി കൊച്ചുകുട്ടി അമ്മ, ചോമായിൽ മാധവിക്കുട്ടി അമ്മ എന്നിവരെയും ഇത്തരുണത്തിൽ അഭിമാനപൂർവ്വം സ്മരിക്കാതെ വയ്യ. കുഞ്ചൻനമ്പ്യാർ സ്മാരകത്തിൽ ഓട്ടംതുള്ളൽ, മൃദംഗം, സംസ്കൃത പഠനക്ലാസ്സ്, കുഞ്ചൻ സ്മാരക കലാസമിതിയിൽ നൃത്തപഠന ക്ലാസ്സ് എന്നിവ നടത്തുന്നുണ്ട്. കുഞ്ചൻ സ്മാരകത്തിന്റെ ഇന്നത്തെ ശോചനിയാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. ഹിന്ദി സാഹിത്യത്തിൽനിന്നും മലയാളത്തിലേക്ക് നിരവധി പുസ്തകങ്ങൾ പി. എം. കുമാരൻ നായർ വിവർത്തനം ചെയ്തിട്ടുണ്ട്. വീണാവിദുഷിയായ പേരൂർ നായരു വീട്ടിലെ നേത്യാർ ലക്കിടി പഞ്ചായത്തിന്റെ അഭിമാനമായിരുന്നു.

കഥകളി അക്കാഡമിപോലുള്ള സ്ഥാപനങ്ങൾ നടത്തുകയും, കലകളിക്ക് ഒട്ടനവധി സംഭാവനകൾ നൽകുകയും ചെയ്തിട്ടുള്ള ആളാണ് സദനം കുമാരൻ നായർ. യഥാർത്ഥത്തിൽ നമ്മുടെ സംസ്കാരത്തിന്റെ ജീവവായുവായ നാടൻ പാട്ടുകളും, നാടൻ കലാരൂപങ്ങളും മിക്കവാറും അപ്രത്യക്ഷമായിരിക്കുന്നു. സാംസ്കാരിക നവോത്ഥാനത്തിന് ആക്ഷേപഹാസ്യത്തിന്റെ ഈ തലമൂർച്ചയുള്ള വാളുമായി യാഥാസ്ഥിതികത്വത്തിനും, അധികാരഗർവ്വിനുമെതിരായ തുള്ളൽകവിതകളുടെ ഉപജ്ഞാതാവായ മഹാകവി കുഞ്ചൻനമ്പ്യാരുടെ ജൻമംകൊണ്ട് അനുഗൃഹീതമാണ് നമ്മുടെ പഞ്ചായത്ത്.

താഴെ പറയുന്ന നിർദ്ദേശങ്ങളാണ് ഇക്കാര്യത്തിൽ മുന്നോട്ടുവെക്കാനുള്ളത്.

1 പഞ്ചായത്തിന്റെ ഓരോ വാർഡിലും ഓരോ ഗ്രന്ഥശാലകളും, ഓരോ കലാസമിതികളും രൂപീകരിക്കുക

2 ക്ഷേത്രകലകളും, നാടൻകലകളും മുതലായവ അഭ്യസിപ്പിക്കുന്നവർക്ക് കലാസമിതികളും മുഖേന സാമ്പത്തിക സഹായം ഏർപെടുത്തുക.

3 കലാകാരൻമാരുടെ കഴിവുകളും പ്രകടിപ്പിക്കുന്നതിന് വേദി ഒരുക്കികൊടുക്കുക.

4 കുട്ടികളുടെ വായനാശീലം വളർത്തുന്നതിന് ഗ്രന്ഥശാലകളിലൂടെ സാഹിത്യ മത്സരം നടത്തുക.

5 പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും കലാസംഘടനകളെയും കലാരംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികളെയും ഏകോപിപ്പിച്ച് ഒരു കേന്ദ്രസമിതി ഉണ്ടാക്കി സാംസ്കാരിക പ്രവർത്തനങ്ങളും അവരെ ഏൽപ്പിക്കുക.

6 കലാസദനം വളർത്തിയെടുക്കാൻ ഡമോൺസ്ട്രേഷൻ ക്ലാസ്സുകളും, സെമിനാറുകളും പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ഇടക്കിടയ്ക്ക് സംഘടിപ്പിക്കാൻ ശ്രദ്ധിക്കണം.

വനിതാക്ഷേമം

5-9

നമ്മുടെ പഞ്ചായത്തിലെ മിക്ക വീടുകളിലും പുരുഷ മേധാവിത്വം നിലനിൽക്കുന്നു. സ്ത്രീകൾ പല രംഗങ്ങളിലും മുന്നോട്ടുവരാൻ തൽപ്പരരാണെങ്കിലും പുരുഷൻമാരുടെ ഭാഗത്തുനിന്ന് വേണ്ട പ്രോത്സാഹനം ലഭിക്കാത്തതുകൊണ്ട് അവർ പിന്നോട്ട് നിൽക്കുന്നു. തൽഫലമായി സ്ത്രീകൾ മുന്നോട്ടുവന്നാൽ തന്നെ സമൂഹം സ്ത്രീകളെ പരിഹാസ രൂപത്തിൽ കാണുന്നു അതു കാരണംകുറച്ച് മുന്നോട്ടുവന്ന് പിന്നീട് വീടുകളിൽ ഒതുങ്ങി നിൽക്കുന്ന ഒരു സാഹചര്യമാണ് കണ്ടുവരുന്നത്. ഇതിന് ഒരു മാറ്റം വരണമെങ്കിൽ നിയമത്തിൽ മാറ്റം വരുത്തി എല്ലാ രംഗങ്ങളിലും തുല്യമായ സംവരണം ഏർപ്പെടുത്തണം. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളെ മുന്നോട്ടുകൊണ്ടുവരാനായി വേണ്ട പ്രോത്സാഹനം ആവശ്യമാണ്.

സ്ത്രീകൾക്ക് തൊഴിൽമേഖലകൾ നമ്മുടെ പഞ്ചായത്തിൽ കണ്ടെത്തി കൂടുതൽപേർക്ക് തൊഴിൽ നൽകിയാൽ കുടുംബ വരുമാനം വർദ്ധിക്കുകയും പൂർണ്ണമായും പുരുഷൻമാരെ ആശ്രയിച്ച് ജീവിക്കുന്ന അവസ്ഥ ഇല്ലാതാവുകയും സമൂഹത്തിൽ സ്ത്രീകളുടെ അന്തസ്സ് ഉയരുകയും ചെയ്യും. സമൂഹത്തിൽ സ്ത്രീകൾ വളരെയധികം ദുരിതമനുഭവിക്കുന്ന ഒരു അവസ്ഥാവിശേഷമാണ് ഇന്നുള്ളത്. ഈ അവസ്ഥ മാറ്റിയെടുക്കണമെങ്കിൽ മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹിക വിപത്തുകൾക്കെതിരായ ബോധവൽക്കരണം അത്യാവശ്യമാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുവരണമെങ്കിൽ നാം യത്നിക്കണം.

നമ്മുടെ പഞ്ചായത്തിൽ ഏകദേശം 4766 വീടുകളുണ്ട് ഇവ 11 വാർഡുകളായി വിഭജിച്ചിരിക്കുന്നു. ഇവയിൽ 4 വാർഡുകളിൽ സ്ത്രീ സംവരണം ഏർപ്പെടുത്തിയിരിക്കുന്നു. മേൽപ്പറഞ്ഞ വീടുകളിൽ ഏകദേശം 13991 സ്ത്രീകൾ ഉണ്ട്. ഇവയിൽ പട്ടികജാതിയിൽപ്പെട്ടവർ 1725 സ്ത്രീകൾ ആണ്. ഈ സ്ത്രീകളെല്ലാം വിവിധ മേഖലകളിൽ തൊഴിലുമായി ബന്ധപ്പെട്ടവരാണ്. മേൽപ്പറഞ്ഞ 11 വാർഡുകളിൽനിന്ന് ചില വാർഡുകളിൽ വനിതകളുടെ നേതൃത്വത്തിൽ മഹിളാ സമാജങ്ങളും, അംഗൻവാടികളും പ്രവർത്തിക്കുന്നു. വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ നാം ശ്രദ്ധ ചെലുത്തുകയാണെങ്കിൽ സ്കൂളുകളിൽ വനിതകൾ അദ്ധ്യാപകരായി കൂടുതൽ കാണുന്നു. പെൺകുട്ടികൾ കൂടുതൽ സ്കൂളുകളിൽ പഠിക്കുന്നു. ആൺകുട്ടികൾ ഒരു നിശ്ചിത ക്ലാസ്സുവരെ വിദ്യാഭ്യാസം ലഭിച്ചതിനുശേഷം അവർ അവരുടെ ജീവിതമാർഗ്ഗം തേടിപോകുന്നു. പെൺകുട്ടികൾ തൊഴിൽമേഖലകളിൽ പ്രവേശിക്കാൻ വേണ്ടത്ര വിദ്യാഭ്യാസവും പ്രോത്സാഹനം ലഭിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ മൊത്തം സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ മേഖലകൾ ഏതെല്ലാമാണ് അഭിവൃദ്ധിപ്പെടേണ്ടതെന്നും താഴെ ചേർക്കുന്നു

പ്രശ്നങ്ങൾ

1 സ്ത്രീകൾക്ക് തൊഴിൽ മേഖലകളിൽ ഏർപ്പെടുവാനായി വിവിധ കുടിൽ വ്യവസായങ്ങൾ ഏർപ്പെടുത്തണം. (കുട നിർമ്മാണം, സോപ്പ് നിർമ്മാണം, റെഡിടുയ്ഡ്വസ്ത്ര നിർമ്മാണം, കോഴി, ആട്, പശുവളർത്തൽ)

2 മഹിളാസമാജങ്ങൾ, സ്ത്രീകളുടെ നേതൃത്വത്തിൽ സജീവമായി പ്രവർത്തിക്കണം.

3 ചാരായ നിരോധനം നടപ്പിലാക്കണം.

4 അംഗൻവാടികൾ ആവശ്യമാണ്.

5 സ്ത്രീകൾക്ക് കാർഷികമേഖലയിൽ അഭിവൃദ്ധിപ്പെടണമെങ്കിൽ കൃഷിവേൻ മുഖേന നടത്തുന്ന Women in Agriculture എന്ന സംഘടന കൂടുതൽ ശക്തി പ്രാപിക്കണം.

6 വനിത സഹകരണ സംഘങ്ങൾ വനിതകളുടെ നേതൃത്വത്തിൽ സജീവമായി പ്രവർത്തിക്കണം.

7 തുന്നൽ പഠിച്ച ധാരാളം സ്ത്രീകൾ പഞ്ചായത്തിൽ ഉള്ളതുകൊണ്ട് തുന്നൽകേന്ദ്രങ്ങൾ ഏർപ്പെടുത്തണം.

8 സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുവാനുള്ള സഹായങ്ങൾ ലഭ്യമാക്കണം.

9 സ്ത്രീകൾക്ക് സഹകരണാടിസ്ഥാനത്തിൽ പാൽ സൊസൈറ്റി രൂപീകരിക്കേണ്ടതാണ്.

10 പഞ്ചായത്തിൽ ഖാദിബോർഡ് സ്ഥാപനങ്ങൾ കൂടുതൽ ഉണ്ടാവണം.

11 തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ തുടങ്ങണം.

12 അഗതികളായ സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം.

13 സ്ത്രീകൾക്ക് തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.

14 വ ഭവസാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങി പരിശീലന പരിപാടികൾ നടപ്പിലാക്കുക.

15 കേന്ദ്രപദ്ധതികൾ നടപ്പിലാക്കണം.

സാദ്ധ്യതകൾ

ചുരുങ്ങിയത് 25 അംഗങ്ങളുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് സഹകരണസംഘ രൂപത്തിൽ പ്രവർത്തിപ്പിക്കുക. അയൽക്കൂട്ടങ്ങളിലെ അംഗങ്ങളിൽനിന്ന് മൂലധനം സ്വരൂപിച്ച് അംഗങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കും ഉൽപ്പാദന മേഖലയിലും, ഉപയോഗിക്കുവാൻ കഴിയണം. ഇത്തരം അയൽക്കൂട്ടങ്ങളുടെ സാന്നിദ്ധ്യത്തിൽ സ്വയംതൊഴിൽ കണ്ടെത്തുവാനുള്ള സംരംഭങ്ങളും ഏർപ്പെടുത്തുവാൻ സാധിക്കും. മഹിളകൾക്ക് പച്ചക്കറി ഉൽപ്പാദനത്തിന് ആവശ്യമായ തോട്ടങ്ങൾ നിർമ്മിക്കുവാനുള്ള സാഹചര്യങ്ങൾ കൃഷിഭവൻ മുഖേന ഉണ്ടാക്കണം. എങ്കിൽ സ്ത്രീകൾക്ക് വരുമാനമാർഗ്ഗം വർദ്ധിക്കാനുള്ള ഒരു അവസരംകൂടി ലഭിക്കും. കാലിവളർത്തലിന് ആവശ്യമായ സാഹചര്യങ്ങൾ ലഭിക്കുകയാണെങ്കിൽ സ്ത്രീകളുടെ തൊഴിൽമേഖല അഭിവൃദ്ധിപ്പെടുവാനുള്ള അവസരം ലഭിക്കും. Women in Agriculture മുഖേന സ്ത്രീകൾ വീടുകളിൽ കൃഷിചെയ്ത് വളർത്തിയിട്ടുള്ള കുറ്റിമുല്ല, സുഗന്ധദ്രവ്യങ്ങൾ എന്നിവ വിൽപ്പന നടത്താൻ സഹകരണസംഘങ്ങൾ രൂപീകരിക്കുകയാണെങ്കിൽ പഞ്ചായത്തിലെ വരുമാന മാർഗ്ഗം ഉയരുവാൻ സാധിക്കും. സഹകരണാടിസ്ഥാനത്തിൽ കുടനിർമ്മാണം, സോപ്പ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ഫുഡ് പ്രൊസ്സസിങ്ങ്, കരകൗശല നിർമ്മാണം, നെയ്ത്ത് കേന്ദ്രം ബ്രഷ് നിർമ്മാണം, ചന്ദനനിർമ്മാണം.

സഹകരണം

5-10

1932-ൽ മദ്രാസ് സഹകരണ നിയമപ്രകാരം മലബാർ ഭാഗത്ത് പി. സി. സി. സൊസൈറ്റികൾ രൂപംകൊള്ളുന്നു. ജന്മിമാരുടെയും, നാട്ടുപ്രമാണിമാരുടെയും കുത്തകമേധാവിത്വത്തിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കാൻ വേണ്ടിയായിരുന്നു. ഈ നിയമപ്രകാരം ഈ പ്രദേശത്ത് ഉണ്ടായ സഹകരണ സ്ഥാപനമാണ് പൊന്നാനി സൊസൈറ്റി. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും വിതരണം ചെയ്യുകയുമായിരുന്ന ഇവയുടെ പ്രവർത്തനം ഇതിനെ തുടർന്ന് ഒറപ്പാലം പി. സി. സി. രൂപംകൊള്ളുന്നു. ഒറപ്പാലം പി. സി. സി യിൽ നിന്ന് ഉടലെടുത്തതാണ് പാലപ്പുറം പി. സി. സി പേരൂർ പി. സി. സി, വാണിയംകുളം പി. സി. സി, ലെക്കിടി പി. സി. സി.

ഈ വിഭജനം നടന്നത് 1941 കാലഘട്ടത്തിൽ ആണ്. ഇവയെല്ലാം എം. പി. എസ്. ആയിട്ടാണ് തുടങ്ങിയത്. ലെക്കിടി പാലപ്പുറം പി.സി.സികൾ യോജിപ്പിച്ചുകൊണ്ട് 1964-ൽ പാലപ്പുറം ശ്രീരാമകൃഷ്ണ സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങി.

പഞ്ചായത്ത് അതിർത്തിയിലുള്ള സഹകരണ സംഘങ്ങൾ

1 ശ്രീരാമകൃഷ്ണ സർവ്വീസ് സഹകരണ ബാങ്ക് പാലപ്പുറം
2 പേരൂർ സർവ്വീസ് സഹകരണ ബാങ്ക്
3 അമ്പലപ്പാറ സർവ്വീസ് സഹകരണ ബാങ്ക്
4 ഒറപ്പാലം അർബ്ബൻ ബാങ്ക്
5 കാർഷിക വികസന ബാങ്ക് ഒറപ്പാലം
6 ഭവനനിർമ്മാണ സഹകരണ സംഘം

ക്ഷീര സഹകരണ സംഘങ്ങൾ

1 അകലൂർ ക്ഷീരോല്പാദക സഹകരണ സംഘം
2 പൂക്കാട്ടുകുന്ന് ക്ഷീരോത്പാദക സഹകരണ സംഘം

പാലപ്പുറം ശ്രീരാമകൃഷ്ണ സർവ്വീസ് സഹകരണ ബാങ്ക്

ഈ ബാങ്ക് പാലപ്പുറം, ലെക്കിടി എന്നീ ഭാഗങ്ങളെ ഉൾക്കൊള്ളിച്ച് 1949-ൽ ആണ് തുടങ്ങിയത് ലെക്കിടി, പേരൂർ ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിലെ കുറച്ചുഭാഗവും, 8, 9 വാർഡുകളും പൂർണ്ണമായി ഈ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ വരുന്നതാണ്. ഈ ഭാഗങ്ങളിൽ നിന്നായി 2300 മെമ്പർമാർ ഉണ്ട്. S. T, M. T, L. T കാലയളവിലുള്ള കാർഷിക വായ്പകളും ഉണ്ട്. ഗോൾഡ് ലോൺ ബിസിനസ് ലോൺ തുടങ്ങിയ കാർഷികേതര വായ്പകളും കൊടുക്കുന്നുണ്ട്. D R D A, I C D P, ഭവനനിർമ്മാണ ലോണുകളും കൊടുക്കുന്നുണ്ട്. തുടക്കത്തിൽ ശ്രീ ടി. വി. കൃഷ്ണൻ നായർ, ശ്രീ. വി. ശങ്കരനാരായണ മേനോൻ എന്നിവർ ആയിരുന്നു ആദ്യകാല പ്രസിഡൻറുമാർ.

കൃഷിക്കാർക്ക് ആവശ്യമുള്ള രാസവളങ്ങളും, കീടനാശിനികളും, ലിഫ്റ്റ് ഇറിഗേഷൻ തുടങ്ങിയവ നടത്തുന്ന ഈ ബാങ്കിൽ വിശേഷവസരങ്ങളിൽ ചന്തകളും, തുണിത്തരങ്ങളും വില്പനയും നടത്തുന്നുണ്ട്

പേരൂർ സർവ്വീസ് സഹകരണ ബാങ്ക്

ഈ ബാങ്ക് ശ്രീ. കെ. കുമാരൻ പ്രസിഡൻറായി 1960-ൽ തുടങ്ങി. ലെക്കിടി-പേരൂർ പഞ്ചായത്തിലെ 1 മുതൽ 6 വരെയും, 7-ാം വാർഡിന്റെ ഒരു ഭാഗവുമാണ് പ്രവർത്തനമേഖല 2296 അംഗങ്ങളും ഇപ്പോൾ ഉണ്ട് എല്ലാതരം കാർഷിക വായ്പകളും, കാർഷികേതരവായ്പകളും കൊടുക്കുന്നുണ്ട് ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. വി ഭാസ്കരൻ മാസ്റ്ററാണ്.

അമ്പലപ്പാറ സർവ്വീസ് സഹകരണ ബാങ്ക്

ഈ പഞ്ചായത്തിലെ 10, 11 വാർഡുകളും ഉൾക്കൊണ്ടതാണ് ബാങ്ക്. കാർഷിക വായ്പകളും, കാർഷികേതര വായ്പകളും, വളം, കൊപ്ര, കുരുമുളക്, റബ്ബർ എന്നിവ ശേഖരിക്കുകയും വില്പന നടത്തുകയും ചെയ്യുന്നു. ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. എം. ആർ. മാധവൻ ആണ്.

ഒറപ്പാലം അർബ്ബൻ ബാങ്ക്

പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നു. ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു വിവിധതരം വായ്പകൾ കൊടുക്കുന്നുണ്ട് ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. എം. ഹംസയാണ്.

കാർഷിക വികസന ബാങ്ക്

ഏകദേശം 3500 കാഷ്ടിക കുടുംബങ്ങളെ താമസി ക്കുന്ന പഞ്ചായത്താണിത്. കാർഷിക വികസന ബാങ്കിന്റെ പ്രവർത്തനമേഖല പഞ്ചായത്ത് മുഴുവനും ഉൾപ്പെടും വിവിധതരം കാർഷിക വായ്പകളും ബാങ്ക് മുഖാന്തിരം വിതരണം ചെയ്യുന്നുണ്ട്. ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ വാമനൻ നമ്പൂതിരിയാണ്.

ക്ഷീര വ്യവസായ സഹകരണ സംഘം

നിലവിലുള്ള അകലൂർ ക്ഷീരോത്പാദക സഹകരണസംഘത്തിന്റെ പരിധി മൂന്ന് വാർഡാണ്. ഒരു ദിവസം 150ലിറ്റർ പാലാണ് ശേഖരിക്കുന്നത്. കൂടുതൽ കർഷകരെ സംഘം മുഖേന വിതരണം ചെയ്യുവാനും ഉൽപാദനം മൂന്ന് കൊല്ലത്തിനുള്ളിൽ 850 ലിറ്ററായി വർദ്ധിപ്പിക്കുവാനും നടപടിയെടുക്കണം

പൂക്കാട്ടുകുന്ന് ക്ഷീരോത്പാദക സംഘത്തിൽ 175ലിറ്റർ പാലാണ് ശേഖരിക്കുന്നത്. ഇത് 1000 ലിറ്റർ ആയി അടുത്ത 3 വർഷത്തിനുള്ളിൽ ഉയർത്തേണ്ടതുണ്ട്. കൂടുതൽ പ്രദേശങ്ങളെ ക്ഷീരോത്പാദക സംഘത്തിന്റെ പരിധിയിൽപ്പെടുത്തി പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

സഹകരണ സംഘത്തിന്റെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ പേരൂർ സർവ്വീസ് സഹകരണ ബാങ്ക്, ശ്രീരാമകൃഷ്ണ സർവ്വീസ് സഹകരണ ബാങ്ക്, അമ്പലപ്പാറ സർവ്വീസ് സഹകരണ ബാങ്ക്. എന്നിവ ദേഹപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന ബാങ്കിൽ നിന്ന് എടുത്ത വായ്പകളും തിരിച്ചടക്കുന്നില്ല. കാരണം തിരിച്ചടക്കേണ്ടി വരില്ല എന്ന മനോഭാവം പൂർണമായി തിരിച്ചടക്കാൻ സാധിക്കാതെ വരുന്ന സാമ്പത്തികബുദ്ധിമുട്ടാണ്. മിക്ക സഹകരണ ബാങ്കുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് ഈ നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങളും ഒന്നും തന്നെ ബാങ്കുകൾ വഴി നടത്തുവാൻ സാധിക്കുകയില്ല. അതിനാൽ ബാങ്കുകളുടെ നഷ്ടം നികത്തുന്നതിനായി പലിശ രഹിത ദീർഘകാല വായ്പയോ ഓഹരി മൂലധനമോ അനുവദിക്കുക. കാലഹരണപ്പെട്ട തുക വസൂലാക്കുന്നതിനും ഭരണ സമിതി അടിയന്തിര നടപടി സ്വീകരിക്കുക.

എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധപ്പിക്കുക.

നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക.

ബാങ്കുകളും ചിട്ടികളും നടത്തുന്നതിന് പ്രത്യേക നിയമവ്യവസ്ഥ ലഘൂകരിക്കുക.

കർഷകർക്ക് ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനു മുൻപ് തന്നെ പാസ്സാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

കാർഷികാവശ്യത്തിനായി നബാഡിൽനിന്നും ഉദാരവായ്പ കൃത്യമായി അനുവദിച്ചു കിട്ടുന്നതിന് നടപടിയെടുക്കുക.

പലിശ, സബ്സിഡി യഥാകാലം വായ്പകാർക്ക് ലഭ്യമാക്കുക.

കാർഷിക വായ്പ പരിധി ഉയർത്തുക.

ലെക്കിടി-പേരൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് സാമ്പത്തിക അടിത്തറയുള്ള ഒരു സഹകരണ ബാങ്ക് രൂപീകരിക്കുക.

അർഹതപ്പെട്ട വ്യക്തികൾക്ക് അംഗത്വം ഉറപ്പാക്കുക

ബിൽഡേഴ്സ് സൊസൈറ്റി രൂപീകരിക്കുക

കൊപ്ര സംഭരണത്തിന് സർവ്വീസ് സഹകരണ ബാങ്ക് മുഖേന സംവിധാനം ഏർപ്പെടുത്തുക

ഗ്രൂപ്പ് ഫാമിങ്ങ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക

ആർട്ടിസാൻസ് സർവ്വീസ് സൊസൈറ്റി രൂപീകരിക്കുക.

ദീർഘകാല വായ്പ നൽകിവരുന്ന കാർഷിക ബാങ്കുകളുടെ വായ്പ ഉപാധികൾ ലഘൂകരിക്കുക.

നെല്ല്, പച്ചക്കറിശേഖരണ, വിതരണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

കോഴിവളർത്തൽസഹകരണസംഘ രൂപീകരിക്കുക.

കളിമൺ സൊസൈറ്റി രൂപീകരിക്കുക.

നെയ്ത്ത് സഹകരണസംഘം രൂപീകരിക്കുക.

ഹരിജൻ സഹകരണസംഘം വനിത സഹകരണസംഘം എന്നിവ രൂപീകരിക്കുക.

ലേബർ കോൺട്രാക്ടർ സഹകരണ സംഘം രൂപീകരിക്കുക.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിൽ നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയുന്ന പ്രസ്ഥാനമെന്ന നിലയിൽ സഹകരണരംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മൂൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.

അനുബന്ധം 5

പട്ടിക—1

കാർഷിക വായ്പാ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗസംഖ്യ	ഓഹരി മൂലധനം		കടം		നിക്ഷേപം		വായ്പകം				എസ്റ്റാബ്ലിഷ്മെന്റ് ചിലവ്		കണ്ടിജൻസി ചിലവ്	
											കാർഷികം		കാർഷികേതരം					
					ക.	പ.	ക.	പ.	ക.	പ.	ക.	പ.	ക.	പ.	ക.	പ.	ക.	പ.
1	പേരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ് 1617	6.5.1961	പേരൂർ, അകലൂർ പുത്തൂർ ദേശങ്ങൾ	2296	376525	00	8153130	00	3919060	00	836591	00	4580083	00	94966	00	27951	00
2	ശ്രീരാമകൃഷ്ണ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി. 580	15.5.1941	പാലപ്പുറം അംശം മംഗലം തെക്കുമംഗലം ദേശം	6977	1461317	00	27396840	76	27261840	76	562815	00	17992392	00	1043186	00	160487	00
3	അമ്പലപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1512	1964	വടക്കുംപുറം ചെറുമുണ്ടശ്ശേരി, വേങ്ങശ്ശേരി, മുള്ളഞ്ചൂർ അംശം നെല്ലിക്കുറുശ്ശി ദേശം	5401	1126921	00	20889687	40	1938428	740	1742012	00	13886938	00	938604	57	31395	43

പട്ടിക-2

ഒറപ്പാലം കാർഷിക വികസന ബേങ്ക് പഞ്ചായത്തു പ്രദേശത്ത് നൽകിയ വായ്പകളുടെ പട്ടിക

ഉപഭോക്താക്കളുടെ എണ്ണം	വായ്പ ഇനം	നൽകിയ തുക
33	റബ്ബർ	9,84,209-00
46	മൈനർ ഇറിഗേഷൻ	6,71,370-00
33	തെങ്ങ്	2,97,936-00
23	റൂറൽഹൗസിങ്ങ്	12,00,000-00
22	ഓർഡിനറി	2,42,072-00
4	കുരുമുളക്	6,600-00
2	അടയ്ക്ക	10,000-00
1	മഴമ്പറി	14,300-00
1	ട്രാക്ടർ	2,50,000-00
1	കോഴിവളർത്തൽ	80,000-00
5	ആടുവളർത്തൽ	60,000-00
2	ചെറുകിടവ്യവസായം	1,00,000-00
1	വാഹന വായ്പ	30,000-00
1	മേൽത്തരവ്യവസായം	4,00,000-00

പട്ടിക-3

ഹൗസിങ്ങ് സഹകരണസംഘം ഈ പ്രദേശത്തു നൽകിയ വായ്പകളുടെ വിവരം.

ഉപഭോക്താക്കളുടെ എണ്ണം	വായ്പാഇനം	എണ്ണം	നൽകിയതുക
12	പുതിയ വീടുനിർമ്മാണം	12	6,92,000-00
1	വീട് റിപ്പയർ	1	

പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

5-11

പഞ്ചായത്തിൽ പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമ മേഖലയിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെങ്കിലും ഈ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിതനിലവാരം വേണ്ടത്ര ഉയർന്നു കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ ആകെ പട്ടികജാതി പട്ടികവർഗ്ഗക്കാർ 35 കോളനികളിലായി താമസിക്കുന്നു. ഒറ്റപ്പെട്ട ചില വീടുകളും അടുത്ത കാലത്തായി കാണാനുണ്ട്. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി ചൂഷണങ്ങൾക്ക് വിധേയരാണ് ഈ വിഭാഗം ആളുകൾ. ഉച്ചനീചത്വങ്ങളിൽ നിന്നും മോചിതരായിട്ടുണ്ടെങ്കിലും സർക്കാർ ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ച് അറിവില്ലാത്തതുകൊണ്ടും, പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനു കഴിയുന്നില്ല. ഇന്ന് നേട്ടങ്ങൾ മുഴുവൻ ലഭിക്കുന്നത് IHOP കോളനികൾക്കാണ്. മറ്റുള്ളവർക്ക് ഇന്ന് നേട്ടങ്ങളുടെ പട്ടികയിൽ സ്ഥാനമില്ലാത്ത അവസ്ഥയാണ്. ഇതുമൂലം നിരവധി പ്രശ്നങ്ങൾ ഉയർന്നു വരുന്നു. വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കൈവരിക്കാനായിട്ടില്ല. കോളേജിൽ പഠിക്കുന്നതിനു കുട്ടികൾക്ക് താല്പര്യം ഉണ്ടെങ്കിലും അതിനനുകൂലമായ സാഹചര്യമില്ല. സാക്ഷരതാപ്രവർത്തനങ്ങളെ തുടർന്ന് അക്ഷരം പഠിച്ചുവെങ്കിലും തുടർപ്രവർത്തനമില്ലായ്മ മൂലം പഴയതലമുറയിലെ ബഹുഭൂരിപക്ഷവും സാഹചര്യത്തിൽ നിരക്ഷരരാണ്. പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ജീവിച്ചുവന്നവരാണ്. എന്നാൽ ഇപ്പോൾ വലിയൊരു വിഭാഗം നിർമ്മാണതൊഴിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. ആകർഷകമായ വേതനവ്യവസ്ഥകൾ നിർമ്മാണരംഗത്തേക്ക് തൊഴിലാളികളെ ആകർഷിക്കുന്നു.

പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ ലഭിക്കുന്ന തുക അപര്യാപ്തമാണ്. സർക്കാർ ഏജൻസികളുടെ പ്രയാസമേറിയ നിബന്ധനകൾ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു കോളനികളിൽ പരിസര ശുചിത്വം കുറവാണ്. പല വീടുകൾക്കും കക്കൂസില്ലാത്തതാണ് പ്രധാന കാരണം. ഇത് മാറ്റിയെടുക്കേണ്ടതാണ്. അതുപോലെതന്നെ ഇവരുടെ തനതായ സംസ്കാരവും പാരമ്പര്യവും പരിരക്ഷിച്ച് പുരോഗതിയുടെ പാതയിലേക്ക് നയിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. സൂക്ഷ്മമായ തൊഴിലില്ലായ്മ-കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കുറയുന്നു.
2. പാർപ്പിട പ്രശ്നം
3. വൈദ്യുതി, കുടിവെള്ളം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളില്ലായ്മ
4. പട്ടികജാതി വികസനകോർപ്പറേഷനും ഹരിജനക്ഷേമ വകുപ്പും നടപ്പിലാക്കുന്ന പദ്ധതികളുടെയും വായ്പകളുടെയും രൂപത്തിലും ഭാവത്തിലും മാറ്റം ആവശ്യമാണ്.

സാദ്ധ്യതകൾ

1. പഞ്ചായത്തിലെ ചില കോളനികളിൽ ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല. ഈ കോളനികളും വൈദ്യുതീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.
2. കുടിവെള്ളക്ഷാമം രൂക്ഷമായ കോളനികളിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.
3. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ പരിശീലനം നൽകി ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ചെയ്യുക.
4. പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിതപുനരധിവാസ പദ്ധതി നടപ്പിലാക്കി സ്ഥലവും വീടുമില്ലാത്ത കുടുംബങ്ങളെ സഹായിക്കുക.
5. ബോധവൽക്കരണ പരിപാടികൾ സർക്കാർ ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടത്തുക.

6. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും രൂപീകരിക്കണം.

7. കക്കൂസ് നിർമ്മിക്കുന്നതിനുള്ള ധനസഹായം അപര്യാപ്തമാണ്. ഇത് വർദ്ധിപ്പിക്കണം.

8. കതിർപറമ്പ് ഹരിജൻകോളനി റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.

9. തെക്കുമംഗലം അടിയമ്പാടം I H D P റോഡ് ഗതാഗത യോഗ്യമാക്കുക.

10. കോളനികളിൽ ബോധവൽക്കരണത്തിനു വായനശാലകളും T V സെറ്റുകളും സ്ഥാപിക്കുക.

11. വിപുലമായ വായ്പാപദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേന ആവിഷ്ക്കരിക്കുകയാണെങ്കിൽ ഗുണഭോക്താവിന് ഗുണം ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയും.

കോളനികളുടെ വിവരങ്ങൾ

1. കാടഞ്ചേരി പറമ്പ് കോളനി
2. മുണ്ടനാരുക് കോളനി
3. പൂക്കാട്ടുകുന്ന് കോളനി
4. മണ്ണാൻ പറമ്പ് കോളനി
5. ഗുരുതിയാൻ പറമ്പ് കോളനി
6. അടങ്ങിൽ പറമ്പ് കോളനി
7. അകലൂർ പറയൻ കോളനി
8. നായടികുന്ന് കോളനി
9. ആലംതട്ട പടി കോളനി
10. മുല്ലക്കര മണ്ണാൻ കോളനി
11. ഉണ്ണത്ത് മനപടി കോളനി
12. പൂക്കോട്ട പറമ്പ് കോളനി
13. പറങ്കിക്കാട് കോളനി
14. കണ്ടപറമ്പ് കോളനി
15. കതിർ പറമ്പ് കോളനി
16. വാര്യത്ത്പടി കോളനി
17. പഴക്കാട്ട പറമ്പ് കോളനി
18. മേലേപുര കോളനി
19. വടക്കഞ്ചേരി പറമ്പ് കോളനി
20. മൂന്നുണ്ണി പറമ്പ് കോളനി
21. കണ്ടകാട് കോളനി
22. അയ്യരുനപടി കോളനി
23 എടക്കാട് പറമ്പ് കോളനി
24. ചാത്തനാംകണ്ട് കോളനി
25. സ്തൂപപറമ്പ് കോളനി
26 നമ്പ്യാർതൊടി കോളനി
27. തെക്കേപ്പാട്ട് കോളനി
28. കറപ്പം പടി കോളനി
29. മുളഞ്ഞൂർ പറയൻ കോളനി
30. ഇഞ്ചോറ I H O P കോളനി
31. ചുഴിക്കാട് കോളനി
32. നെച്ചിക്കോട് കോളനി
33. വാണിയംപറമ്പ് കോളനി
34. അടിയമ്പാടം I H D P കോളനി
35. ആനക്കോട് കോളനി

വിഭവ സമാഹരണം

5—12

നമ്മുടെ ഗ്രാമ പഞ്ചായത്ത് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യവസായ മേഖലയിലെ ശൂന്യതയും കാർഷിക മേഖലയിലെ താൽപര്യക്കുറവുമാണ്, വലിയ വ്യവസായശാലകളും ഇല്ല എന്നു മാത്രമല്ല ചെറുകിട വ്യവസായങ്ങളും നാമമാത്രമായ 3 തീപ്പെട്ടി കമ്പനികളാണ് ഉള്ളതു്. വൻകിട വ്യവസായരംഗത്തും, ചെറുകിട വ്യവസായരംഗത്തും കാർഷികരംഗത്തും മുന്നേറ്റം നടത്തികൊണ്ടല്ലാതെ വിഭവസമാഹരണത്തിന് പുതിയമാർഗ്ഗങ്ങളും കണ്ടെത്താൻ കഴിയില്ല.

1995 ഒക്ടോബർ 2 നുശേഷം പഴയ ലക്കിടിയിൽവെച്ചും, ലക്കിടി ഉദയാ ടാക്കീസിൽവെച്ചും കൃഷിയേയും, വ്യവസായത്തേയും കുറിച്ച് 2 ബോധവൽക്കരണ സെമിനാറുകളും, ഒരപ്പാലം പ്രോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു വ്യവസായ സെമിനാറും നടത്തുക ഉണ്ടായി. പ്രതീക്ഷയിലും കവിഞ്ഞ ജനപങ്കാളിത്തം ഉണ്ടായെങ്കിലും ബാങ്ക് ലോണുകളുടെ കാര്യത്തിലും, വൈദ്യുതി കണക്ഷൻ കിട്ടാനും, കിട്ടിയാൽ ലോഡ്ഷെഡിംഗ് ഒഴിവാക്കാനും വിഷമം ഉണ്ടെന്നേ തിരിച്ചറിവ് ഒരാളെപോലും ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിഞ്ഞില്ല. ഇതാണ് വ്യവസായരംഗം ഇന്ന് നേരിടുന്ന പ്രധാന പ്രതിസന്ധി. ഇതു പരിഹരിക്കാതെ ഈ രംഗത്തുനിന്ന് പുതിയ വിഭവസമാഹരണത്തിനുള്ള സാദ്ധ്യത വളരെ കുറവാണ്.

കാർഷികരംഗം ഇന്ന് ആകർഷകമല്ലാത്ത ഒരു മേഖലയായി കഴിഞ്ഞിരിക്കുന്നു. ഒറ്റവിളഎടുത്തിരുന്ന കൃഷിഭൂമി മുഴുവനും നാണ്യവിളകൾക്ക് വഴിമാറികൊടുത്തിരിക്കുന്നു. ഉൽപ്പാദനക്ഷമത അനുദിനം കുറയുന്നു. കർഷകർ മറ്റേതെങ്കിലും മേഖലകളിലേക്ക് ചേക്കേറുന്ന കാഴ്ച അനുദിനം കൂടുന്നു. കാർഷികരംഗത്തും വ്യവസായികരംഗത്തും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണഫലങ്ങൾ താമസമെന്യേ നേടാനാവും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ ആശ്രയിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും നിലനിർത്താതെ ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽവെച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. സ്റ്റാമ്പുഡ്യൂട്ടി, ഗ്രാൻറുകൾ, വെഹിക്കിൾ ടാക്സ് മുതലായവ ഉദാഹരണമായി എടുക്കണം. ഒന്നും, രണ്ടും വർഷം കഴിഞ്ഞാണ് ഈ ഗ്രാൻറുകൾ പഞ്ചായത്തുകളിൽ എത്തുന്നത്. ഇത് ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നു. ജനസംഖ്യ, ദാരിദ്രരേഖക്കടിയിലെ ജനസംഖ്യ, പട്ടിക ജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമെ ഗ്രാൻറുകൾ വിതരണം ചെയ്യുവാൻ പാടുള്ളൂ. ഗ്രാൻറുകളുടെ നീതിപൂർവ്വമായ വിതരണത്തിന് ഇതാവശ്യമാണ്.

പട്ടിക 1 വരുമാനത്തിലെ വ്യതിയാനം

ക്രമ നമ്പർ	ഇനം	1991—92 ക. പ.	1995—96 ക. പ.	വ്യത്യാസം ക. പ.
1	കെട്ടിടനികുതി	1,22,810 00	1,83,841 00	61,031 00
2	തൊഴിൽ നികുതി	57,545 00	1,01,780 00	44,235 00
3	വിനോദനികുതി/ അധിക വിനോദ നികുതി	23,592 00	26,156 00	2,564 00
4	വസ്തു കൈമാറ്റ നികുതി	2,08,797 00	1,60,485 00	(—) 48,312 00
5	ഉപാധി രഹിത ഫണ്ട് (ജനറൽ)	1,47,500 00	1,95,000 00	47,500 00

6	എസ്. സി. പി.	77,000 00	1,60,500 00	83,000 00
7	ഗ്രാൻറുകൾ, സംഭാവനകൾ	2,39,198 00	10,88,138 00	8,48,940 00
8	മറ്റു വരവുകൾ	78,131 00	92,970 00	14,839 00
9	ഡെപ്പോസിറ്റ്/കടം, ഇനം	11,219 00	24,874 00	13,655 00
10	ജെ. ആർ. വൈ പദ്ധതി	7,57,016 00	3,84,775 00	(—) 3,72,241 00
	ആകെ	17,23,808 00	24,18,519 00	
	ചിലവ്, എസ്റ്റാബ്ലിഷ്മെൻറ്	2,83,362 00	1,82,675 00	1,99,313 00

നമ്മുടെ ഗ്രാമപഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞവർഷം 11296 രൂപ വസൂലാക്കിയിട്ടുണ്ട്. പക്ഷെ മുഴുവൻ ബിസിനസ്സുകാരെയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. ലോൺ വാങ്ങേണ്ട ആവശ്യം ഉള്ളപ്പോഴോ, എന്തെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോഴോ നികുതി കൊടുക്കുന്ന ഒരു സമ്പ്രദായമാണ് ഇപ്പോൾ നിലവിൽ ഉള്ളത്. കാർഷികവും അല്ലാത്തതുമായ (കിണറ്, കെട്ടിട നിർമ്മാണം, കല്ലുടക്കൽ, ചെത്ത്) കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ മറ്റൊരു ജനവിഭാഗം.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെതായ പങ്ക് നിർവ്വഹിക്കലാണ് നികുതികൊടുക്കുകവഴി ചെയ്യുന്നത് എന്ന് ജനങ്ങൾ മനസിലാക്കുകയും ചെയ്താൽ പഞ്ചായത്തിൻറെ വരുമാനം കൂട്ടുവാൻ കഴിയും. പഞ്ചായത്തിൽ നിലവിൽ വന്നിരിക്കുന്ന വാർഡ് വികസന സമിതികളും, വാർഡ് പ്രതിനിധികളും കൂട്ടായ് പരിശ്രമിച്ചുകൊണ്ട് നികുതി കൊടുക്കേണ്ടവരെയെല്ലാം നികുതികൊടുക്കുന്ന ആദ്യത്തെ പഞ്ചായത്താക്കാൻ കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ മുന്നേറും.

നികുതിയായി തങ്ങളുടെ വരുമാനത്തിൻറെ ഒരു ചെറിയ ഭാഗം പഞ്ചായത്തിനുകൊടുക്കാൻ സാധ്യമാകുന്ന നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1 വിലക്കയറ്റം ഇന്നുള്ളതുപോലെ തുടരുകയാണെങ്കിൽ ഈ കാലഘട്ടത്തിൽ നികുതി ഒരു ഭാരമാകരുത്. വരുമാനത്തിൻറെ ഒരു ചെറിയ ശതമാനമേ നികുതിയായി പാടുള്ളൂ. അങ്ങിനെ ആവുമ്പോൾ എല്ലാവരും നികുതി കൊടുക്കാൻ താൽപ്പര്യമുള്ളവരാകും.

2 വരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും നികുതി വസൂലാക്കാൻ കഴിയണം.

3 നികുതി കൊടുക്കുന്നതുവഴി തങ്ങളും പഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങളിൽ പങ്കുചേരുകയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. അതുകൊണ്ടുതന്നെ ചിലവിൻറെ കണക്കിൽ സുതാര്യത ഉണ്ടായിരിക്കും.

4 നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡ് പ്രതിനിധികളും വാർഡ് വികസന സമിതിയും തയ്യാറാകണം. ഇതും ഒരു വികസന പ്രവർത്തനമാണെന്ന ധാരണ പഞ്ചായത്തിലെ ബഹുജന നേതാക്കൾക്ക് ഉണ്ടാവണം.

5 കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അത് ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം പഞ്ചായത്ത് ഓഫീസുകളിൽ ഉണ്ടാവണം.

നിർദ്ദേശങ്ങൾ

1 ഇപ്പോഴും കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയരീതിയല്ല. നികുതി ചുമത്തുമ്പോഴും കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല ആഡംബരത്വവും വില കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്. നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട്. ഓരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും. സമയവും സ്ഥലവും മുൻകൂട്ടി പിരിച്ചെടുക്കുന്നത് കൂടിശ്ശിക ഇല്ലാതാക്കാൻ സഹായിക്കും.

2 പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും, എയ്ഡഡ് സ്ക്കൂളുകളിലും മറ്റും ജോലിചെയ്യുന്നവരിൽനിന്ന് മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളു. ഇങ്ങനെയുള്ളവരല്ലാതെ തൊഴിൽചെയ്യുന്ന മുഴുവൻപേരും തൊഴിൽ നികുതി നൽകേണ്ടതാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്യൂറൻസ് സ്കീമിന്റെ കീഴിൽ കൊണ്ടുവരികയും തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. ഇത് കച്ചവടക്കാർക്കും നിർമ്മാണ തൊഴിലാളികൾക്കും, മറ്റു തൊഴിലാളികൾക്കും ബാധകമായൊവുന്നതാണ്.

3 വിനോദ നികുതി പരിധിവ് ശാസ്ത്രീയ വൽക്കരിക്കേണ്ടതാണ്.

സാദ്ധ്യതകൾ

1 കല്യാണമണ്ഡപവും, ഷോപ്പിങ്ങ് കോംപ്ലക്സ്, ബസ് സ്റ്റാൻറ്, ടാക്സി സ്റ്റാൻറ്, ഓട്ടോ സ്റ്റാൻറ് എന്നിവ നിർമ്മിക്കുക.

2 കന്നുകാലി, പച്ചക്കറി, മൽസ്യമാംസാദി ചന്ത നിർമ്മിക്കുക.

3 അറവുശാല നിർമ്മിച്ച് ലൈസൻസ് നൽകുക.

4 തെരുവുകളിൽ കച്ചവടം ചെയ്യുന്നവരിൽനിന്നും വെൻഡേർസ് ലൈസൻസ് ടാക്സ് ഈടാക്കുക.

5 പഞ്ചായത്ത് വക കുളങ്ങളിലും, സ്വകാര്യകുളങ്ങളിലും മൽസ്യം വളർത്തുക.

6 പഞ്ചായത്ത് വക സ്ഥലങ്ങൾ കാർഷികാവശ്യത്തിന് നിയമാനുസരണം പാട്ടത്തിന് കൊടുക്കുക.

7 പഞ്ചായത്തിന്റെ റോഡരികിലും കൃഷിക്ക് ഉപയോഗമല്ലാത്ത സ്ഥലങ്ങളിലും വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുക.

8 ലക്കിടി റെയിൽവെ സ്റ്റേഷനു സമീപം നിളാനദിയുടെ കരയിൽ പൂന്തോട്ടങ്ങൾ നിർമ്മിച്ചും, ടൂറിസ്റ്റ് കോട്ടേജുകൾ നിർമ്മിച്ചും ടൂറിസ്റ്റ് കേന്ദ്രമാക്കുക.

9 നിളാനദിയിൽ നിർമ്മിച്ചിട്ടുള്ള തടയണയിൽ ബോട്ട് ജെട്ടി ഉണ്ടാക്കി ഉല്ലാസയാത്രക്ക് സൗകര്യം ഏർപ്പെടുത്തുക.

10 പഞ്ചായത്തിന്റെ ജലസേചന പദ്ധതികളിൽ നിന്നും ജലം ഉപയോഗിക്കുന്നവരിൽ നിന്ന് നികുതി ഈടാക്കുക.

11 പഞ്ചായത്തിന്റെ അധികാരത്തിൽപ്പെട്ട പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ നാലോ, അഞ്ചോ പീടിക മുറികൾ പണിതീർത്ത് വാടകയ്ക്ക് കൊടുക്കുക.

12 നിക്ഷേപങ്ങൾ സ്വീകരിച്ച് പ്രത്യുൽപാദനമേഖലകളിൽ ഉപയോഗിക്കുവാനുള്ള അധികാരം പഞ്ചായത്തിന് ലഭ്യമാക്കുക.

13 ധനകാര്യ സ്ഥാപനങ്ങളിലെ ലാഭവിഹിതത്തിൽനിന്ന് 2 ശതമാനം പഞ്ചായത്തിന് ലഭിക്കുവാൻ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുക.

14 പഞ്ചായത്ത് വകയായി കൈവണ്ടികളും നിർമ്മിച്ച് പച്ചക്കറി വിൽപ്പനയ്ക്ക് വാടകക്ക് നൽകുക.

15 പഞ്ചായത്ത് തലത്തിൽ ജനതാലോട്ടറികളും നടത്തുവാനുള്ള അധികാരം നൽകുക.

16 ചിനക്കത്തൂർ പൂരത്തോടനുബന്ധിച്ച് എക്സിബിഷൻ നടത്തുക.

17 കാർഷികോൽപ്പന്നങ്ങളും വാങ്ങിശേഖരിക്കാൻ ഗോഡൗൺ സ്ഥാപിക്കുക.

18 പഞ്ചായത്തിന്റെ വകയായി ചെറുകിട വ്യവസായയൂണിറ്റുകളും സ്ഥാപിക്കുക.

19 ചെറുകിട വ്യവസായത്തിനും, കുടിൽ വ്യവസായത്തിനും പ്രോത്സാഹനം നൽകുക.

20 പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പെട്രോൾബാങ്ക് സ്ഥാപിക്കുക.

21 തോടരുകിലും, മറ്റു പൊതുസ്ഥലങ്ങളിലും ഉള്ളതായ ഫലവൃക്ഷങ്ങളും കണ്ടെത്തുകയും അവ വർഷത്തിൽ ഒരു പ്രാവശ്യം അതിലെ അനുഭവങ്ങളും പരസ്യംചെയ്ത് ലേലത്തിൽ കൊടുക്കുക.

22 ശ്രമദാനത്തിലൂടെയും, സംഭാവനയിലൂടെയും ഒരു പരിധിവരെ വിഭവം കണ്ടെത്താൻ കഴിയും.

23 പഞ്ചായത്തിന്റെ നേതൃത്വത്തിൽ ധനശേഖരണാർത്ഥം ഗാനമേള, നാടകങ്ങളും മുതലായവ സംഘടിപ്പിച്ച് വിഭവസമാഹരണം നടത്തുക.

24 പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് അത്യാവശ്യമായ വിഭവഭൂപട നിർമ്മാണ നടപടികളും ഉടനെ ആരംഭിക്കണം.

ടൂറിസം

5-13

ലക്കിടി-പേരൂർ പഞ്ചായത്തിന്റെ തെക്കേ അതിരായ ഭാരതപ്പുഴ ഗാന്ധി സേവാസദനം മുതൽ പല്ലാർമംഗലംവരെ നിണ്ടുകിടക്കുന്നു. നിളാനദിയുടെ സ്പർശനം കൊണ്ട് അനുഗ്രഹീതമായ പഞ്ചായത്താണ് ലക്കിടി പേരൂർ. പ്രകൃതിയുടെ വരദാനമായി നിളാനദി ഒഴുകുന്നു. ഭാരതപ്പുഴയുടെ തീരങ്ങളിലുള്ള തുരുത്തുകളിൽ ചേക്കേറുന്ന പക്ഷികുടുംബങ്ങളുടെ വിഹാര കേന്ദ്രങ്ങളാണ്. ലക്കിടി പാലത്തിനു സമീപത്ത് ''കാഡ്''യുടെ സഹായത്തോടെ നിർമ്മിച്ച തടയണ പുഴയുടെ തീരങ്ങളെ പച്ചപ്പിന്റെ മേഖലയിലേക്ക് കൊണ്ടുവരാനും പ്രകൃതിയെ സംരക്ഷിക്കാനും സഹായകമാവുന്നു.

തുരുത്തുകളിൽ പുഷ്പകൃഷി ആരംഭിക്കുകയും ചെറിയ കുടിലുകൾ സ്ഥാപിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള ശ്രമങ്ങൾ നടത്തുക.

പക്ഷികളെ നിരീക്ഷിക്കാനും അവയുടെ സംരക്ഷണത്തിനുവേണ്ട നടപടികൾ സ്വീകരിക്കുക.

ടൂറിസ്റ്റുകളെ താമസിപ്പിച്ച് ഗ്രാമീണതയുടെ പാഠങ്ങൾ പഠിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുക.

തുരുത്തുകളിൽ ഔഷധസസ്യങ്ങൾ ഉണ്ടാക്കുകയും ടൂറിസ്റ്റുകൾക്ക് വിശ്രമവാസ-ആരോഗ്യപരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക,

ക്ഷേത്രങ്ങളുടെയും, ചരിത്രസ്മാരകങ്ങളുടെയും ഒരു കേന്ദ്രമാണ് ലക്കിടി-പേരൂർ പഞ്ചായത്ത്.

ഈ പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന തിരുവിലാമലക്ഷേത്രവും, പാപങ്ങൾ കഴുകികളയുന്ന പുനർജ്ജനിയും, പിതൃകർമ്മങ്ങൾക്ക് പേരുകേട്ട ഭാരതഖണ്ഡവും, പഞ്ചായത്തിനോടനുബന്ധിച്ച് സ്ഥിതിചെയ്യുന്നു. ഈ പ്രദേശം ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സാധ്യത ഉണ്ട്. നിരവധി ക്ഷേത്രകലാകാരന്മാർ ഈ പഞ്ചായത്തിൽ ഉണ്ട്. ഒരു ക്ഷേത്രകലാകേന്ദ്രം സ്ഥാപിക്കുകയും വിദേശികൾക്ക് ക്ഷേത്രകലകൾ അഭ്യസിക്കുന്നതിനുള്ള സാഹചര്യം ഒരുക്കികൊണ്ട് ടൂറിസ്റ്റ് സാധ്യതകൾ വിപുലപ്പെടുത്തണം.

നിലവിലുള്ള കുഞ്ചൻസ്മാരകത്തെ കേന്ദ്രമാക്കി കൊണ്ട് ഒരു തുള്ളൽ കേന്ദ്രം ആരംഭിച്ച് വിദേശികൾക്ക് താമസിച്ച് തുള്ളൽകഥ പഠിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാവണം.

വളരെ പ്രകൃതി രമണീയവും ഐതിഹ്യങ്ങൾ ഉള്ളതുമായ സ്ഥലമാണ് പഞ്ചായത്തിന്റെ വടക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന തളിമല. ഈ പ്രദേശം ഉപയോഗപ്പെടുത്തുകയാണെങ്കിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധ്യതയുണ്ട്.

ടിപ്പുസുൽത്താന്റെ ബാഗ്ലാകുന്നും, നിരവധി ഐതിഹ്യങ്ങളുള്ള പഴയലക്കിടി കാട്ടിലെ അവലിയതങ്ങളുടെ പള്ളിയും ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.

പല്ലാർമംഗലം—പള്ളംതുരുത്ത് 'പുഴയോരപാത' നിർമ്മിച്ച് ടൂറിസം പരിപോഷിപ്പിക്കണം. ഈ പാതയിലൂടെ സഞ്ചരിച്ചുകൊണ്ട് പ്രകൃതിയെ നിരീക്ഷിക്കാനുള്ള അവസരം ഉണ്ടാക്കുക. ഇങ്ങോട്ടോ പ്രദേശം ശാന്തവും പ്രകൃതി രമണീയവുമാണ്. ഇവിടങ്ങളിൽ താമസം ഏർപ്പാടുചെയ്യുകയും പ്രകൃതിചികിത്സക്ക് സൗകര്യം ചെയ്യുകയും ചെയ്താൽ നിരവധിപേരെ ഈ സ്ഥലത്തേക്ക് ആകർഷിക്കുവാൻ കഴിയും.

ടൂറിസം വിപുലപ്പെടുത്തുവാൻ പഞ്ചായത്തിൽ നിരവധി സാധ്യതകൾ ഉണ്ട്. വിവിധ വിഭാഗം ആളുകളെ ആകർഷിക്കുന്നതിനു ഉതകുന്ന ഒരു ഗ്രാമീണ അന്തരീക്ഷവും അതിനെ വേണ്ടവോളം പരിപോഷിപ്പിക്കുന്ന പ്രകൃതി രമണീയതയും ഇവിടെ ഉണ്ട്.

ഭാരതപുഴ തടയണയിൽ ബോട്ടുകൾ ഇറക്കി വിനോദസഞ്ചാരത്തിനായി ഉപയോഗപ്പെടുത്തുക.

വിനോദ സഞ്ചാരികളെ

ഇതിലെ...ഇതിലെ...

ഉപസംഹാരം

ആസൂത്രണചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് ജനപങ്കാളിത്തത്തോടെ താഴെ തട്ടിൽനിന്നും ആസൂത്രണം എന്ന ലക്ഷ്യത്തിനു കേരളത്തിൽ തുടക്കം കുറിച്ചിരിക്കുകയാണ്. 9_ാം പഞ്ചവത്സര പദ്ധതിയെ ജനകീയപദ്ധതിയായി പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളം ഇന്നനുഭവിക്കുന്ന ഏറ്റവും ഗുരുതരമായ രണ്ടു വെല്ലുവിളികളാണ്. ഉൽപാദനമേഖയിലെ മുരടിപ്പും സേവന തുറകളിലെ നിലവാരത്തകർച്ചയും ഇതു മാറ്റിയെടുക്കുന്നതിനും ഗ്രാമതലത്തിൽ ബഹുജനങ്ങളുടെ മുൻകയ്യോടെ ഒരു ജനകീയ പ്രസ്ഥാനത്തിനു രൂപം നൽകേണ്ടതുണ്ട്.

വികസനമെന്നാൽ ഉദ്യോഗസ്ഥ തലത്തിൽ മാത്രം നടത്തേണ്ടുന്ന ഒരു പ്രവൃത്തനമാണ് എന്നു ധാരണ ഇന്നുണ്ട്. ഇതു മാറ്റിയെടുക്കണം. വികസന പ്രക്രിയയിൽ ജനങ്ങളെ പങ്കെടുപ്പിക്കാതെ ഉദ്യോഗസ്ഥരും, വിദഗ്ധരും ചേർന്ന് കൈകാര്യം ചെയ്യുന്ന അവസ്ഥയുണ്ടായി. ഇതൊരു ദുരന്തത്തിന്റെ രൂപത്തിലാണ് നമ്മുടെ പഞ്ചായത്തിൽ പ്രകടമായതു്. കൃഷിക്കാരനു് എപ്പോഴും എത്ര വെള്ളം കിട്ടുമെന്ന കാര്യം തീരുമാനിക്കുന്നത് എവിടെയോ ഉള്ള ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിട്ടുകൊടുക്കപ്പെട്ട ഗ്രാമത്തിലെ കാര്യങ്ങൾ തീരുമാനിക്കുന്നതിൽ ഗ്രാമവാസികൾക്ക് യാതൊരു പങ്കും ഇല്ലെന്ന സ്ഥിതിവന്നു. വികസന മുരടിപ്പിന്റെ ഒരു കാരണം ഇതാണ്.

നിലവിൽ ഉള്ള വികസന സമീപനത്തിൽ ഒരു വലിയ മാറ്റം അനിവാര്യമാണ്. വികസനം എന്നുപറഞ്ഞാൽ വിദ്യാഭ്യാസം, റോഡ് തുടങ്ങിയ സാമൂഹ്യസേവന മേഖലയുടെ വികസനം മാത്രമാണെന്ന ധാരണ നമ്മുടെ ഇടയിൽ വ്യാപകമായിട്ടുണ്ട്. ഇതുമാറ്റി വികസനത്തിന്റെ ആണിക്കല്ലെന്നു പറയാവുന്ന കൃഷി, വ്യവസായങ്ങൾ മുതലായ സാമ്പത്തിക മേഖലയിൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടതുണ്ട്.

വികസനമെന്നാൽ മുകളിൽ തട്ടിൽനിന്നു് ആവിഷ്കരിച്ചുനടപ്പിലാക്കേണ്ട പ്രക്രിയയാണ് എന്ന ധാരണ മാറ്റുകയും ജനപങ്കാളിത്തത്തോടുകൂടി പ്രാദേശിക വിഭവ സമാഹരണം നടത്തി നടത്തേണ്ട പ്രക്രിയയാണ്. സമൂഹവികസന പദ്ധതികളും മാത്രം വികേന്ദ്രീകരിച്ചാൽ പോരാ രാഷ്ട്രീയാധികാരവും വികേന്ദ്രീകരിക്കണം. വിഭവങ്ങൾ പങ്കുവെച്ചുകൊണ്ട് അവ എങ്ങിനെ വിനിയോഗിക്കണമെന്നതു സംബന്ധിച്ച് തീരുമാനമെടുക്കുവാനും ആ തീരുമാനം ഇടപെടലുകളും കൂടാതെ ഫലപ്രദമായി നടപ്പിലാക്കുന്നതുമുള്ള സാഹചര്യം ഉണ്ടാകണം.

പഞ്ചായത്തുകളുടെ വികസനത്തിനായി ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്. ഇതുപ്രകാരം പദ്ധതികൾക്ക് രൂപം നൽകുകയും വിഭവഭ്രപടങ്ങളുടെയും ജനങ്ങളുടെയും സഹായ സഹകരണത്തോടുകൂടി ആസൂത്രണ പ്രവൃത്തനം നടത്തുകയുമാണ് വേണ്ടതു്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതു് ജനങ്ങളാവുകയും ജനം ശക്തി പ്രാപിച്ച് ജനകീയ അധികാരം വളർത്തിയെടുത്തുകൊണ്ട് ജനാധിപത്യം ശക്തിപ്പെടുത്തുകയും വികസന രംഗത്തുള്ള മുരടിപ്പ് മാറ്റിയെടുക്കുന്നതിനും കഴിയും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യവും ഇതുതന്നെയാണ്.

വിഭവങ്ങൾ ഇല്ലാതെ വികസന പ്രവൃത്തനം സാദ്ധ്യമല്ല. സാമ്പത്തിക മേഖലയിൽ ഇന്നു നിലനിൽക്കുന്ന അവസ്ഥ മാറ്റി പുതിയ മേഖല കണ്ടെത്തേണ്ടതുണ്ട്. ആസൂത്രണം ഫലപ്രദമാകണമെങ്കിൽ വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിക്കണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ''സമഗ്ര വികസന രേഖ'' സമ്പുഷ്ടമാക്കി സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നമുക്കോരോരുത്തർക്കും ഉണ്ടായേതീരൂ. കക്ഷിരാഷ്ട്രീയത്തിനതീതമായി ജാതിമത വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി വികസനത്തിന്റെ രാഷ്ട്രീയത്തിൽ മുഴുകിയാൽ യഥാർത്ഥ ജനകീയ രാഷ്ട്രീയം സ്വാഭാവികമായും ഉയർന്നുവരും.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ ''സമഗ്ര വികസന രേഖ'' ലക്കിടി–പേരൂർ ഗ്രാമപഞ്ചായത്തു് വികസന സെമിനാറിനു് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്കരണത്തിനും വേണ്ടി.

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമസഭാ നിർദ്ദേശങ്ങൾ – ഒന്നാം നിയോജക മണ്ഡലം

ഗാന്ധിസേവാ സദനം

1. ചെയ്യേണ്ട വികസന പ്രവർത്തികൾ

1. പത്തിരിപ്പാല–പൂക്കാട്ടുകുന്ന് റോഡ് ടാറിങ്ങ് നടത്തുക.
2. പള്ളംതുരുത്തു് വഴി റോഡ് നിർമ്മിക്കുകയും റെയിൽവേ ക്രോസ് അനുവദിക്കുകയും ചെയ്യുക.
3. അതിർക്കാട് ഭാഗത്തേക്കുള്ള റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
4. അതിർക്കാട് റോഡ് റിപ്പെയർ ചെയ്യുക.
5. പത്തിരിപ്പാല–പൂക്കാട്ടുകുന്ന് റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
6. മുണ്ടനാരുകിൽ കോളനിയിൽ വീടുകൾ നിർമ്മാണം റോഡ്, വെള്ളം, വൈദ്യുതി എത്തിക്കുക.
7. പത്തിരിപ്പാലയിൽ ഒരു വെയ്റ്റിങ്ങ് ഷെഡ്, മൂത്രപ്പുര എന്നിവ നിർമ്മിക്കുക.
8. രക്കൻക്കാട് പറമ്പിലൂടെ പോകുന്ന റോഡ് ടാർ ചെയ്യുക.
9. അംഗനവാടി സ്ഥാപിക്കുക, കെട്ടിടം നിർമ്മിക്കുക.
10. പള്ളംതുരുത്തു് ലിഫ്ട് ഇറിഗേഷനിൽ നിന്നു് വെള്ളം കൊണ്ടുപോകുന്നതിനു് പുതിയ സബ്പ് കനാൽ നിർമ്മിക്കുക, ബണ്ട് പുതുക്കിപണിയുക.

11. എല്ലാ കോളനികളിലും വീടുകൾ നിർമ്മിക്കുക, വെള്ളം, വെളിച്ചം, കക്കൂസ്, റോഡ് മുതലായ പൊതുകാര്യങ്ങൾ ഏർപ്പെടുത്തുക.

12. ഒരു പൊതു ശ്മശാനം സ്ഥാപിക്കുക.

13. നിയോജക മണ്ഡലത്തിൽ എല്ലാ ഭാഗത്തും കുടിവെള്ളം എത്തിക്കുക, വൈദ്യുതി എത്തിക്കുക, തെരുവുവിളക്കുകൾ സ്ഥാപിക്കുക.

14. വാണിയംപറമ്പ്, മുണ്ടനേരിക്, കോഴിശ്ശേരിപടികളും എന്നീ കോളനികളിൽ കക്കൂസ്സ് നിർമ്മിക്കുക.

2. മറ്റു പൊതു നിർദ്ദേശങ്ങൾ

1. ദുർബ്ബല വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുവാൻ സാമ്പത്തിക സഹായം ലഭ്യമാക്കുക

2. കേടുവന്നിട്ടുള്ള പൈപ്പുകളും കുഴൽകിണറുകളും യഥാസമയം റിപ്പെയർ ചെയ്യുക.

3. കൃഷിക്കാർക്ക് ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുക.

4. പേരൂർ ക്ഷീരോല്പാദക സഹകരണസംഘം പരിധിയിൽ ആഴ്ചയിൽ ഒരു ദിവസം മൃഗഡോക്ടറുടെ സേവനം ലഭ്യമാക്കുക.

5. പേരൂർ പി. എച്ച്. സി. യിൽ സ്ഥിരം ഡോക്ടറെ നിയമിച്ചു കിട്ടുക.

6. മതിലുകൾ പണിയുമ്പോൾ നിയമം കർശനമായി പാലിക്കുക.

7. നെൽകൃഷി നിലങ്ങൾ നാണ്യ വിളകൾക്ക് ഉപയോഗിക്കുന്നത് യുക്തമാണോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുക.

8. കയ്യേറി പാടത്തു തോടിന്റെ വശം കെട്ടി കൃഷിനാശം തടയുക.

9. അതുക്കാട് പട്ടികജാതി കുടനിർമ്മാണ യൂണിറ്റ് വിപുലീകരിക്കുക.

10. എരുമ തോട്ടിൽ തടയണ നിർമ്മിക്കുക.

11. ഡയറി ഫാം ഉണ്ടാക്കുക.

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമസഭാ നിർദ്ദേശങ്ങൾ – രണ്ടാം നിയോജക മണ്ഡലം

പത്തിരിപ്പാല

1. ചെയ്യേണ്ട വികസന പ്രവർത്തികൾ

1. ഗുരുതിയാംപറമ്പ് ഹരിജൻ കോളനി റോഡ് കനാൽ വരെ നിർമ്മാണം.
2. കൂപലാനി റോഡ് ടാറിങ്ങ് നടത്തുക.
3. പത്തിരിപ്പാല ജങ്ഷൻ, പത്തിരിപ്പാല ചന്ത എന്നിവിടങ്ങളിൽ ബസ്സ് സ്റ്റോപ്പ് നിർമ്മാണം
4. ഓരപ്പാടത്തേക്ക് റോഡ് നിർമ്മിക്കുക, വൈദ്യുതി വ്യാപിപ്പിക്കുക, കുടിവെള്ളം എത്തിക്കുക.
5. ഗുരുതിയാംപാമ്പ് കോളനി വീടുകൾ റിപ്പെയർ ചെയ്യുക, കക്കൂസുകൾ നിർമ്മിക്കുക
6. പത്തിരിപ്പാല ചന്ത പരിസരത്ത് കഴൽ കിണറുകഴിക്കുക, കോഴിശ്ശേരിപടി കഴൽ കിണർ കഴിക്കുക.
7. തെരുവുവിളക്കുകൾ സ്ഥാപിക്കുക, സദനം റോഡ്.

2. മറ്റു പൊതു നിർദ്ദേശങ്ങൾ

1. കേടുവന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.
2. കിണറുകൾ, കഴൽകിണറുകൾ റിപ്പെയർ ചെയ്യുക.
3. ദുർബ്ബല വിഭാഗക്കാർക്ക് വീടുകൾ, കക്കൂസ് എന്നിവ നിർമ്മാണത്തിനു് സാമ്പത്തിക സഹായം നൽകുക.
4. മണ്ണാൻകുണ്ട് കോളനി വീടുകൾ വൈദ്യുതീകരണം.
5. കോളനി വീടുകൾ റിപ്പെയർ ചെയ്യുക (ഗുരുതിയാംപാമ്പ്)
6. എല്ലാ കോളനികളിലും പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുക.
7. കോളനി വീടുകൾ വയറിങ്ങ് കഴിഞ്ഞതിനു് കണക്ഷൻ ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുക.
8. നിയോജകമണ്ഡലത്തിൽ മുഴുവൻ ശുദ്ധജലം ലഭ്യമാക്കുക.
9. പത്തിരിപ്പാലയിൽ ഒരു പോസ്റ്റാഫീസ് തുറക്കുന്നതിനു് നടപടികൾ സ്വീകരിക്കുക
10. പരിസര ശുചീകരണത്തിനുവേണ്ട നടപടികൾ സ്വീകരിക്കുക.
11. അർഹതപ്പെട്ടവർക്ക് കർഷക തൊഴിലാളി, അഗതി പെൻഷൻ ലഭ്യമാക്കുക.
12. പത്തിരിപ്പാലയിൽ ഒരു ആയുർവ്വേദാശുപത്രി സ്ഥാപിക്കുക.
13. ഗുരുതിയാംപറമ്പിൽ ഒരു വായനശാലയും അതിനോടനുബന്ധിച്ച് ഒരു ടി. വി. സെറ്റും സ്ഥാപിക്കുക.
14. കൈതൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ കുറഞ്ഞവിലക്ക് ലഭ്യമാക്കുന്നതിനു് നടപടി സ്വീകരിക്കുക.
15. മലമ്പുഴ കനാൽ വെള്ളം യഥാസമയം വിതരണം ചെയ്യുക.
16. പത്തിരിപ്പാല ചന്ത പുനസ്ഥാപിക്കുക.
17. പൂക്കാട്ടുകുന്നു് വായനശാല, ആലത്തൊഴുത്തുവഴി പേരൂർ ലിങ്ക് റോഡ് നിർമ്മാണം.

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമസഭാ നിർദ്ദേശങ്ങൾ – മൂന്നാം നിയോജക മണ്ഡലം

പേരൂർ I

1. ചെയ്യേണ്ട വികസന പ്രവർത്തികൾ

1. നായർവീട്ടുപടി–പാറപ്പള്ളംറോഡ്, പൂക്കാട്ടുകുന്ന് റോഡിൽ ചേർക്കുക.
2. നായർവീട്ടുപടി–പാറപ്പള്ളം റോഡ് അഭിവൃദ്ധിപ്പെടുത്തുക.
3. കരക്കരങ്ങാട്ട ഇടവഴി അഭിവൃദ്ധിപ്പെടുത്തുക.
4. മദ്രസ്സവഴി–അകലൂർ കാവ്വഴി വീതികൂട്ടി നന്നാക്കുക.
5. കൂപലാനി റോഡ് ടാറിങ്ങ്.
6. പെരുമ്പറമ്പ് മദ്രസ റോഡ് റിപ്പയർ.
7. പാറപ്പള്ളം റോഡ് നിർമ്മാണം.
8. പേരകുളം റോഡു റിപ്പയർ.
9. വാണിയംപാമ്പ് ലക്ഷം വീടുകോളനി വീടുകൾ റിപ്പയർ–കോളനിയിൽ കക്കൂസ് നിർമ്മിക്കുക–വൈദ്യുതീകരണം നടത്തുക.
10. കൂപലാനി റോഡിലും, മറ്റു റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക, പെരുമ്പാപ്പ് തെരുവുവിളക്കുകൾ സ്ഥാപിക്കുക.
11. റെയിലിന്റെ തെക്കുഭാഗത്തു് പുതിയ കിണർ കുഴിക്കുക.
12. എല്ലാ ഭാഗത്തും ശുദ്ധജലം എത്തിക്കുക.

2. മറ്റു പൊതു നിർദ്ദേശങ്ങൾ

1. കേടുവന്ന പൈപ്പുകൾ റിപ്പയർ ചെയ്യുക, പുതിയ ടാപ്പുകൾ സ്ഥാപിക്കുക.
2. കേടുവന്ന കുഴൽ കിണറുകൾ, കിണറുകൾ റിപ്പയർ ചെയ്യുക.
3. കളിമൺ തൊഴിലാളികൾ താമസിക്കുന്ന ഭാഗത്തു് കക്കൂസ് നിർമ്മാണം പൈപ്പ് ലൈൻ സ്ഥാപിക്കുക, വൈദ്യുതി എത്തിക്കുക.
4. പാറപ്പള്ളത്തുകുളം റിപ്പയർ ചെയ്യുക.
5. ഒരു ആശുപത്രി സ്ഥാപിക്കുക.
6. എല്ലാ പ്രധാന വഴികളും നേരയാക്കുക.
7. പാൽ വിതരണ കേന്ദ്രത്തിൽ ആഴ്ചയിൽ ഒരിക്കൽ മൃഗഡോക്ടറുടെ സേവനം ലഭ്യമാക്കുക.
8. എല്ലാ പട്ടികജാതിക്കാരുടെയും ഭവനങ്ങൾ വൈദ്യുതീകരിക്കുക.
9. അയ്യപ്പൻകോട്ട-കാവു മുതൽ പള്ളംതുരുത്തു് പമ്പ്ഹൗസ് വരെയുള്ള സ്ഥലകത്ത മണൽ ലേലം ചെയ്യുവാൻ നടപടി എടുക്കുക.
10. മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
11. കൊട്ടക്കാടിനെ കളിമൺ വ്യവസായ കേന്ദ്രമാക്കി മാറ്റുക അതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
12. പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമസഭാ നിർദ്ദേശങ്ങൾ – നാലാം നിയോജക മണ്ഡലം

അകലൂർ--ഈസ്റ്റ്

1. ചെയ്യേണ്ട വികസന പ്രവർത്തികൾ

1. അകലൂർ ക്ഷേത്രം ഉണ്ണുത്തുമനപടി റോഡ് ടാർ ചെയ്യുക.
2. അകലൂർ ലക്ഷംവീട് കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
3. കോളനിയിൽ കക്കൂസ് നിർമ്മാണം, വൈദ്യുതി എത്തിക്കുക.
4. വടക്കുംപുറം റോഡ് ഇംപ്രൂവ്മെന്റ്
5. മഠത്തുംപടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ
6. 14-ാം മൈലിൽ സോഡിയം വേപ്പർ ലാബ് സ്ഥാപിക്കുക.
7. അകലൂർ മിച്ചഭൂമി കോളനിയിലേക്ക് വെള്ളം, വൈദ്യുതി ലഭ്യമാക്കുക.വീടുകൂടി നിർമ്മിക്കുക.
8. ശ്മശാനത്തിലേക്ക് റോഡ് നിർമ്മിക്കുക.

2. മറ്റു പൊതു നിർദ്ദേശങ്ങൾ

1. തെക്കുമുറി പണ്ടാരകാട്ടുകോളനി 3 വീടുകൂടി ഓടിടുക, കക്കൂസ്, വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുക.
2. പള്ളത്തുകോൽക്കാട്ട ഭാഗത്തേക്ക് വെള്ളം വൈദ്യുതി എത്തിക്കുക.
3. ആലന്തട്ട കോളനി കക്കൂസ് നിർമ്മാണം വൈദ്യുതീകരണം
4. അടങ്ങൽകുളം ചളിവാരി വൃത്തിയാക്കുക.
5. ആശാരി കോളനിയിലേക്ക് റോഡ് നിർമ്മിക്കുക, വെള്ളം, വൈദ്യുതി എത്തിക്കുക.
6. എല്ലാ കോളനികളിലും പൊതുസൗകര്യങ്ങളും ഏർപ്പെടുത്തുക.
7. നായാടികുന്ന് പ്രദേശത്തേക്ക് വെള്ളം, വൈദ്യുതി, റോഡ് എന്നിവ എത്തിക്കുക.
8. പൊതുസ്ഥലത്തുള്ള ഫലവൃക്ഷങ്ങളും കണ്ടെത്തി ഫലങ്ങളും യഥാസമയം ലേലം ചെയ്യുക
9. വാർഡിൽ ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കുക.
10. വാർഡ് അടിസ്ഥാനത്തിൽ ഒരു വൃദ്ധസദനം ഉണ്ടാക്കുക.

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമസഭാ നിർദ്ദേശങ്ങൾ – അഞ്ചാം നിയോജക മണ്ഡലം

പഴയലക്കിടി

1. ചെയ്യേണ്ട വികസന പ്രവർത്തികൾ

1. പഴയലക്കിടി ബംഗ്ലാവ് പാത റോഡുനന്നാക്കുക.
2. ചെട്ടിയങ്ങാടി റോഡ് മെറ്റൽ–ടാർ ചെയ്യുക.
3. ചെട്ടിയങ്ങാടി റോഡിൽ മലമ്പുഴ കനാലിനു പാലം നിർമ്മിക്കുക.
4. കതിർപറമ്പ് കോളനി റോഡ് ടാർ ചെയ്യുക.
5. വില്ലേജ് ആഫീസ് നമ്പർ–2 റോഡ്, അത്താണിക്കുണ്ട് റോഡ്, കളിസ്ഥലം റോഡ്, പള്ള്യാൽറോഡ്, ആശാരിതാ റോഡ്, ആലംതട്ടപടി റോഡ്, മുളഞ്ഞൂർ പണ്ടാരക്കാട് ഭാഗത്തേക്കുള്ള റോഡ് എന്നിവ അഭിവൃദ്ധിപ്പെടുത്തുക.
6. മംഗലം തെക്കുംചെറോട് റോഡ് ടാർ ചെയ്യുക.
7. ചൂഴിക്കാട്ട്,പാതകടവ് പഴയ അണയുടെ ഭാഗം എന്നീ സ്ഥലങ്ങളിൽ മുളഞ്ഞൂർ തോട്ടിൽ ബണ്ടുനിർമ്മിക്കുക.
8. കളത്തിൽതൊടി ഇടവഴി റോഡാക്കുക.
9. തെക്കുംചെറോട് ഒരു IPP സെൻറർ സ്ഥാപിക്കുക.

2. മറ്റു നിർദ്ദേശങ്ങൾ

1. ലക്ഷംവീട്കോളനിയിൽ കക്കൂസ് നിർമ്മിക്കുക വൈദ്യുതീകരിക്കുക.
2. വില്ലേജ് ആഫീസ് നമ്പർ–2 കിഴക്കെതല കതിർപറമ്പ്റോഡ് ജംങ്ഷൻ, പള്ളി റോഡ് ജംങ്ഷൻ എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുസ്ഥാപിക്കുക.

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമസഭാ നിർദ്ദേശങ്ങൾ – ആറാം നിയോജക മണ്ഡലം

അകലൂർ വെസ്റ്റ്

1. ചെയ്യേണ്ട വികസന പ്രവർത്തികൾ

1. അകലൂർ ക്ഷേത്രം ഉണ്ണുണ്ണിമനപടി റോഡ് ടാറിങ്ങ്
2. പാടത്തു് കൾവർട്ട് നിർമ്മാണം.
3. കായൽപള്ളം മുല്ലക്കൽ കോളനി, ക്ഷേത്രം കോളനി കിണർ കഴിക്കുക.
4. ഉണ്ണുണ്ണിമനപടി വഴി പൈപ്പ് ലൈൻ നീട്ടുക.
5. പരപ്പുത്തു കോളനിയിൽ പ്രാഥമിക സൌകര്യങ്ങളും ഏർപ്പെടുത്തുക, വീടുനിർമ്മാണം. വൈദ്യുതി, വെള്ളം, കക്കൂസ് നിർമ്മാണം.
6. കാരടി കായൽപള്ളം റോഡ് മിത്രാനന്ദപുരം റോഡുമായി ബന്ധിപ്പിക്കുക.
7. കായൽപള്ളം ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക, (മുല്ലക്കൽഭാഗം) കുടിവെള്ളം എത്തിക്കുക.
8. നെല്ലുകുത്താം പാറയിൽനിന്നു് അകലൂർ റോഡുമായി ബന്ധിപ്പിക്കുക (300 മീറ്റർ) പൈപ്പ് ലൈൻ സ്ഥാപിക്കുക.
9. പഴയലക്കിടി–പള്ളിയ്ക്കൽ റോഡ് നിർമ്മിക്കുക, തെരുവുവിളക്കുകളും സ്ഥാപിക്കുക.
10. പഴയലക്കിടി ഉണ്ണുണ്ണിമനപടി റോഡ് ബാക്കി ഭാഗം ടാറിങ്ങ്
11. ശിവക്ഷേത്ര പരിസരത്തുനിന്നു് ശ്മശാനത്തിലേക്ക് റോഡ് നിർമ്മിക്കുക.
12. വില്ലേജ്–2 മുതൽ നെല്ലുകുത്താംപാറവരെ റോഡ് ടാർ ചെയ്യുക.
13. കാരടി–കായൽപള്ളം റോഡിൽനിന്നു് പാടത്തേക്ക് ട്രാക്ടർ ഇറക്കുന്നതിനു് റോഡ് നിർമ്മിക്കുക.
14. അംഗനവാടിക്കു മുൻവശമുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തൽ.
15. ഒരു കളിസ്ഥലം നിർമ്മിക്കുക.
16. പൊതുശ്മശാനമതിൽ കെട്ടിസംരക്ഷിക്കുക--ശ്മശാനത്തിലേക്ക് റോഡ് നിർമ്മിക്കുക.

3. ലക്ഷംവീട് കുഴൽകിണർ റിപ്പയർ ചെയ്യുക.

4. ലക്ഷംവീടുകളും റിപ്പയർ ചെയ്യുക. സ്ലീറ്റ് ലൈറ്റുകളും കത്താത്തത് കത്തിക്കുവാൻ ഏർപ്പാടുചെയ്യുക.

5. നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക.

6. സത്രങ്ങളും പമ്പ് ഹൗസ് നന്നാക്കി ഉപയോഗയോഗ്യമാക്കുക.

7. പുതിയ പൊതുടാപ്പുകളും ഇല്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കുക. (പഴയ ലക്കിടി വില്ലേജ് ആഫീസ് ജംങ്ഷൻ, ചെട്ടിയങ്ങാടി റോഡ് ജംങ്ഷൻ, ആലംതട്ടപടി റോഡ് ജംങ്ഷൻ)

8. തെക്കുംചെറോട് ആശാരിപുര ഭാഗത്തേക്ക് ഇലക്ട്രിക് സിറ്റി വ്യാപിപ്പിക്കുക.

9. കതിർപമ്പ്–റോഡ് ജംങ്ഷനിൽ ബസ് വെയ്റ്റിങ്ങ് ഷെഡ് നിർമ്മിക്കുക.

10. മുളഞ്ഞൂർ തോട്ടിൽ ക്രോസ് ബാർ റിപ്പയർ ചെയ്യുക.

11. പഴയ ലക്കിടി അംഗനവാടിക്ക് ചുറ്റുമതിൽ കെട്ടുക. റിപ്പയർ ചെയ്യുക.

12. പഴയ ലക്കിടി ജി. എസ്. ബി. സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തുക, ചുറ്റുമതിൽ കെട്ടുക, കെട്ടിടങ്ങൾ പുതുക്കിപണിയുക.

13. സാംസ്കാരിക നിലയം പഴയ ലക്കിടിയിൽ സ്ഥാപിക്കുക.

14. ദുർബ്ബല വിഭാഗങ്ങൾക്ക് വീടുവെയ്ക്കുന്നതിനും, കക്കൂസ് നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായം നല്കുക.

15. കിണറുകളും, കുഴൽകിണറുകളും റിപ്പയർ ചെയ്യുക.

16. കറൻറ് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

17. പഴയ ലക്കിടി ബസ്സ്റ്റോപ്പിനു മുൻഭാഗം റോഡിനു വടക്കുഭാഗം ഡ്രൈനേജ് എടുത്ത് റോഡുസംരക്ഷിക്കുക.

18. പരിസരശുചീകരണം നടത്തുക.

19. കുടിവെള്ളക്ഷാമം പരിഹരിക്കുക ആശാരിതറ, ആലുംപാറചോട്, നെല്ലിക്കാട് എന്നീ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുക.

20. നെച്ചിക്കോട് (കുളത്തിങ്കൽ) ഹരിജൻ കോളനിയായി അംഗീകരിക്കുക.

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമസഭാ നിർദ്ദേശങ്ങൾ – ഏഴാം നിയോജക മണ്ഡലം

പുത്തൂർ

1. ചെയ്യേണ്ട വികസന പ്രവർത്തികൾ

1. കതിർപറമ്പ് ഹരിജൻ കോളനിറോഡ് ടാറിങ്ങ് നടത്തുക.
2. പൂയംകോട് തോട്ടിൽ പാലം നിർമ്മിക്കുക.
3. പുത്തൂർ ലക്ഷംവീട് കോളനി വീടുകളും റിപ്പെയർ ചെയ്യുക, കക്കൂസുകളും നിർമ്മിക്കുക (24 വീടുകളും) ശുദ്ധജലം എത്തിക്കുക, വയറിങ്ങ് നടത്തുക.
4. SRUJB സ്കൂൾ പരിസരത്ത് സ്കൂൾ കുട്ടികളുടെ ആവശ്യാർത്ഥം ഒരു പുതിയ വാട്ടർ ടാപ്പ് സ്ഥാപിക്കുക.
5. സത്രകുളം പമ്പ് ഹൗസുമായി പൈപ്പ് ലൈൻ ലിങ്ക് ചെയ്യുക.
6. കുണ്ടുകാട് കോളനി വീടുകളും റിപ്പെയർ ചെയ്യുക. വെള്ളം, വൈദ്യുതി എത്തിക്കുക.
7. പഴക്കാട് കോളനി വീടുകളും വയറിങ്ങ് നടത്തുക, വയറിങ്ങ് കഴിഞ്ഞതിന്ന് കണക്ഷൻ ലഭ്യമാക്കുക.
8. കുണ്ടുപറമ്പ് കോളനിയിലെ 10 വീടുകളുടെ നിർമ്മാണം.
9. വാരിയത്തുപടി കോളനി വീടുകളും നിർമ്മാണം—വയറിങ്ങ്, കക്കൂസ് നിർമ്മാണം, കുടിവെള്ളം എത്തിക്കുക.
10. തോടിലേക്ക് പോകുന്നവഴി ഒരു റോഡ് നിർമ്മിക്കുക. ഇതു് ലക്കിടിയിലാണ് ലിങ്ക് ചെയ്യുക.
11. പഴക്കാട് കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തുക.
12. മണ്ണാൻകുണ്ട് റോഡ് നിർമ്മാണം.
13. നരിക്കുന്നിൽ ശ്മശാനത്തിലേക്ക് റോഡ് നിർമ്മിക്കുക.
14. പെരിങ്കോം തോട്ടിൽ പാലം നിർമ്മിക്കുക.
15. പറങ്കിക്കാട് കോളനി, കുണ്ടുകാട് കോളനി ഓരോ കിണർ കുഴിക്കുക.
16. ശ്രീരാമകൃഷ്ണാ സ്കൂൾ പരിസരത്തുകൂടി പാടത്തേക്ക് റോഡ് നിർമ്മിക്കുക.
17. തെരുവു വിളക്കുകളും സ്ഥാപിക്കുക.

2. മറ്റു പൊതു നിർദ്ദേശങ്ങൾ

1. ഒരു ഹെൽത്ത് സബ്ബ് സെൻറർ തുറന്നു പ്രവർത്തിക്കുക.
2. എല്ലാ കോളനികളിലും പൊതു സൌകര്യങ്ങളും ഏർപ്പെടുത്തുക.
3. കന്നുകാലികളെ അഴിച്ചുവിടുന്നത് തടയുക ഇതിനും ബോധവൽക്കരണം നടത്തുക.
4. അതിർത്തി തർക്കങ്ങളും രമ്യമായി പരിഹരിക്കുക.
5. പുതിയ വൈദ്യുതി ലൈനുകളും സ്ഥാപിക്കുമ്പോളും ആയത് റോഡിൽക്കൂടിമാത്രം വലിക്കുന്നതു് അഭികാമ്യം പ്രസ്തുത നടപടികളും സ്വീകരിക്കുക.
6. വയറിങ്ങ് കഴിഞ്ഞ കോളനികൾക്ക് (മേലേപുര, പഴക്കാട്) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും നടപടികളും ഊർജ്ജിതപ്പെടുത്തുക.

2. മറ്റു പൊതു നിർദ്ദേശങ്ങൾ

1. അകലൂർ ഗവർമ്മെൻറ് യു. പി, സ്കൂൾ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുക.

2. പഞ്ചായത്തു കിണറുകൾ, കുളം റിപ്പെയർ, കുഴൽകിണറുകൾ റിപ്പെയർ.

3. എല്ലാ കോളനികളിലും പൊതുസൌകര്യങ്ങൾ ഏർപ്പെടുത്തുക, വീടുകൾ നിർമ്മിക്കുക, ടി. വി. ആന്റിന സ്ഥാപിക്കുക.

4. കൃഷി മെച്ചപ്പെടുത്തുവാൻ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുക, കൃഷിസ്ഥലങ്ങൾ നികത്തുന്നത് നിർത്തുക.

5. അംഗനവാടിക്ക് മതിൽ കെട്ടുക, കുടിവെള്ളം എത്തിക്കുക. അംഗനവാടി കെട്ടിടം റിപ്പെയർ.

6. ചേമ്പുഴ കൈകനാൽ മമ്പിടികുന്നിൽനിന്നും നരിയമ്പാറവരെ നീട്ടുകയും ഒരു ടാക്ടർ പാസ് അനുവദിക്കുകയും ചെയ്യുക.

7. പുതേരി പള്ളിയാൽ ഭാഗത്തു് ജലസേചന സൌകര്യം ഏർപ്പെടുത്തുക.

8. വെട്ടുകല്ല് വ്യാവസായിക അടിസ്ഥാനത്തിൽ വെട്ടി മാറ്റ് പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കുക.

ലക്കിടി–പേരൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമസഭാ നിർദ്ദേശങ്ങൾ—8-ാം നിയോജക മണ്ഡലം–കുഞ്ചൻ നഗർ

1 ചെയ്യേണ്ട വികസന പ്രവർത്തനങ്ങൾ

1	പൂഴിക്കുന്ന് റോഡ് റിപ്പെയർ ചെയ്യുക.
2	കൂട്ടുപാത സെന്ററിൽ ഒരു ബസ്സ് വെയിറ്റിങ്ങ് ഷെഡ് നിർമ്മിക്കുക.
3	പഴുക്കാട്ടു പറമ്പ് റോഡ് ടാർ ചെയ്യുക.
4	ദേവിവിലാസം സ്കൂളിലേക്ക് റോഡ് വീതികൂട്ടി നന്നാക്കുക.
5	മഹാകവി കുഞ്ചൻ സ്മാരക റോഡ് ടാർചെയ്യുക.
6	തോണിപ്പാടത്തുതൊടി റോഡ് റിപ്പെയർ-കൃഷിഭവന്റെ അടുത്തുള്ളത്.
7	കരുമനപടി റോഡ് റിപ്പെയർ-പ്രസ്തുതറോഡിൽ ഒരു പാലം നിർമ്മിക്കുക.
8	കിള്ളികുറുശ്ശിമംഗലം റോഡിൽനിന്ന് വടക്കോട്ടുള്ള റോഡ് റിപ്പെയർ–വടക്കുമംഗലം റോഡുമായി ബന്ധിപ്പിക്കുക.
9	കുഞ്ചൻ സ്മാരക വായനശാലയിൽനിന്ന് കിഴക്കോട്ടുപോകുന്ന റോഡ് കതിർപറമ്പു റോഡുമായി ബന്ധിപ്പിക്കുക.
10	മിത്രാനന്ദപുരം റോഡ് തിപ്പാറയിൽവെച്ച് കതിരുപറമ്പു റോഡുമായി ബന്ധിപ്പിക്കുക.
11	താഴത്തതിൽ ഇടവഴി റിപ്പെയർ.
12	നിയോജക മണ്ഡലത്തിലെ എല്ലാ റോഡുകളും റിപ്പെയർ ചെയ്യുക.

2 മറ്റു പൊതു നിർദ്ദേശങ്ങൾ

1	ഒരു ക്ഷീരോൽപ്പാദക സഹകരണ സംഘം രൂപീകരിക്കുക.
2	കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുവാൻ ശ്രമിക്കുക.
3	സോപ്പ്, മെഴുകുതിരി മുതലായ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
4	കിണറുകൾ, കുഴൽകിണറുകൾ റിപ്പെയർ ചെയ്യുക.
5	കേടുവന്ന എല്ലാ വാട്ടർ ടാപ്പുകളും മാറ്റി സ്ഥാപിക്കുക.
6	എല്ലാ ഹരിജൻ കോളനികളും വൈദ്യുതീകരണം.
7	നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക.
8	ചേരിങ്കൽ ഭാഗത്തേക്ക് വൈദ്യുതി വ്യാപിപ്പിക്കുക.
9	ഓറിയന്റൽ ഹൈസ്കൂളിന്റെ പിൻവശത്തുകൂടി പോകുന്ന റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
10	കിള്ളികുറുശ്ശി മഹാദേവ ക്ഷേത്ര റോഡിൽ പുതിയ വാട്ടർ ടാപ്പുകൾ സ്ഥാപിക്കുക.
11	വടക്കഞ്ചേരിപറമ്പ്, അയ്യരുമനപ്പടി എന്നീ ഹരിജൻ കോളനിയിൽ വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുക.
12	ചിനക്കത്തൂർ പൂരത്തോടനുബന്ധിച്ച് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പൂരോത്സവം എക്സിബിഷൻ സംഘടിപ്പിക്കുക.

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമസഭാ നിർദ്ദേശങ്ങൾ—9-ാം നിയോജക മണ്ഡലം-തെക്കുമംഗലം

1 ചെയ്യേണ്ട വികസന പ്രവർത്തനങ്ങൾ

1 കോണിക്കൽ റോഡ് നിർമ്മാണം.

2 പൈനാപ്പിൾ റോഡിലേക്ക് ഒരു റോഡ് നിർമ്മിക്കുക.

3 അടിയമ്പാടം കോളനി റോഡ് നിർമ്മാണം.

4 എടക്കാട്ടുപറമ്പ് റോഡ് നിർമ്മാണം.

5 രാമകൃഷ്ണപ്പടിയും, മുഖാരി റൈസ്മിൽ റോഡും റിപ്പെയർ നടത്തുക.

6 കുരുടംകുളത്തിനു് അടുത്തുകൂടിപോകുന്ന റോഡ് നേരെയാക്കുക. വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുക.

7 ഭാരതപ്പുഴക്ക് ഇറങ്ങുന്ന വഴി വീതികൂട്ടി റിപ്പെയർ ചെയ്യുക.

8 ആട്ടിരി വഴി വീതികൂട്ടി റിപ്പെയർ ചെയ്യുക.

9 നായക്കൻ തോട്ടിൻ ഒരു ചെക്ക് ഡാം പണിയുക.

10 അധികാരിതൊടി എന്ന സ്ഥലത്ത് കുഴൽകിണർ കുഴിക്കുക.

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമസഭാ നിർദ്ദേശങ്ങൾ—10-ാം നിയോജക മണ്ഡലം-നെല്ലിക്കുറുശ്ശി

1 ചെയ്യേണ്ട വികസന പ്രവർത്തനങ്ങൾ

1 കുറുപ്പംപടി, പന്തലംപറ, തെക്കെപ്പാട്ട്, പൊതുവായ എന്നീ കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടുക.

2 കരിയക്കാട് ഭാഗത്തേക്ക് 200 Mts പൈപ്പ് ലൈൻ നീട്ടുക.

3 മുളഞ്ഞൂർ തോട്ടിൽ അത്തിക്കൽ ഓരത്ത് ബണ്ട് കെട്ടുക.

4 നെല്ലിക്കുറുശ്ശി പാടത്തേക്ക് ട്രാക്ടർ ഇറങ്ങുവാൻ ഒരു റാമ്പ് നിർമ്മാണം.

5 ചക്കാലകുണ്ട് റോഡ് പണി നടത്തി മുളഞ്ഞൂർ തോട്ടിൽ കോസ്വെ പണിയുക.

6 കിളയപ്പാട്ട്നിന്ന് കരിയക്കാട് ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

7 നിയോജക മണ്ഡലത്തിലെ എല്ലാ റോഡുകളും അറകുറപണികം നടത്തുക.

8 വാഴേക്കാവ്-വെൺമരംപാടം റോഡ് അഭിവൃദ്ധിപ്പെടുത്തൽ

9 നിയോജക മണ്ഡലത്തിലെ എല്ലാ ഭാഗത്തേക്കും പൈപ്പ് ലൈൻ നീട്ടുക.

2 മററു പൊതു നിർദ്ദേശങ്ങൾ

1 വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

2 നെല്ലികുറുശ്ശി ഭാഗത്ത് ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുവാൻ നടപടികം സ്വീകരിക്കുക.

3 G. S. B. സ്ക്കൂം ഒരു ഹൈസ്ക്കൂം ആയി ഉയർത്തുവാൻ വേണ്ട നടപടികം സ്വീകരിക്കുക, ഹെഡ് മാസ്റററെ നിയമിക്കുക.

4 കുറുപ്പംപടി, പന്തലംപറ, തെക്കെപ്പാട്ട്, പൊതുവായ എന്നീ കിണറുകം റിപ്പെയർ ചെയ്യുക.

5 മിനി ഇൻറസ്ട്രിയൽ എസ്റേറററ് സ്ഥാപിക്കുക.

6 കുണ്ടിൽപാടം, നമ്പൂതിരിപ്പാടം ട്രാക്ടർ പാസ് നിർമ്മാണം.

7 മുളഞ്ഞൂർ പാടത്തുനിന്ന് കുണ്ടിൽപാടത്തേക്കുള്ള നീർച്ചാൽ പുനർനിർമ്മിക്കണം.

8 പാടശേഖര സമിതികംക്ക് ട്രാക്ടർ മററ് കാർഷിക ഉപകരണങ്ങം നൽകുക.

9 കാർഷിക ഉൽപ്പന്നങ്ങം ശേഖരിക്കുവാൻ സൊസൈററികം സ്ഥാപിക്കണം.

10 ക്ഷീരോൽപ്പാദക സഹകരണ സംഘം രൂപീകരിക്കുക.

2 മറ്റു പൊതു നിർദ്ദേശങ്ങൾ

1 നിയോജക മണ്ഡലത്തിൽ ശുദ്ധജലം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

2 നിയോജകമണ്ഡലത്തിലെ എല്ലാ ഇടവഴികളും റിപ്പെയർ ചെയ്യുക.

3 അടിയംപാടം കോളനി വൈദ്യുതീകരണം, തെരുവുവിളക്കുകൾ സ്ഥാപിക്കുക, കുടിവെള്ള മെത്തിക്കുക, ടി. വി. സെറ്റ് സ്ഥാപിക്കുക.

4 മഹിളാസമാജം നമ്പർ 84 കെട്ടിടം റിപ്പെയർ ചെയ്യുക.

5 ചാത്തനാംകുണ്ട് കോളനി, നമ്പ്യാർതൊടി കോളനി എന്നിവക്ക് കുടിവെള്ളം, വൈദ്യുതീകരണം

6 തെക്കുമംഗലം കോളനി–കുഴൽകിണർ–മോട്ടോർ സ്ഥാപിക്കുക.

7 കോളനിവീടുകൾ വയറിങ്ങ് നടത്തിയതിന് വൈദ്യുത കണക്ഷൻ ലഭ്യമാക്കുക.

8 പുതിയ ഗ്രാമീണ വ്യവസായങ്ങൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുക

9 ദുർബ്ബല വിഭാഗക്കാരുടെ വീടുകൾ നിർമ്മാണം-കക്കൂസ് നിർമ്മാണം-സാമ്പത്തിക സഹായം അനുവദിക്കുക.

10 കേടുവന്ന കുഴൽകിണർ, പൈപ്പുകൾ റിപ്പെയർ

11 നിയോജകമണ്ഡലത്തിൽ ശുദ്ധജലം ലഭ്യമാക്കുക.

12 വായനശാലമുതൽ വോളി ഗാർഡൻവരെ തെരുവു വിളക്കുകൾ സ്ഥാപിക്കുക.

13 രാമകൃഷ്ണപ്പടി, മുഖാരി റൈസ്മിൽ–തെരുവു വിളക്കുകൾ സ്ഥാപിക്കുക.

14 പല്ലാർമംഗലം പാടത്തേക്ക് ട്രാക്ടർ കൊണ്ടുപോകുന്നതിന്ന് 692.0 നമ്പ് ബ്രിഡ്ജ് 559/5, 559/6 ഇടയിലുള്ള സ്ഥലത്ത് റയിൽവെ ക്രോസ് നിർമ്മിക്കുക.

15 പാടശേഖരം അടിസ്ഥാനത്തിൽ നെൽക്കളയും അഗ്രോ സർവ്വീസ് സെൻറും ഉണ്ടാക്കുക.

16 പഞ്ചായത്തുവക സ്ഥലങ്ങൾ കാർഷിക ആവശ്യങ്ങൾക്ക് നിയമാനുസൃതമായ പാട്ടത്തിന് വിട്ടു കൊടുക്കുക.

17 വാർഡിൽ കാർഷ കോൽപ്പന്നങ്ങൾ വാങ്ങി ശേഖരിക്കുന്നതിന് ഗോഡൗൺ നിർമ്മിക്കുക.

18 റോഡുകൾ, പഞ്ചായത്തുവക സ്ഥലങ്ങൾ, കൃഷിക്ക് ഉപയോഗമല്ലാത്ത സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.

19 അടിയം പാടത്തേക്ക് ട്രാക്ടർ പാസ് നിർമ്മിക്കുക.

ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത്

ഗ്രാമസഭാ നിർദ്ദേശങ്ങൾ—11-ാം നിയോജക മണ്ഡലം-മുളഞ്ഞൂർ

1 ചെയ്യേണ്ട വികസന പ്രവർത്തനങ്ങൾ

1 മുളഞ്ഞൂർ തോട്ടിൽ ഈങ്ങോറ, ചക്രായം ഭാഗത്ത് ലിഫ്ട് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക.
2 ഈങ്ങോറ, ചക്രായം ഭാഗത്തേക്ക് കുടിവെള്ളം എത്തിക്കുക.
3 ഈങ്ങോറ ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുക.
4 മുളഞ്ഞൂർ കോളനി വികസനം.
5 മുളഞ്ഞൂർ തോട്ടിൽ ബണ്ട് കെട്ടുക.
6 തെക്കുമുറി ഭാഗത്തേക്ക് ഒരു റോഡ് നിർമ്മിക്കുക.
7 മുളഞ്ഞൂർ-പുലാപ്പറശ്ശേരി റോഡ് ടാറിങ്ങ്
8 പൂന്തുരുത്തി റോഡ് റിപ്പെയർ.
9 ഈങ്ങോറ, വെട്ടുകാട്, ചക്രായം റോഡ് വികസനം.
10 മുളഞ്ഞൂർ തോട്ടിൽ നടപ്പാലം നിർമ്മിക്കുക.
11 നാലാംകുളങ്ങര-നെല്ലികുറുശ്ശി ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.
12 മുളഞ്ഞൂർ ആയുർവ്വേദ ആശുപത്രിവരെ പൈപ്പ് ലൈൻ നീട്ടുക.
13 മുളഞ്ഞൂർ തോട്ടിൽ കുളിക്കടവ് നിർമ്മാണം.
14 അയ്യപ്പൻകാവ്വഴി ഭഗവതി കടവിലേക്ക് റോഡ് നിർമ്മിക്കുക.
15 തെക്കുമുറി സെൻറിൽ വെയിറ്റിങ്ങ് ഷെഡ് നിർമ്മാണം.

2 മറ്റു നിർദ്ദേശങ്ങൾ

1 സ്ക്കൂൾ ഉച്ചഭക്ഷണത്തിന് സാമ്പത്തിക സഹായം നൽകുക.
2 മുളഞ്ഞൂരിൽ ഒരു വെറ്റിറിനറി സബ്ബ് സെൻറർ തുറക്കുക.
3 തെക്കുമുറി ഭാഗത്ത് തെരുവു വിളക്കുകൾ സ്ഥാപിക്കുക.
4 ഭഗവതിക്കടവു ചെക്ക് ഡാം നിർമ്മിക്കുക.
5 ശുദ്ധജല വിതരണം നിയോജക മണ്ഡലത്തിൽ മുഴുവൻ ഭാഗത്തേക്കും എത്തിക്കണം.
6 കോളനികളിൽ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുക, കക്കൂസ് നിർമ്മാണം, വെള്ളം, വെളിച്ചം
7 ഉപയോഗ ശൂന്യമായ വാട്ടർ ടാപ്പുകൾ മാറി സ്ഥാപിക്കുക.
8 മുളഞ്ഞൂരിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക. മുഴുവൻ ഭാഗത്തും തെരുവുവിളക്കുകൾ സ്ഥാപിക്കുക.
9 പട്ടാമ്പിച്ചിറ, മുളഞ്ഞൂർ, ചക്രായം കോളനികൾ—വീട് നിർമ്മാണം—റിപ്പെയർ-റോഡ്, വെള്ളം വൈദ്യുതി
10 ചക്രായം—വെള്ളികുളങ്ങര ബണ്ട് റിപ്പെയർ.
11 അയ്യപ്പൻകാവ് വഴി പൈപ്പ് ലൈൻ നീട്ടുക.
12 സ്ക്കൂൾ കുട്ടികൾക്ക് മെഡിക്കൽ പരിശോധന നടത്തുക.
13 കൃഷിക്കാരെ ഉദ്ധരിക്കുവാൻ നടപടികൾ സ്വീകരിക്കുക.

82

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
ഭരണം	5,34,449
പൊതുമരാമത്ത്	4,97,547
വിദ്യാഭ്യാസം	39,485
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	70,698
തെരുവുവിളക്കുകൾ കത്തിക്കുന്നത്	73,992
മറ്റുള്ളവ	2,65,063
ആകെ	14,81,234

ലക്കിടി–പേരൂർ ഗ്രാമ പഞ്ചായത്ത്

പൊതു സാമ്പത്തിക നില

	പൊതുകണക്ക്	മൂലധന കണക്ക്	കടം സംബന്ധിച്ച കണക്ക്
1	2	3	4
വരവ്	19,58,807 38	50,000	24,874 15
ചിലവ്	8,30,534 00	6,36,597	14,103 00

ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത്

1995-96ലെ വരവ്

1)	കെട്ടിട നികുതി	—	1,83,841	00
	തൊഴിൽ നികുതി	—	1,01,730	00
	വിനോദ നികുതി	—	16,327	00
	Addl നികുതി	—	9,829	00
	വിനോദ നികുതി	—	2,149	00
	S ചാർജ്ജ്	—	537	00
	ലൈസൻസ് ഫീ	—	11,296	00
	ഭൂമി കൈമാറ്റ നികുതി	—	1,60,485	00
	—do—	—	37,230	00
	മറ്റു വരവുകൾ	—	76,182	00
	Grant V R M	—	21,072	00
	MI—	—	1,486	00
	V T C	—	1,73,898	00
	J R Y	—	3,80,300	00
	Untied fund	—	1,95,000	00
	S E P	—	1,60,500	00
	ലൈബ്രറി സെസ്സ്	—	12,948	00
	ഡെപ്പോസിറ്റ്	—	14,721	00
	മറ്റുവരവ്	—	4	00
		—	15,59,535	00
	മുൻബാക്കി	—	3,09,901	00
		—	18,59,436	00

2) മുൻവർഷത്തെക്കാൾ കൂടുതലാണ് വരവ്

3)	കെട്ടിട നികുതി	15%	അൺടൈസ്ഡ് ഫണ്ട്	2%
	തൊഴിൽ നികുതി	13%	ജവഹർ തൊഴിൽദാനപദ്ധതി	5%
	ലൈസൻസ് ഫീസ്	9%	പ്രൊഡ് E S T	ഉണ്ട്.
	വസ്തുകൈമാറ്റ നികുതി	3%		കൂടുതൽ
	ലൈബ്രറി സെസ്സ്	3.5%		

4) സാദ്ധ്യതയുണ്ട്

സർവ്വീസ് ചാർജ്ജ്, സർച്ചാർജ്ജ്, പുതിയ ലൈസൻസ് മുഖാന്തിരം മുതലായവ വഴി

ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത്

കർഷകതൊഴിലാളി പെൻഷൻ വാങ്ങുന്നവരുടെ കണക്ക്

ലക്കിടി-പേരൂർ	വില്ലേജ് 1	— 143 പേർ
ലക്കിടി-പേരൂർ	വില്ലേജ് 2	— 274 പേർ

തൊഴിലില്ലായ്മ വേതനം വാങ്ങുന്നവർ

ലക്കിടി-പേരൂർ	വില്ലേജ് 1	— 18 പേർ
ലക്കിടി-പേരൂർ	വില്ലേജ് 2	— 24 പേർ

ലക്കിടി-പേരൂർ ഭൂമി സംബന്ധിച്ച വിവരം

ലക്കിടി-പേരൂർ	വില്ലേജ് 1	— 4227 ഏക്കർ
ലക്കിടി-പേരൂർ	വില്ലേജ് 2	— 4364.39 ഏക്കർ
പുറമ്പോക്ക് ഭൂമി		— 202.57 ഏക്കർ

ലക്കിടി–പേരൂർ ഗ്രാമ പഞ്ചായത്ത്

ഭരണം സംബന്ധിച്ച വിവരങ്ങൾ

1	പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ	ലക്കിടി പേരൂർ–I, ലക്കിടി പേരൂർ–II
2	വിസ്തീർണ്ണം S Q. K. M. ജനസംഖ്യ	30.79 SQ. K. M. 26571
3	വാർഡുകൾ ആകെ സംവരണ വാർഡുകൾ (a) വനിതാ (b) പട്ടികജാതി	11 7, 3 4 2
4	പഞ്ചായത്ത് രാജ് നിയമപ്രകാരം രൂപീകരിക്കപ്പെട്ട സമിതികൾ	പഞ്ചായത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റിയും, വിവിധ സബ്ബ് കമ്മിറ്റികളും.
5	ആഫീസ് കെട്ടിടം സംബന്ധിച്ച്	സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.
6	ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ	ആകെ 11 സെക്രട്ടറി — 1 J. S. — 1 U. D C. — 3 L. D C. — 2 J B C. — 1 മറ്റുള്ളവർ — 3
7	ഭരണചിലവ്	4,39,083
	വരുമാനത്തിന്റെ 79.55% ചിലവാണ്	

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ

	ആശുപത്രികൾ — സർക്കാർ
1	നാണുനായർ മെമ്മോറിയൽ പ്രൈമറി ഹെൽത്ത് സെൻറർ, ലക്കിടി കൂട്ടുപാത
2	കേളപ്പജി മെമ്മോറിയൽ ഹെൽത്ത് സെൻറർ, അത്തിക്കോട് ഗാന്ധി സേവാസദനം
3	ഗവ: ആയുർവ്വേദ ഡിസ്പെൻസറി, മുളഞ്ഞൂർ
4	ഗവ: ഹോമിയോ ഡിസ്പെൻസറി, പഞ്ചായത്ത് കോമ്പൗണ്ട് മംഗലം

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

1	ചലനശേഷിയില്ലാത്തവർ	—	217 പേർ
2	കാഴ്ചയില്ലാത്തവർ	—	62 ,,
3	കേൾവി ഇല്ലാത്തവർ	—	65 ,,
4	മന്ദബുദ്ധികൾ	—	119 ,,
5	മാറിനത്തിൽ പ്പെടുന്നവർ	—	24 ,,
	ആകെ	—	487 ,,

ലക്കിടി–പേരൂർ ഗ്രാമ പഞ്ചായത്ത്

തെരുവുവിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

വേപ്പർ ലാമ്പ്	ഫ്ലൂ ട്യൂബ്	ബൾബ്	ആകെ
10	28	369	407
കറൻറ് ചിലവ്	—	73992 രൂപ	(13.4%)

ലക്കിടി–പേരൂർ ഗ്രാമ പഞ്ചായത്ത്

അംഗൻ വാടികളുടെ വിവരം

1	ഈങ്ങോറ	— സെ.	63
2	മുളഞ്ഞൂർ	— ,,	64
3	പന്തലംപറന	— ,,	65
4	നെല്ലിക്കുറുശ്ശി	— ,,	66
5	മംഗലം	— ,,	67
6	തെക്കും ചെറോട്	— ,,	68
7	അതിർക്കാട്	— ,,	69
8	പൂക്കാട്ടുകുന്ന്	— ,,	70
9	പേരൂർ	— ,,	71
10	കുനംചുരംപറമ്പ്	— ,,	72
11	അകലൂർ തെക്കുംമുറി	— ,,	73
12	കായൽപള്ള	— ,,	74
13	ഉണ്ണ്യുപടി	— ,,	75
14	പഴയലക്കിടി	— ,,	76
15	കതിർപറമ്പ്	— ,,	77
16	പഴുക്കാട്ടുപറമ്പ്	— ,,	78
17	മുന്നുണ്ണിപറമ്പ്	— ,,	79
18	കിള്ളികുറുശ്ശിമംഗലം	— ,,	80
19	തെക്കുംമംഗലം	— ,,	81
20	ചാത്തനാംകുണ്ട്	— ,,	82
21	കെ. എം. എസ്. ബി. സ്കൂൾ	— ,,	83
22	ലക്കിടി	— ,,	84

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	2834 ഹെക്ടർ
പുറമ്പോക്ക്	10 ,,
കൃഷിയോഗ്യ തരിശ്	42 ,,
കൃഷിയോഗ്യമല്ലാത്ത തരിശ്	39 ,,

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

വിള വിസ്തീർണ്ണം

	വിള	വിസ്തീർണ്ണം
1	നെല്ല് (ഒന്നാംവിള)	868 ഹെക്ടർ
2	നെല്ല് (രണ്ടാം വിള)	850 ,,
3	നെല്ല് (മൂന്നാം വിള)	80 ,,
4	പയർ	10 ,,
5	എള്ള്	3 ,,
6	പച്ചക്കറികൃഷി	39 ,,
7	തെങ്ങ്	268 ,,
8	വാഴ	32 ,,
9	മരച്ചീനി	22 ,,
10	കുരുമുളക്	4 ,,
11	കശുമാവ്	15 ,,
12	റബ്ബർ	51 ,,
13	കവുങ്ങ്	4 ,,

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

കൈവശഭൂമി വിസ്തീർണ്ണം

നാമമാത്ര കർഷകർ	ചെറുകിട കർഷകർ	ഇടത്തരം കർഷകർ
1 ഹെക്ടറിനുതാഴെ	1 to 3 ഹെക്ടർ	3 ഹെക്ടറിനു മുകളിൽ
1938	624	95

ലക്കിടി–പേരൂർ ഗ്രാമ പഞ്ചായത്ത്

സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	വകവിവരം	സ്ഥലം	വിസ്തീർണ്ണം
1	ആലത്തൊഴുത്ത്	പേരൂർ	2 സെൻറ്
2	പമ്പ് ഹൗസ്	പേരൂർ	4 സെൻറ്
3	പഞ്ചായത്ത് ഓഫീസ്	മംഗലം	50 ,,
4	ലക്കിടി-ആലത്തൊഴുത്ത്	ലക്കിടി	9 ,,
5	കളിസ്ഥലം	പഴയലക്കിടി	1 ഏക്ര
6	വായനശാല	നെല്ലികുറുശ്ശി	13 സെൻറ്
7	സത്രംകുളം പമ്പ്ഹൗസ്	മംഗലം	3 സെൻറ്
8	ലൈബ്രറി	ലക്കിടി	10 ,,

സ്ഥാവര സ്വത്തുക്കളും — 8 സ്ഥാപനങ്ങളും

ആകെ മതിപ്പുവില — 55318.60 രൂപ

ലക്കിടി–പേരൂർ ഗ്രാമ പഞ്ചായത്ത്

റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

റോഡിന്റെ സ്വഭാവം/നീളം

മെറ്റൽ	കച്ച	ടാർ ചെയ്തത് പഞ്ചായത്ത്	P W D	N. H.	ആകെ
5 കി.മീ.	84.046 കി.മീ.	11 കി.മീ.	14 കി.മീ.	ഇല്ല	100.046 കി. മീ.

ലക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്

വായനശാലകൾ സംബന്ധിച്ച വിവരങ്ങൾ

1. കുഞ്ചൻ സ്മാരക വായനശാല
2. സർവ്വോദയ സംഘം, പേരൂർ
3. താക്കർ ബാപ്പ, മുളഞ്ഞൂർ
4. മഹിളാസമാജം, പേരൂർ
5. പഞ്ചായത്ത് വായനശാല, നെല്ലികുറുശ്ശി
6. മുളഞ്ഞൂർ സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബ് വായനശാല



അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം.
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം

